No. 210

FEBRUARY 2008

# KERALA PRIVATE COLLEGE TEACHER

*a monthly journal of the all kerala private college teachers' association*



FIFTY YEARS OF STRUGGLE & SERVICE
50
AKPCTA
GOLDEN JUBILEE

## വനിതാസ്പെഷ്യൽ

KERALA PRIVATE
COLLEGE TEACHER

MONTHLY
JOURNAL OF
THE AKPCTA

No. 210 FEBRUARY 2008

EDITORIAL BOARD

Chief Editor
Dr. S. JAYARAJ KUMAR

Managing Editor
Dr. V. JAYAKUMAR

Assistant Editor
Dr. G. S. SURESH

Members

A. P. Kuttykrishnan
R. Mohanakumar
Thomas Joseph
P. Reghunath
T.A. Ushakumari
Dr. K. K. Balachandran Nair
M.S.Vasanthakumar
Dr. Mathew J. Muttath
N. Rajan
Soman Nadar
Dr. K. S. Pavithran
J. Raju
Dr. K. L. Vivekanandan
P. Sivadasan
A.G. Olina
T. Pavithran
Dr. S. Pradeep kumar

AKPCTA State Committee Office
Mathrubhoomi Road, Vanchiyoor
Thiruvananthapuram-35
Phone: 0471- 2463494
Fax: 0471-2468984
e-mail:akpcta@sancharnet.in
www.akpcta.org

inside




# 210

Minority status for Aided Colleges
Thomas Joseph

●

Globalization and its impact in India
Dr. N. Manimekalai

●

നിശ്ശബ്ദത ഏറെ നീണ്ടു നില്ക്കുന്നില്ല
ആർ. പാർവ്വതിദേവി

●

അദ്ധ്യാപക സംഘടനയിലെ സ്ത്രീ പ്രാതി
ഡോ. ആർ. വി. രാജലക്ഷ്മി

●

നാടുവാഴിത്തം നാടുനീങ്ങുമ്പോൾ
സുജ സൂസൻ ജോർജ്

●

Role of Kudumbashree
in poverty alleviation
Dr. Vasanthakumari

●

A New statement (Poem)
V.R. Geetha

●

ഓർമ്മത്തോററം (കവിത)
ടി. ഗിരിജ

●

തസ്ലീമയുടെ സ്നേഹദൂത്
എം. എസ്. വസന്തകുമാർ

●

കേരളീയ സമൂഹം
ചാനൽ സംസ്കാരത്തിൻെറ ഇരകൾ
ഡോ. എസ്. സതീശ്ചന്ദ്രൻ

●

കോളജ് ടീച്ചർ ഒരു ചരിത്രാന്വേഷണം
ഡോ. പി. ശിവദാസൻ

- Economic Focus
- റിപ്പോർട്ടുകൾ
- സർവ്വീസ് പംക്തി
- പുസ്തകലോകം
- ശാസ്ത്രജാലകം
- ജില്ലാവാർത്തകൾ
- നിവേദനങ്ങൾ
- സർക്കാർ ഉത്തരവുകൾ
- Judgment

# 50-ാം സംസ്ഥാന സമ്മേളനം

## 50 വർഷം പിന്നോട്ടും 50 വർഷം മുന്നോട്ടും ചിന്തിക്കാനുള്ള വേദി

എ കെ പി സി ടി എ യുടെ ഒരു വർഷം നീണ്ട സുവർണ്ണജൂബിലി ആഘോഷങ്ങൾക്ക് മാർച്ച് 14, 15, 16 തീയതികളിൽ തിരുവനന്തപുരം വി. ജെ. ടി. ഹാളിൽ വച്ചു നടത്തുന്ന 50-ാം സംസ്ഥാന സമ്മേളനത്തോടെ തിരശ്ശീല വീഴുകയാണ്. കഴിഞ്ഞ 50 വർഷങ്ങളിലെ ഓർമ്മകൾ അയവിറക്കാനും അടുത്ത 50 വർഷങ്ങളിലേയ്ക്കുള്ള സ്വപ്നങ്ങൾ നെയ്തെടുക്കാനും സമ്മേളനം കളമൊരുക്കേണ്ടതുണ്ട്.

പിന്തിരിഞ്ഞുനോക്കുമ്പോൾ ആഘോഷിക്കാൻ ഏറെയുണ്ട്. നേട്ടങ്ങളുടെ നീണ്ട പട്ടിക തന്നെ എ കെ പി സി ടി എ യ്ക്കു നിരത്തിവക്കാം. പ്രൈവററു കോളജദ്ധ്യാപകന്റെ ആത്മാഭിമാനം സംരക്ഷിച്ച സംഘടന. സേവന സ്ഥിരത, വേതനഭദ്രത, യു. ജി. സി. സ്കെയിൽ, സ്ഥലം മാററത്തിനുള്ള മാനദണ്ഡങ്ങൾ, വ്യവസ്ഥാപിത നിയമനങ്ങൾ പ്രൊമോഷനുകൾ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവയിൽ തുടങ്ങി ഒട്ടേറെ ചെറുതും വലുതുമായ അവകാശങ്ങൾ പ്രൈവററ് കോളജദ്ധ്യാപകർക്ക് നേടിക്കൊടുത്ത സംഘടന. ആൾ ബലത്തിലും വലിയ സംഘബലമുള്ള സംഘടന. സംഘബലത്തിലും വലിയ സാമൂഹ്യ - സാംസ്കാരിക - രാഷ്ട്രീയ സ്വാധീനമുള്ള അദ്ധ്യാപക പ്രസ്ഥാനം. സർവീസ് രംഗത്തും അക്കാദമിക രംഗത്തും പൊതുരംഗത്തും ഒരുപോലെ നിറഞ്ഞുനിന്നു പ്രവർത്തിക്കാൻ കരുത്തുനേടിയ പ്രസ്ഥാനം. സാമൂഹ്യനീതിയും ഗുണമേന്മയും പരസ്പരപൂരകമായി ഉൾചേർത്ത വിദ്യാഭ്യാസനയരേഖയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സംഘടന. ഇതാണ് കഴിഞ്ഞ 50 വർഷങ്ങളുടെ ചരിത്രം.

എന്നാൽ വർത്തമാനകാലത്തിന്റെ ചൂണ്ടുപലകകൾ ശ്രദ്ധിക്കുക. 1958 ലെ പ്രൈവററ് കോളജദ്ധ്യാപകന്റെ യാതനകൾ അതേ അളവിലും തൂക്കത്തിലും അനുഭവിച്ചുകൊണ്ടിരിക്കുന്ന അൺ എയിഡഡ് മേഖലയിലെ കോളജദ്ധ്യാപകർ. 58 ലേതിനു സമാനമായ രാഷ്ട്രീയ സാഹചര്യം നിലനിൽക്കുമ്പോഴും അവർക്കു സ്വയംസംഘടിക്കാനോ അവരെ സംഘടിപ്പിക്കാനോ കഴിയാത്ത അവസ്ഥ. ആർട്സ് ആന്റ് സയൻസ് കോളജുകളുടെ അകത്തളങ്ങളിൽ സംവാദാത്മകമായ അന്തരീക്ഷം അന്യംനിന്നുകൊണ്ടിരിക്കുന്ന അവസ്ഥ. കഴിഞ്ഞ പത്തു വർഷമായി അദ്ധ്യാപക നിയമനങ്ങൾ നടക്കാത്ത സാഹചര്യത്തിൽ മരവിച്ചു നിൽക്കുന്ന സ്ററാഫ്റൂമുകൾ. പ്രൊഫഷണൽ മേഖലയിൽ നിന്നും പിന്തള്ളപ്പെടുന്ന വിദ്യാർത്ഥികളുടെ അവസാന അഭയകേന്ദ്രമായി തരംതാഴ്ത്തപ്പെട്ടുകൊണ്ടിരിക്കുന്ന ക്ളാസുമുറികൾ. കാലാനുസൃതമായ മാററങ്ങൾ ഉൾക്കൊള്ളാൻ കഴിയാതെ മുരടിപ്പുബാധിച്ച പാഠ്യപദ്ധതി. പൊതുസമൂഹത്തിന്റെ കണ്ണുവെട്ടിച്ച് കലാലയങ്ങളിലെ പൊതു ആസ്ഥികൾ സ്വകാര്യവൽക്കരിക്കാൻ തന്ത്രങ്ങൾ മെനയുന്ന മാനേജുമെന്റുകൾ. ഇത്തരമൊരു പരിതാപാവസ്ഥക്കെതിരെ കാര്യങ്ങൾ നീക്കാൻ കഴിയാതെ പെടാപ്പാടുപ്പെടുന്ന സംഘടന.

2008 ന്റെ പ്രശ്നങ്ങൾ നേരിടാൻ 1958 ന്റെ ആവേശവും 2058 നെക്കുറിച്ചുള്ള ദീർഘവീക്ഷണവും അതിന്റെ അടിസ്ഥാനത്തിലുള്ള കർമ്മപദ്ധതിയും അനിവാര്യമാണ്. ഇതിനുസഹായകമായ ബൗദ്ധികസംവാദങ്ങൾക്കും ഒത്തുചേരലുകൾക്കും വേദിയാകട്ടെ അമ്പതാം സംസ്ഥാന സമ്മേളനം.

# ഡിഗ്രി കോഴ്സുകളുടെ പുനഃസംഘാടനം

കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഡിഗ്രികോഴ്സുകളുടെ പുനഃസംഘാടനത്തിനുവേണ്ടി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആരംഭിച്ച ശ്രമങ്ങളെ എ.കെ.പി.സി.ടി.എ സ്വാഗതം ചെയ്യുന്നു.

നിലവിലുള്ള കോഴ്സുകളും അതിന്റെ സംഘാടനവും പഠനരീതിയും മൂല്യനിർണ്ണയപ്രക്രിയയും ശാസ്ത്രീയമായ വിധത്തിൽ പരിഷ്കരിക്കണമെന്ന ആവശ്യം ഏറ്റവും ആദ്യമായി ഉന്നയിച്ചത് നമ്മുടെ സംഘടനതന്നെയാണ്. അവധാനമായ പഠനത്തിലൂടെ തയ്യാറാക്കി പ്രസിദ്ധീകരിച്ച നയരേഖയുടെ വെളിച്ചത്തിൽ ഇത്തരമൊരു പരിഷ്കരണത്തിന് വിവിധ സർവകലാശാലകളിൽ തുടക്കമിട്ടത് എ.കെ.പി.സി.ടി.എ. ആണെന്നത് ഓരോ സംഘടനാംഗത്തിനും അഭിമാനിക്കാൻ വക നൽകുന്നതാണ്. 96-ൽ ആരംഭിച്ച ഈ പ്രക്രിയയാണ് കേരളത്തിലെ വിവിധ സർവകലാശാലകളിൽ ഇന്നു നടന്നുവരുന്ന മോഡൽ - 2 കോഴ്സുകൾക്കും റീസ്ട്രക്ചേർഡ് കോഴ്സുകൾക്കും ജന്മം നൽകിയത്. സർവകലാശാലകളിൽ ഇവ നടപ്പാക്കാൻ നേതൃത്വം നൽകിയത് നമ്മുടെ സംഘടനാപ്രതിനിധികളാണ്. ബിരുദാനന്തര തലവും പരിഷ്കരിക്കാൻ നേതൃത്വം നൽകിയത് എ.കെ.പി.സി.ടി.എ ആണ്.

ഉന്നത വിദ്യാഭ്യാസരംഗത്തുവരുത്തുന്ന പരിഷ്കാരങ്ങൾ ശാസ്ത്രീയമാകണം. കുറ്റമറ്റതാകണം. സർവോപരി പരിഷ്കാരങ്ങളുടെ ഫലമായി കോളജദ്ധ്യാപകരുടെ സേവനവ്യവസ്ഥകൾ അട്ടിമറിക്കപ്പെടാതിരിക്കുകയും വേണം. ഉന്നത വിദ്യാഭ്യാസരംഗത്തെ വർത്തമാനകാല അവസ്ഥാവിശേഷങ്ങൾ സമഗ്രമായി പഠിക്കണം. ദൗർബല്യങ്ങളും പോരായ്മകളും വസ്തുനിഷ്ഠമായി വിശകലനം ചെയ്തുകൊണ്ട് അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കണം. സാമൂഹ്യനീതിയും ഗുണമേന്മയും ഉറപ്പുവരുത്തുന്നതിനുതകുന്ന തരത്തിൽ പരിഷ്കരണം ഭാവനസമ്പന്നമാകണം.

ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപപ്പെടുത്തിയ പരിഷ്കാര സംബന്ധിയായ കരടുരേഖയിൽ ഘടനാപരമായ മാറ്റങ്ങൾ വിശിഷ്യാ സെമസ്റ്റർ സമ്പ്രദായം, ക്രെഡിറ്റ്-ആന്റ്-സെമസ്റ്റർ രീതി, പരീക്ഷാപരിഷ്കരണം, ക്ലസ്റ്റർ കോളജുകളുടെ രൂപീകരണം തുടങ്ങി ഒട്ടേറെ കാര്യങ്ങൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. സംഘടനയുടെ പ്രതികരണവും ചില വിഷയങ്ങളിലെ ഖണ്ഡിതമായ നിലപാടും കൗൺസിലിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. നിലവിലുള്ള വാർഷികസമ്പ്രദായം മാറ്റി സെമസ്റ്റർ സമ്പ്രദായത്തിൽ കോഴ്സുകൾ പുനഃക്രമീകരിക്കുന്നതിനോട് സംഘടനയ്ക്ക് യോജിപ്പാണുള്ളത്. ഒരു വർഷത്തെ പഠനമേഖലയെ രണ്ട് അർദ്ധവർഷങ്ങളായി തിരിക്കുക എന്ന കേവലമാറ്റമല്ല സെമസ്റ്റ[illegible]റിന്റെ സ്വാംശീകരണപ്രക്രിയയിൽ ഉൾക്കൊ[illegible]ണം. അനുമാനം എന്നീ മൂന്നു ഘടകങ്ങൾ [illegible]യങ്ങളും അനുബന്ധശാലകളും വി[illegible] കഴിക്കാനും വിശകലനം ചെയ്യാനും [illegible] കണ്ടെത്താനുമുള്ള നൈപുണി വിദ്യാർത്ഥികളി[illegible]ക്കാനുതകുന്ന വിധത്തിൽ പഠന പ്രക്രി[illegible]പ്പിക്കണം. അതുകൊണ്ടുതന്നെ തുടർമൂല്യ[illegible]ക്രിയ പഠന പ്രക്രിയയുടെ ഭാഗമാക്കണം. ഇ[illegible] കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കേരള[illegible]ദാനന്തര കോഴ്സുകൾ പുനഃസംഘടിപ്പിച്ചു[illegible] ആരംഭിച്ച പരിഷ്കാരത്തിന്റെ ആദ്യ വർഷങ്ങളി[illegible]വനം ചെയ്ത രീതിയിൽത്തന്നെ ഈ പ്രക്രിയ[illegible]മായി മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞില്ല[illegible] കലാശാലകൾ മേൽനോട്ടം വഹിക്കുന്നതി[illegible] അലംഭാവവും കലാശാലകൾക്കകത്തെ [illegible] ശുഷ്കാന്തിയും കാലക്രമത്തിൽ ദൗർബല്യങ്ങൾ[illegible]യൊരുക്കി. ഇത് പരിഷ്കരണത്തിലെ അപാകതകൾ[illegible] സംഭവിച്ചതല്ല. പ്രസ്തുത, നടത്തിപ്പിലെ [illegible] മൂലം വന്നുഭവിച്ചതാണ്.

### ക്രെഡിറ്റ്-ആന്റ്-സെമസ്റ്റർ സമ്പ്രദായം

ഒരു വിദ്യാർത്ഥിക്ക് താൻ പഠിക്കുന്ന പ്രധാന വിഷയ[illegible] ശാക്തീകരിക്കാൻ ഇഷ്ടമുള്ളൊരനുബന്ധവിഷയ[illegible] തെരഞ്ഞെടുക്കാൻ നൽകുന്ന സ്വാതന്ത്ര്യമാണ് ഇ[illegible] ഉള്ളടക്കം. ഉദാത്തമായൊരു സങ്കല്പമാണിത്. [illegible]ലെണ്ണാവുന്ന വിദ്യാർത്ഥികളടങ്ങുന്ന സർവകലാശാല ഡിപ്പാർട്ടുമെന്റുകളിൽ പരീക്ഷിച്ചു വിജയിപ്പിക്കാ[illegible]യുന്നതുമാണ്. എന്നാൽ സർവകലാശാലാ പഠനവകുപ്പു[illegible]കളിൽനിന്ന് ഒട്ടേറെ വൈജാത്യവും വൈവിധ്യവും [illegible] നിൽക്കുന്ന അഫിലിയേറ്റഡ് കോളജുകളിൽ ഈ [illegible] സങ്കീർണ്ണതകൾ സൃഷ്ടിക്കും. അതുകൊണ്ടുതന്നെ [illegible]ഷ്കരണത്തിന്റെ ആദ്യപാദങ്ങളിൽ ഈ പരീക്ഷണ[illegible]ക്ഷിക്കുന്നതാണുത്തമം.

### മൂല്യനിർണ്ണയത്തിലെ ഗ്രേഡിംഗ് സമ്പ്രദായം

വിദ്യാർത്ഥിക്കുലഭിക്കുന്ന മൊത്തം മാർക്ക് [illegible]പനത്തോടൊപ്പം ഉൾപ്പെടുത്തുന്ന രീതിയാണ് ഇന്ന്[illegible]വിലുള്ളത്. മാർക്കുകൾ ഫലപ്രഖ്യാപനത്തിൽ ഉൾപ്പെടു[illegible]ത്താതെ പകരം ഇംഗ്ലീഷ് അക്ഷരം ഉപയോഗിച്ച്[illegible] പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്ന രീതിയാണ് ഗ്രേ[illegible] എന്നതുകൊണ്ടർത്ഥമാക്കുന്നത്. ഗ്രേഡിംഗ് രീതി [illegible] സമ്പ്രദായത്തിലും ട്രൈമെസ്റ്റർ സമ്പ്രദായത്തിലും വാർഷിക സമ്പ്രദായത്തിലും അവലംബിക്കാൻ [illegible]തികമായ ബുദ്ധിമുട്ടുകളൊന്നുമില്ല. പക്ഷേ ഗ്രേഡിംഗ് എന്നത് പഠനപ്രക്രിയയിലെ മാറ്റമാണെന്ന് [illegible]

...ക്കുന്ന പലതുമുണ്ട്. പഠനരീതിയിൽ അടിസ്ഥാന പര
...മാറ്റം വരുത്തി വിദ്യാർത്ഥിയുടെ നിരീക്ഷണ-വിശ
...നശേഷി അളക്കാൻ കഴിയുന്നതും കരിക്കുലബാഹ്യ
...വിഷയങ്ങളിലും സാമൂഹ്യസേവനരംഗങ്ങളിലും ഇട
...പെടാൻ പ്രേരിപ്പിക്കുന്നതും, സർഗ്ഗശേഷി വികസിപ്പിക്കാൻ
...കഴിയുന്ന മേഖലകളിൽ പ്രവർത്തിക്കാൻ സൗകര്യമൊ
...രുക്കുന്നതും അതിലൂടെ വിദ്യാർത്ഥിയുടെ സമഗ്രമായ
...വ്യക്തിവികാസം സാദ്ധ്യമാക്കുന്നതുമായ രീതി അവലം
...ബിക്കണം. ഈ ഘടകങ്ങളെല്ലാം മൂല്യനിർണ്ണയ പ്രക്രി
...യയുടെ അവിഭാജ്യഭാഗമാകും. ഇങ്ങനെ നടത്തുന്ന മൂല്യ
...നിർണ്ണയം മാർക്കിന്റെയടിസ്ഥാനത്തിലും ഗ്രേഡിംഗ് രീതി
...യിലും നടത്താൻ കഴിയും. ഇവിടെ മാർക്ക് പ്രസിദ്ധീക
...രിക്കാതെ ഗ്രേഡിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥിയെ
...വിലയിരുത്തിരിക്കുന്നതുകൊണ്ട് അധികനേട്ടമൊന്നും ഉണ്ടാ
...കാൻ തരമില്ല. കോട്ടങ്ങൾക്കു കാരണവുമാകാം.

വിവിധ ഡിഗ്രികോഴ്സുകളിൽ വിജയിച്ച് ബിരുദാന
...ന്തര കോഴ്സുകൾക്ക് ചേരാൻ അപേക്ഷ നൽകുന്ന
...വിദ്യാർത്ഥികളുടെ എണ്ണത്തേക്കാളും വളരെക്കുറച്ചു
...സീറ്റുകൾ മാത്രമാണ് ബിരുദാനന്ത
...ര കോഴ്സുകൾക്കുള്ളത്. നിലവി
...ലുള്ള വ്യവസ്ഥയിൽ, പ്രവേശന
...ലിസ്റ്റു ത യ്യാ റാ ക്കു മ്പോ ഴു ള്ള
...മാർക്കിന്റെ നിജസ്ഥിതി പരി
...ശോധിച്ചുറപ്പുവരുത്താൻ വിദ്യാർത്ഥി
...ക്കു കഴിയും. ഗ്രേഡിംഗ് രീതി
...യിലെ പരീക്ഷാഫലസമ്പ്രദായ
...ത്തിന്റെയടിസ്ഥാനത്തിൽ തയ്യാറാ
...ക്കുന്ന പ്രവേശനലിസ്റ്റിൽ അപാകത
...യുണ്ടോയെന്നു പരിശോധിക്കുവാ
...നുള്ള സാദ്ധ്യത ഇതോടൊപ്പം ഇല്ലാ
...താകും. പി.ജി. പ്രവേശനത്തിൽ
...വിച്ച അഴിമതിക്ക് വഴിവയ്ക്കു
...കയും ചെയ്യും. അതുകൊണ്ട്
...മുൻവിവരിച്ച സമഗ്രപഠനസമ്പ്രദായ
...ത്തിലൂടെ നടത്തുന്ന മൂല്യനിർണ്ണയം
...ഗ്രേഡുകളായി തിരിക്കാതെ മാർക്കു
...നൽകി പ്രസിദ്ധീകരിക്കുന്ന രീതി
...യാണ് അഭികാമ്യം.



## ...ക്ലസ്റ്റർ രൂപീകരണം

ക്ലസ്റ്റർ കോളജുകൾ എന്ന ആശയം കേരളത്തിലെ
...ഉന്നത വിദ്യാഭ്യാസമേഖലയിൽ ആദ്യമായി ഉയർത്തു
...കയും പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുകയും
...ചെയ്തത് എ.കെ.പി.സി.ടി.എയാണ്. ക്ലസ്റ്റർകോളജുകൾ
...എന്ന പദപ്രയോഗം യു.ജി.സി. നടത്തിയിട്ടുണ്ടെങ്കിലും
...അതിന്റെ രൂപഘടനയെക്കുറിച്ചും പ്രവർത്തനരീതിയെക്കു
...റിച്ചും യാതൊന്നും തന്നെ പറഞ്ഞിരുന്നില്ല.

2007-ലെ സംസ്ഥാന ബഡ്ജറ്റ് രൂപപ്പെടുത്തുന്നതി
...നു മുന്നോടിയായി ബഹു. ധനകാര്യമന്ത്രി വിളിച്ചു ചേർത്ത
...യോഗത്തിൽ എ.കെ.പി.സി.റ്റി.എ ക്ലസ്റ്റർ സംവിധാന
...ത്തിന് വേണ്ടി ബഡ്ജറ്റിൽ തുകമാറ്റിവയ്ക്കണമെന്ന്
...ശുപാർശ നൽകിയിരുന്നു. ക്ലസ്റ്റർ സംവിധാനത്തെക്കുറി
...ച്ചുള്ള ആശയ രൂപീകരണത്തിനു ശില്പശാലകളും
...സംവാദങ്ങളും സംഘടിപ്പിക്കാനും അങ്ങനെ രൂപപ്പെടുന്ന
...ആശയങ്ങൾ പ്രായോഗികപഥത്തിലെത്തിക്കാൻ അദ്ധ്യാ
...പകരുൾപ്പെടെ ഈ മേഖലയിലുള്ള ബന്ധപ്പെട്ടവരെ
യെല്ലാം സജ്ജരാക്കാനും പ്രസ്തുത തുക ഉപയോഗപ്പെ
ടുത്താൻ കഴിയണമെന്നതായിരുന്നു സംഘടനയുടെ
കാഴ്ചപ്പാട്.

ക്ലസ്റ്റർസംവിധാനം ഭരണപരമായ അയവില്ലാത്ത ചട്ട
ക്കൂടിൽ ഒതുക്കുന്ന പ്രക്രിയയല്ല, മറിച്ച് അറിവിന്റെയും,
അറിവുല്പാദന സൗകര്യങ്ങളുടെയും അക്കാദമികമായ
പങ്കുവെയ്ക്കലാകണം. ഏതെങ്കിലും ഒരു കോളജിന്റെ
നേതൃത്വത്തിൽ, ഭൂമിശാസ്ത്രപരമായി അടുത്തുകിടക്കുന്ന
കോളജുകളുടെ ഭരണപരമായ കൂട്ടായ്മയായ ക്ലസ്റ്റർകോ
ളജുകളും, നോഡൽ കോളജും എന്ന സംവിധാനം ഈ
ലക്ഷ്യത്തിലെത്താൻ ഉതകില്ല. പകരം ഇത്തരത്തിലുള്ള
വിവിധകോളജുകളിലെ ഒരേ പഠനവകുപ്പിന്റെ കൂട്ടായ്മ
യായ 'ഡിപ്പാർട്ടുമെന്റ് ക്ലസ്റ്ററു'കളാണ് നടപ്പാക്കേണ്ടതെ
ന്നാണ് സംഘടനയുടെ ഖണ്ഡിതമായ നിലപാട്. ഒരു
ജില്ലയെ ഒരു യൂണിറ്റായി പരിഗണിച്ചുകൊണ്ട് അവിടെ
യുള്ള കോളജുകളിലെ ഓരോ പഠനവകുപ്പിനെയും പ്രത്യേ
കമായ ഒരു ക്ലസ്റ്റർ ആക്കാം. പ്രവർത്തനക്ഷമത കണ
ക്കാക്കി ഒരു ജില്ലയിൽ ഒന്നിൽക്കൂടുതൽ ഇത്തരം യൂണി
റ്റുകളുമാകാം. പരീക്ഷകളുടെ ആധിക്യം മൂലം സർവക
ലാശാലകൾ അനുഭവിക്കുന്ന ബുദ്ധിമുട്ട്, സെമസ്റ്റർസമ്പ്ര
ദായത്തിൽ പരീക്ഷകളുടെ എണ്ണം കൂടുന്നതുകൊണ്ട്
വീണ്ടും വർദ്ധിക്കും. ഒന്നിടവിട്ടസെമസ്റ്ററുകളുടെ പരീക്ഷ
ഡിപ്പാർട്ടുമെന്റു ക്ലസ്റ്ററുകളെ ഏൽപ്പിച്ചാൽ ഈ ബുദ്ധി
മുട്ട് കുറയ്ക്കാനാകും.

കരടുരേഖയിൽ ഉയർന്നുവന്ന വളരെ പ്രസക്തമായ
ചില വിഷയങ്ങൾ മാത്രമാണ് പരാമർശിച്ചത്. ബോധന
രീതിയെക്കുറിച്ച്, പരീക്ഷാസമ്പ്രദായത്തെക്കുറിച്ച്, ചോദ്യ
പേപ്പർ തയ്യാറാക്കുന്നതിലെ ശാസ്ത്രീയതയെക്കുറിച്ച്,
ഭാഷാപഠനത്തിന്റെ പ്രസക്തിയെക്കുറിച്ചൊക്കെ വളരെ
വിശദമായ ചർച്ചയും സമഗ്രമായ തീരുമാനവുമുണ്ടാക
ണം. ഇത്തരം ചർച്ചകൾക്കും അതിലൂടെ രൂപപ്പെടുന്ന
പരിഷ്കരണപ്രക്രിയ മുന്നോട്ടുകൊണ്ടുപോകുന്നതിനും
വേണ്ട നേതൃത്വം നൽകാൻ സംഘടനാംഗങ്ങൾ ഊർജ്ജ
സ്വലരായി മുന്നോട്ടുവരണമെന്നഭ്യർത്ഥിക്കുന്നു. ■

Thomas Joseph
President, AIFUCTO

# Minority Status for Aided Colleges

## A case study of two institutions

Minority rights are community rights and not rights of individuals belonging to minority communities. Minority rights belong to the community as a whole and cannot be exclusively appropriated by individuals or groups within the community for their own advancement. The managements of minority institutions are only custodians of minority rights. The right to the custody of minority rights would cease the moment when such rights are either misused for private purposes or surrendered for larger public purposes.

The debate over the criteria for the award of minority status to educational institutions, which was initially triggered by the Kerala Professional Colleges Act, 2006, has once again been fore-grounded, this time, by the judgment of the Hon. High Court of Kerala in WP(C) No. 17717 of 2007(H). Delivering the judgment on the rights of the managements in private aided colleges on the appointment of principals the Hon. High Court has directed as follows: "*Only the management of a religious minority institution can appoint a candidate of its choice as Principal of a private aided college. In the absence of a formal declaration of minority status, the management is bound to comply with the mandate contained in Section 59 (3) of the M.G. University Act.*"

It is not the first time that the judiciary has insisted on the need for appropriate mechanism and methodology for the award of minority status. In the St. Stephen's case, the Supreme Court had made it clear that the status should be granted with care and caution to ensure that it is not misused. The court observed: "Article 30 (1) is a protective measure only for the benefit of religious and linguistic minorities and it is essential to make it absolutely clear that no ill fit or camouflaged institution should get away with the constitutional protection". Identification of minority institutions on the basis of appropriate criteria and certification by proper authority are therefore extremely important for the proper working of the constitutional scheme for providing special protection for the minorities.

The proceedings of the Secretary to Government, Higher Education Department, Government of Kerala (No. 27623/J2/93/H.Edn. dated 10-2-1994) are quite instructive in this regard. These were necessitated by an order of the Supreme Court on a petition for the award of minority status by Mar Athanesius College of Engineering, Kothamangalam and T.K.M. College of Engineering, Kollam. The Supreme Court directed that the question as to whether these institutions are Minority Educational Institutions or not will be determined by the Secretary to the Education Department of the Government of Kerala. Accordingly, a detailed hearing was held and evidences examined on the basis of which it was concluded that both colleges were not minority institutions. The decision was arrived at on the basis of a careful examination of such details as the manner of establishment of the institutions, the objectives for which they were established and the practices followed by the managements in the administration of the institutions since their inception.

### M.A. College of Engineering, Kothamangalam

Mar Athanasius College was established in 1962 under the aegis of the Mar Athanesius College Association. 50% share in the capital investment for the establishment of the college was borne by Central and State Governments. The college was

given an advance "on account" non-recurring grant to enable the institution to implement the scheme for starting degree courses in civil, mechanical and electrical engineering. Recurring grants were also sanctioned on condition that students would be admitted on the basis of merit and reservation, prohibition of capitation fee, constitution of Governing Body as per AICTE norms and vesting the property in the Government in the event of the closure of the college. Further, the management entered into Direct Payment Agreement in 1972 and the Government of Kerala has since been meeting almost 100% of the expenditure on account of the salaries of staff, maintenance of building, laboratories and libraries. As per the Memorandum of Association, the institution was established "for the benefit of and open to all persons", and not exclusively for the members of a particular community.

The Secretary, Higher Education observed that the constitution vests the choice in the minority itself to establish an educational institution of its own choice. It follows that there must be some "nexus" between the institution established and administered by a member or members of the minority community and the welfare of that community. The mere fact that steps for setting up an educational institution were taken by a member or members of the minority community does not make it ipso facto a minority educational institution. In the case of Mar Athanesius College, it was established in partnership with the Government and its universal character has been the basis of its establishment, underlining its public character. In the face of the above facts, factors such as the Christian name of the college, the constitution of the Governing Body with a predominant presence of Christians, the preponderance of staff belonging to the Christian faith, the Christian emblem of the college, the existence of a chapel, the employment of a priest and a sexton for holding regular masses and prayers etc. would not qualify the institution for the award of minority status.

Mar Athanesius College was therefore declared a non-minority college. The proceedings read as follows: "It would be seen that though the initiative for the establishment of the college was taken as adumbrated by His Grace Mar Athanasius, by the Association that bears his name, the establishment of the college was with 50% share in the cost by the Governments of India and Kerala for an institution that was "for the benefit of and open to all persons". Its administration was from the very beginning been vested in a Governing Council which has representatives of the Government of India and Kerala and other authorities. Since 1972, it is being run entirely on public funds. The Association itself has freely admitted students of other communities as well even against the 15% quota which is all that was available to it after 1972."

## T.K.M.College of Engineering, Kollam

The Tangal Kunju Musliar College was established in 1958.The Government acquired land for the college to the extent of more than 26 acres under provisions of the Land Acquisition Act for the "public purpose" of establishing an Engineering college by Muslims, mainly for the purpose of imparting higher education to Muslims. But admissions were not restricted to Muslims alone. Shri. Musliar had in fact a cosmopolitan view of education and believed that a college exclusively for the benefit of Muslims had no place in a country like India. The management had accepted certain conditions set by the Government for ensuring excellence and social justice in education, as part of Grant-in-aid Scheme and the Direct Payment Scheme to which the college was admitted in 1959-60 and 1972 respectively. The management contented that the conditions of Direct Payment Agreement imposed stringent restrictions on the admission of Muslim students to such an extent as would destroy the minority character of the institution. The management had jurisdiction only over 15% of the seats. It was argued that the Muslim architecture of the buildings housing the college was itself a proof of its minority character.

In the face of seemingly clinching evidence supporting the case for minority status of TKM College, the Secretary, Higher Education applied the judicial test of piercing the veil of minority claims and looked at reality in the face. It was found that the management which had been professing interest in the welfare of Muslim minority students and had been protesting against the inadequacy of 15% quota had not cared to fill even the 15% allotted to it with Muslim students. A majority of students in the 15% discretionary quota were admitted from other communities, obviously for considerations other than the welfare of Muslims. The practices of the management in the admission of students would show that there was no "nexus" between the claim for minority status and benefit to the minority community .Moreover, the management had willingly surrendered its minority rights as quid pro quo for substantial aid from public agencies. The extent of aid since the

introduction of Direct Payment Agreement (DPA) has been so substantial as to make the nomenclature 'aided institution' almost an understatement. The college has effectively been functioning with public funds since the introduction of Direct Payment in 1972. The principle of estoppel would come into play, making it not only unethical, but even unlawful to grant minority status to such publicly funded institutions, which in practice would only enlarge the area of discretion of the management without any corresponding benefit to the community in question.

The Secretary, Higher Education Department therefore concluded as follows: "The question of infringement of minority rights would arise only if such a right did exist. In view of the circumstances regarding the funding and administration of this college and the absence of "nexus" between this college and the welfare of the Muslim community and despite outside symbols such as architecture of the college, I find that TKM College of Engineering is not a minority educational institution."

## Implicit Principles

It would be worth analyzing the implicit principles that influenced the Government's decision against granting minority status to M.A. College, Kothamanagalam and T.K.M. College, Kollam, despite their being run by Christians and Muslims respectively. The Secretary contented that the mere fact that an institution is established and administered by members belonging to a minority community would not by itself qualify it for the award of minority status.

The minority character of these institutions was not questioned merely on the ground of their receipt of aid or on the basis of the constitution of their governing bodies with nominees of the Government. The Supreme Court has made it amply clear that receipt of aid in itself would not alter the minority character of any institution. But the Secretary, Higher Education did make a distinction between grant-in-aid given by the Government and public-private partnership in the establishment and administration of an educational institution. While acceptance of grant-in-aid in itself would not alter the minority character of the institution, public-private partnership would, more so if the partnership is of an equal footing. Substantial contributions made by the Government towards capital investment and recurring expenditure in respect of the institutions had actually reduced the role of the private managements to that of junior partners in governance and administration, a role they had willingly accepted by voluntarily accommodating Government representatives in the governing bodies and surrendering a substantial portion of their rights in the admission of students and appointment of teachers. The stand taken by the Secretary was that what was done long ago and practiced for a long time cannot be undone later. The principle of quid pro quo had come into operation by willing acceptance of comprehensive and intrusive restrictions on the administration of the colleges, in return for a heavy infusion of public funds. The principle of estoppel was relied on by the Secretary while giving greater weightage to the intentions of the founding fathers of the institutions than to the aspirations of the subsequent promoters of the colleges. The cosmopolitan outlook of the founders would continue to govern the management of the institutions, whatever be the commercial aspirations of its subsequent owners.

The Secretary, Higher Education Department also appears to have spent much energy in tearing the veil of minority claims by drawing attention to the dichotomy between precept and practice. The question that appears to have engaged the mind of the Secretary was that of "nexus" between the professed objectives and actual practices. The issue was not whether the managements had admitted non-minority students in large numbers and only a sprinkling of minority students as required by the Direct Payment Agreement, but whether the managements had utilized their discretionary quota with a view to promoting the interests of the minority students. Both colleges had failed in the test as both had given greater preference to NRI students, irrespective of their religious background, which made it clear that the minority tag was being sought with unclean hands. In both cases, minority status was sought after only with the ulterior motive of extending the discretionary rights of the managements without any corresponding commitment to exercise such rights for the benefit of the respective minority communities. Minority rights are community rights and not rights of individuals belonging to minority communities. Minority rights belong to the community as a whole and cannot be exclusively appropriated by individuals or groups within the community for their own advancement. The managements of minority institutions are only custodians of minority rights. The right to the custody of minority rights would cease the moment when such rights are either misused for private purposes or surrendered for larger public purposes. ■

# സമതുലിതമായ ഉന്നതവിദ്യാഭ്യാസം ലക്ഷ്യം

## എ.കെ.പി.സി.ടി.എ സ്ഥാപനദിനാഘോഷം
## 2007 ഡിസംബർ 13, എറണാകുളം




സംഘടനയുടെ ഗോൾഡൻ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി എ. കെ. പി. സി.ടി എയുടെ സ്ഥാപനദിനാഘോഷം എറണാകുളത്ത് ആശീർ ഭവനിൽ ഡിസംബർ 13 നു മന്ത്രി എം. വിജയകുമാർ ഉൽഘാടനം ചെയ്തു. എം. ജി. സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ. യു. ആർ. അനന്ത മൂർത്തി മുഖ്യ പ്രഭാഷണം നടത്തി. സാങ്കേതിക വിദ്യാഭ്യാസത്തിനു ലഭിക്കുന്ന അമിത പ്രാധാന്യത്തിൽ മാററം വേണമെന്നും സമതുലിതമായ ഉന്നത വിദ്യാഭ്യാസമാണ് സർക്കാരിന്റെ ലക്ഷ്യമെന്നും മന്ത്രി വിജയകുമാർ പ്രസ്താപിച്ചു.





ഡോ.യു.ആർ.അനന്തമൂർത്തി



തോമസ് ജോസഫ്



പി. ജി. ശശീന്ദ്രൻ

അൻപതു വർഷത്തിനു ശേഷം മുഖ്യ ഭരണ കക്ഷി വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുക്കുന്നത് ഇടതു സർക്കാരിൻെറ ഈ ഭരണ കാലത്താണന്ന് വിജയകുമാർ പറഞ്ഞു. വിദ്യാഭ്യാസത്തിനു പരമ പ്രാധാന്യം നൽകേണ്ടതിനാൽ പ്രധാന രാഷ്ട്രീയ പാർട്ടി തന്നെ ഈ വകുപ്പ് തുടർന്നും ഏറ്റെടുക്കേണ്ടതുണ്ടന്നും അദ്ദേഹം കൂട്ടിചേർത്തു.

കോളജ് അധ്യാപകരുടെ ഗുണനിലവാരം ഉയർത്താൻ കർമ്മ പദ്ധതി ആവിഷ്കരിക്കണമെന്ന് ഡോ. യു. ആർ. അനന്ത മൂർത്തി പറഞ്ഞു. പി. എസ്. സി പോലെ പൊതുവായ സ്ഥാപനം രൂപീകരിച്ച് കോളേജിന് അധ്യാപക

രുടെ ലിസ്റ്റ് തയ്യാറാക്കണം. ഈ ലിസ്റ്റിൽ നിന്നു സ്വകാര്യ കോളേജുകൾ അവരുടെ മാനദണ്ഡ മനുസരി ച്ച് നിയമനം നടത്തണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. പ്രസിഡൻറ് ഏ. പി. കുട്ടികൃഷ്ണൻ അധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി പ്രൊഫ. ആർ. മോഹ നകുമാർ പ്രൊഫ. തോമസ് ജോസഫ് എന്നിവർ സം സാരിച്ചു. കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവൺ മെൻറ് എംപ്ളോയിസ് അസ്സോസിയേഷൻ കൺവീനർ പി. ജി. ശശീന്ദ്രൻ സ്വാഗതവും സംസ്ഥാന സെക്രട്ടറി ഡോ. രാജൻ വർഗീസ് നന്ദിയും പറഞ്ഞു.



## എ.കെ.പി.സി.ടി.എ സുവർണജൂബിലി സമാപനവും 50-ാം സംസ്ഥാന സമ്മേളനവും

## സാഹിത്യസൃഷ്ടികൾ ക്ഷണിക്കുന്നു.

എ. കെ. പി. സി.ടി. എ 50-ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് കേരളത്തിലെ കോളജ് വിദ്യാർത്ഥികൾക്കായി സാഹിത്യമത്സരം സംഘടിപ്പിക്കുന്നു. കഥ, കവിത, ലേഖനം എന്നി വിഭാഗങ്ങളിലാണ് മത്സരം. കഥയ്ക്കും കവിതയ്ക്കുംപ്രത്യേകം വിഷയം നിർദ്ദേശിക്കുന്നില്ല. ***കേരളത്തിലെ വിദ്യാഭ്യാസ പരിഷ്കരണത്തിൽ മാധ്യമങ്ങളുടെ പങ്ക്*** എന്നതാണ് ലേഖന വിഷയം. ലേഖനം 10 പുറത്തിൽ കവിയരുത്. കോളജ് പ്രിൻസിപ്പാളിൻെറ സാക്ഷ്യപത്രത്തോടൊപ്പം സാഹിത്യസൃഷ്ടികൾ ഫെബ്രുവരി 25നകം ലഭിച്ചിരിക്കണം.

മേൽവിലാസം

**ഡോ. ലേഖ നരേന്ദ്രൻ, കൺവീനർ, സാഹിത്യമത്സരം, എ.കെ.പി.സി.ടി. എ**
**സ്റേറ്റ് കമ്മിററി ഓഫീസ്, മാതൃഭൂമി റോഡ്, വഞ്ചിയൂർ, തിരുവനന്തപുരം-3**



# കേരള വിദ്യാഭ്യാസരംഗം രാജ്യത്തിന് വഴികാട്ടണം

**എ.കെ.പി.സി.ടി.എ സുവർണജൂബിലി ഉന്നത വിദ്യാഭ്യാസ സെമിനാർ 2008 ജനുവരി 22 തലശ്ശേരി**

ഇന്ത്യൻ വിദ്യാഭ്യാസ രംഗത്തെ കച്ചവടവൽക്കരണത്തിനും ചൂഷണങ്ങൾക്കുമെതിരെ പൊതുജനാഭിപ്രായം രൂപീകരിക്കാൻ കേരളത്തിലെ അധ്യാപക-വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ ശക്തമായ ഇടപെടലുകൾ നടത്തേണ്ടതുണ്ടെന്ന് രാജ്യസഭാ എം.പി.യും, സി.പി.എം. പൊളിറ്റ്ബ്യൂറോ അംഗവുമായ സീതാറാം യെച്ചൂരി അഭിപ്രായപ്പെട്ടു. എ.കെ.പി.സി.ടി.എയുടെ സുവർണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി തലശ്ശേരിയിൽ സംഘടിപ്പിച്ച ഉന്നത വിദ്യാഭ്യാസ സെമിനാർ ഉൽഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ക്കുന്നത്. വിദേശ സർവകലാശാലകൾക്ക് യഥേഷ്ടം കടന്നു വരുവാനും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് യഥേഷ്ടം പ്രവർത്തിക്കാനുമുള്ള അവസരങ്ങളാണ് യു.പി.എ. സർക്കാർ ചെയ്തു കൊടുക്കുന്നത്.

വിദ്യാഭ്യാസരംഗത്തെ കച്ചവടവൽക്കരണത്തിനെ




വിജ്ഞാന വിപ്ലവത്തിന്റെ കാലഘട്ടത്തിൽ ഉന്നത വിദ്യാഭ്യാസത്തിന് സാമൂഹ്യ-സാമ്പത്തിക വളർച്ചയിൽ ഏറെ പ്രസക്തിയുണ്ട്. മനുഷ്യവിഭവശേഷിയാണ് ഏറ്റവും വലിയ സമ്പത്ത്. ലോകത്തിൽ ഏറ്റവും കൂടുതൽ ചെറുപ്പക്കാരുള്ള രാജ്യമാണ് ഇന്ത്യ. എന്നാൽ നിർദ്ദിഷ്ട പ്രായപരിധിയിലുള്ളവരുടെ 7% പേർക്കു മാത്രമാണ് ഉന്നതവിദ്യാഭ്യാസത്തിനുള്ള അവസരം ലഭ്യമാകുന്നത്. ഉന്നത വിദ്യാഭ്യാസ അവസരങ്ങൾ സാർവ്വത്രീകരിച്ച് കൊണ്ട് ലോകത്തിന്റെ നെറുകയിലെത്താൻ ഇന്ത്യക്ക് ആകുമെന്ന് അദ്ദേഹം പറഞ്ഞു. വികസനത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കാനും വിദ്യാഭ്യാസ വികസനം ആവശ്യമാണ്. ഇതിന് വൻതോതിൽ പൊതുനിക്ഷേപവും പൊതുനിയന്ത്രണവും ആവശ്യമാണ്.

നിർഭാഗ്യവശാൽ ഇതിനു വിപരീത ദിശയിലുള്ള നയപരിപാടികൾ നടപ്പാക്കാനാണ് കേന്ദ്രഗവൺമെന്റ് ശ്രമി

തിരെ കേരളത്തിലെ അധ്യാപക-വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ നടത്തിയ പ്രക്ഷോഭങ്ങൾ രാജ്യമൊട്ടാകെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കാനുള്ള അധികാരവും കടമയും സർക്കാരിനുണ്ട്. സ്റ്റേറ്റ് തലത്തിൽ ഇതിനുവേണ്ടി നടത്തുന്ന നിയമ നിർമ്മാണങ്ങൾ കോടതി ഇടപെടൽ മൂലം ഫലപ്രദമാകാതെ വന്നിരിക്കുകയാണ്. സംസ്ഥാനങ്ങൾക്ക് സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് ജനകീയ മുന്നേറ്റം തന്നെ ഉണ്ടാകേണ്ടിയിരിക്കുന്നു. ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിദ്യാഭ്യാസത്തിന്റെ പൊതുധാരയുമായി സമരസപ്പെടുത്തേണ്ടതാണ്. ന്യൂനപക്ഷ വിദ്യാഭ്യാസ പ്രശ്നങ്ങൾ വിവിധ സംസ്ഥാനങ്ങളിൽ വ്യത്യസ്തമാണ്. ഓരോ സംസ്ഥാനത്തെയും ഭൗതിക സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ അവയുടെമേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ



പ്രൊഫ. നൈനാൻകോശി



ഡോ. വെങ്കിടേഷ് ആത്രേയ



പി. രാജീവ്



പി. വി. രവീന്ദ്രൻ



പ്രൊഫ. തോമസ്ജോസഫ്

സംസ്ഥാനങ്ങൾക്ക് കഴിയണം. ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യനീതിയും ഫെഡറൽ അവകാശങ്ങളും സംരക്ഷിച്ച് കൊണ്ട് മാത്രമെ 'തിളങ്ങുന്ന ഇന്ത്യ'യും 'കരയുന്ന ഇന്ത്യയും' തമ്മിലുള്ള വിടവ് നികത്താനാവൂ എന്ന് സീതാറാം യെച്ചൂരി പ്രസ്താവിച്ചു.

സംസ്ഥാന പ്രസിഡന്റ് ഡോ.എ.പി. കുട്ടികൃഷ്ണൻ അധ്യക്ഷത വഹിച്ചു. ഐഫക്ടോ പ്രസിഡന്റ് പ്രൊഫ. തോമസ് ജോസഫ്, ജനറൽസെക്രട്ടറി പ്രൊഫ. ആർ. മോഹനകുമാർ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. തലശ്ശേരി നഗരസഭ ചെയർമാൻ കെ.പി.രവീന്ദ്രൻ സ്വാഗതവും, ജില്ലാ സെക്രട്ടറി പി. വി. രവീന്ദ്രൻ നന്ദിയും പറഞ്ഞു.

തുടർന്ന് 4 സെഷനുകളായി സെമിനാർ നടന്നു. 'ആഗോളവൽകരണ കാലത്തെ ഉന്നത വിദ്യാഭ്യാസം' എന്ന വിഷയത്തിൽ ഡോ. വെങ്കിടേഷ് ആത്രേയ പ്രബന്ധാവതരണം നടത്തി. സംസ്ഥാന വൈസ് പ്രസിഡന്റ് പ്രൊഫ. പി. രഘുനാഥ് അധ്യക്ഷനായി. സംസ്ഥാന സെക്രട്ടറി ഡോ. രാജൻ വർഗ്ഗീസ് സ്വാഗതം പറഞ്ഞു.

'ഉന്നതവിദ്യാഭ്യാസത്തിന്റെ ധനകാര്യ മാനേജ്മെന്റ്' എന്ന വിഷയത്തെ അധികരിച്ചുകൊണ്ട്



ഡോ. എ.പി. കുട്ടികൃഷ്ണൻ



പ്രൊഫ.ആർ.മോഹനകുമാർ

ദേശാഭിമാനി റസിഡന്റ് എഡിറ്റർ പി. രാജീവ് സംസാരിച്ചു. സംസ്ഥാനസെക്രട്ടറി പ്രൊഫ. കെ. വിജയധരൻ സ്വാഗതം പറഞ്ഞു. സംസ്ഥാന സെക്രട്ടറി ഡോ. കെ. പ്രദീപ് കുമാർ അധ്യക്ഷത വഹിച്ചു.

'ന്യൂനപക്ഷാവകാശവും സാമൂഹ്യനീതിയും ഉന്നതവിദ്യാഭ്യാസമേഖലയിൽ' എന്ന വിഷയത്തിൽ കേരള വിദ്യാഭ്യാസ സമിതി ചെയർമാൻ ഡോ. നൈനാൻ കോശി പ്രബന്ധാവതരണം നടത്തി. സംസ്ഥാന ട്രഷറർ ഡോ.കെ.കെ. ബാലചന്ദ്രൻ നായർ അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി പ്രൊഫ. എം. സഫറുദ്ദീൻ സ്വാഗതം ആശംസിച്ചു. ജില്ലാ പ്രസിഡൻറ് ഡോ.പി.ബാലകൃഷ്ണൻ നന്ദിപ്രകടനം നടത്തി.

വിവിധ സെഷനുകളിൽ നടന്ന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രൊഫ. കെ. ശശിധരൻ (സംസ്ഥാന അക്കാദമിക് കൺവീനർ), പ്രൊഫ.എം. അശോകൻ (എ.കെ.ജി.സി.ടി) പ്രമോദ് വെള്ളച്ചാൽ (ജില്ലാ ജോയിന്റ് സെക്രട്ടറി), പി.സി.എച്ച്.ശശിധരൻ (കണ്ണൂർ യൂനിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ) എന്നിവർ സംസാരിച്ചു.



എ.കെ.പി.സി.ടി.എ സുവർണ്ണ ജൂബിലി



# വനിതാ സ്പെഷ്യൽ

എ കെ. പി. സി.ടി എ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 2007 നവംബർ 10,11 തിയ്യതികളിൽ തൃശ്ശൂരിലെ ശ്രീകേരള വർമ്മ കോളജിൽ വെച്ച് നടത്തപ്പെട്ട അദ്ധ്യാപിക സംസ്ഥാന കൺവെൻഷൻ വിദ്യാഭ്യാസപരവും സംസ്കാരികവും സ്ത്രീപക്ഷ ചിന്താപരവുമായ ഉള്ളടക്കം കൊണ്ട് സമ്പന്നമായി. നവോത്ഥാന നായികമാരുടെ സാന്നിദ്ധ്യവും, ഇന്ത്യൻ സ്വാതന്ത്ര്യ സമരചരിത്രത്തിലെ യുവവിപ്ളവകാരികളുടെ ഓർമ്മകളിരമ്പുന്ന 'രണസ്മരണ' എന്ന ഫോട്ടോപ്രദർശനവും, ആധുനിക ഇന്ത്യയിലെ സ്ത്രിയുടെ അവസ്ഥയെ വരകളിലൂടെ ചിത്രികരിച്ച 'സ്ത്രീ- സ്വത്വം- ആവിഷ്കാരം- സ്വാതന്ത്ര്യം' എന്ന പരിപാടിയും അദ്ധ്യാപികമാരുടെ സാമൂഹ്യ പ്രതിബദ്ധത പ്രകടമാക്കുന്നവയായിരുന്നു.



ധനമൂലധനത്തിൻെറ കുത്തൊഴുക്കിൽപ്പെട്ട് തകർന്നു പോകുന്ന ലോകജനത ചെറുത്തു നിൽപ്പിൻെറയും പോരാട്ടത്തിൻെറയും പാതയിലാണ്. ചരക്കുകൾ സഞ്ചരിക്കുന്നതിൻെറ അമ്പത് ഇരട്ടി വേഗത്തിൽ പ്രവഹിക്കുന്ന മൂലധനം. അതിൻെറ സുഗമമായ മുന്നേററത്തിന് തടസ്സമായതെന്തും തകർക്കുകയും ആധിപത്യം സ്ഥാപിക്കുകയുമാണ്. ശാസ്ത്ര സാങ്കേതിക വിദ്യയുടെ കുത്തക, ലോകകമ്പോളാധിപത്യം, കമ്പോളാധിപത്യത്തിനനുസൃതമായ ആശയലോകം സൃഷ്ടിക്കാനുതകുന്ന മാധ്യമാധിപത്യം, വിനാശകരമായ ആയുധങ്ങൾക്കു മേലുള്ള ആധിപത്യം എന്നിവയിലൂടെ സാമ്രാജ്യത്വ ശക്തികൾ ലോകാധിപത്യം കയ്യാളാൻ ശ്രമിയ്ക്കുകയാണ്.

ഇത്തരമൊരു സാഹചര്യത്തിൽ ലോകജനസംഖ്യയുടെ പകുതി വരുന്ന സ്ത്രീകൾ നേരിടുന്ന വെല്ലുവിളികൾ ഏറെ. ലോകം ഒരു പെൺകമ്മി (female deficit) അനുഭവിക്കുകയാണ്. വെട്ടിനുറുക്കി പോളിത്തീൻ കവറുകളിലാക്കി ഉപേക്ഷിയ്ക്കപ്പെടുന്ന പെൺഭ്രൂണങ്ങളുടെ എണ്ണം ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങളിൽ പെരുകി വരുന്നു. ഫ്യൂഡൽ കാലഘട്ടത്തിലെ സാമൂഹ്യ ദുരാചാരങ്ങൾ ആധുനികമുതലാളിത്തയുഗത്തിലും സ്ത്രീകളെ വിടാതെ പിടികൂടുന്നു. വിപണിയിൽ വിററഴിയ്ക്കപ്പെടാനുള്ള ഉൽപ്പന്നങ്ങളുടെ പരസ്യപ്പലകകളായി സ്ത്രീകൾ തരംതാഴ്ത്തപ്പെടുന്നു. ഗാർഹിക പീഡനങ്ങളുടെയും തൊഴിലിടങ്ങളിലെ ചൂഷണങ്ങളുടെയും പീഡനങ്ങളുടെയും തോത് വർദ്ധിച്ചു കൊണ്ടേയിരിക്കുന്നു. ആഗോള ഉദാരവൽക്കരണ കാലഘട്ടത്തിലെ തൊഴിലിടങ്ങളിൽ നിന്ന് 'ഹയർ ആൻറ് ഫയർ' നയത്തിൻെറ ഭാഗമായി ധാരാളമായി പിരിച്ചുവിടപ്പെടുന്നതും സ്ത്രീകളാണ്. പുതിയ തൊഴിൽ മേഖലകൾ സൃഷ്ടിയ്ക്കപ്പെടുന്നുണ്ടെങ്കിലും അവിടെ ജോലിസ്ഥിരതയോ സുരക്ഷാ സൗകര്യങ്ങളോ ഇല്ല. വർഗ്ഗീയതയുടെ ഇരകളായി ഏറെ പീഡിപ്പിക്കപ്പെടുന്നതും സ്ത്രീകൾ തന്നെ.

ഇത്തരം സാഹചര്യങ്ങളെ വിലയിരുത്തി ഉന്നത വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പ്രത്യേകിച്ച് അദ്ധ്യാപികമാരുടെ സവിശേഷ പ്രശ്നങ്ങൾ പരിഹരിക്കാൻ നേതൃത്വപരമായ പങ്ക് വഹിയ്ക്കുന്നതോടൊപ്പം പണിയെടുക്കുന്ന എല്ലാ വിഭാഗങ്ങളുമായി കൈകോർത്ത് ആഗോള സമരപാതയിലൂടെ മുന്നേറുക എന്ന ആഹ്വാനമാണ് അദ്ധ്യാപിക കൺവെൻഷൻ നൽകിയത്.

**ടി. എ. ഉഷാകുമാരി**
*എ.കെ.പി.സി.ടി. എ*
*വൈസ് പ്രസിഡൻറ്*
*കൺവീനർ, വനിതാ സബ്കമ്മിററി*



## എ കെ പി സി ടി എ സുവർണ്ണജൂബിലി

# വനിതാ കൺവെൻഷൻ

### 2007 മാർച്ച് 10,11, തൃശ്ശൂർ

സാമ്രാജ്യത്വ അധിനിവേശത്തിന്റെ ബോംബുകൾ മാനവരാശിക്കുമേൽ വർഷിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഭരണകൂടങ്ങളും മതതീവ്രവാദികളും ചേർന്ന് ദാരിദ്ര്യവൽക്കരണത്തിന്റെയും മാഫിയവല്ക്കരണത്തിന്റെയും വേഗത വർദ്ധിച്ചുകൊണ്ടുമിരിക്കുന്നു. വംശീയഹത്യകളും രക്തപങ്കില ഭീകരവാദവും വാർത്ത പോലുമല്ലാതാകുന്നു. മറുഭാഗത്ത് ആഗോളീകരണ നവ- ഉദാരവൽകരണ നയങ്ങൾ നിർവ്വഹിക്കപ്പെടുന്ന ഇത്തരം മാററങ്ങൾ നമ്മുടെ സ്ത്രീകളുടെ ജീവിതത്തെ എപ്രകാരമാണ് ബാധിക്കുന്നതെന്ന് ഉറക്കെ ചിന്തിക്കേണ്ടുന്ന സമയം അതിക്രമിച്ചിരിക്കുന്നു. വളർച്ചാനിരക്കിനെ ആധാരമാക്കി സ്ത്രീകളുടെ തൊഴിൽപങ്കാളിത്തം വർദ്ധിച്ചിരിക്കുന്നുവെന്നു കണക്കുകൾ പറയുമ്പോഴും ലഭ്യമായ തൊഴിൽമേഖലയിലെ സുരക്ഷിതത്വവും സേവനവ്യവസ്ഥയും ചോദ്യംചെയ്യപ്പെട്ടുകൊണ്ടുമിരിക്കുന്നു. ഏറെ വാഴ്ത്തപ്പെടുന്ന ഐ. ററി. മേഖലയിൽ സ്ത്രീകളുടെ സാന്നിദ്ധ്യം കേവലം 0.3% മാത്രമാണ്. അവരിൽ തന്നെ ഗണ്യമായ കൊഴിഞ്ഞുപോക്കും ശ്രദ്ധിക്കേണ്ടതാണ്. പുത്തൻ സാമ്പത്തിക നടപടിക്രമങ്ങൾ സ്ത്രീകളെ ഏറെ ചൂഷണ സാധ്യതകളുള്ള പലതരത്തിലുള്ള കൂലിപ്പണികളിലേക്കാണ് തള്ളിവിടുന്നത്. ചൂഷണാത്മകമായ പുതിയ തൊഴിൽ സാഹചര്യം സ്ത്രീകളുടെ കുടിയേററത്തിലും വൻവർദ്ധന ഉണ്ടാക്കുന്നുണ്ട്.

ചുരുക്കത്തിൽ നവ- ഉദാരവൽക്കരണ സമ്പദ്‌വ്യവസ്ഥ യാഥാസ്ഥിതികവും പുരുഷാധിഷ്ഠിതവുമായ ആശയങ്ങളുമായി കൈകോർത്തുപിടിക്കുകവഴി സ്ത്രീകൾക്കെതിരെയുള്ള പുത്തൻ ചൂഷണ രൂപങ്ങൾ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് നമ്മൾ കാണുന്നത്. ആഗോളവൽക്കരണത്തിന്റെ ആത്യന്തിക ഇരകളായ സ്ത്രീകൾ ഒരുപോലെ 'വീട്ടിലും പുറത്തും' പുറന്തള്ളപ്പെടുന്നതായി മാറിക്കൊണ്ടിരിക്കുന്നു. സ്ത്രീയുടെ സ്വത്വവും വ്യക്തിത്വവും അംഗീകരിക്കപ്പെടുകയും ആവിഷ്കാരസ്വാതന്ത്ര്യം ഒരു പ്രശ്നമാകാതിരിക്കുകയും ചെയ്യുന്നിടത്താണ് ആധുനികമായ പൗരസമൂഹത്തിന്റെ യഥാർത്ഥപൂർണ്ണത. അത്തരമൊരു സാഹചര്യത്തിൽ ആശയപരമായി സജ്ജരാകാനാണ് അദ്ധ്യാപികമാർ ഒത്തുചേരുന്നത്.

കേരളത്തിലെ സ്വകാര്യകോളജ് അധ്യാപകരുടെ കരുത്തുററ സംഘടനയായ എ. കെ. പി. സി. ടി. എ. സുവർണജൂബിലിത്തിളക്കവുമായി നമ്മുടെ വിദ്യാഭ്യാസരംഗത്ത് ആരോഗ്യകരമായി ഇടപെട്ടുകൊണ്ട് നിലകൊള്ളുകയാണ്. ശ്രദ്ധേയമായ മാററങ്ങൾക്ക് തുടക്കംകുറിച്ച കേരള വിദ്യാഭ്യാസബില്ലിനും അമ്പതുവർഷം തികയുന്നു. അതിനാൽ വിദ്യാഭ്യാസകാര്യങ്ങൾ പൊതുവേയും അദ്ധ്യാപികമാരുടെ പ്രശ്നങ്ങൾ പ്രത്യേകിച്ചും ചർച്ചചെയ്യപ്പെടുന്ന കൺവെൻഷൻ സാംസ്കാരികമായ ഉള്ളടക്കത്തോടെയാണ് ഒരുക്കിയിരുന്നത്.

അദ്ധ്യാപക പ്രസ്ഥാനത്തിന്റെ ആദ്യപഥികരും നവോത്ഥാനമൂല്യങ്ങളുടെ കാവൽക്കാരുമായ പ്രൊഫ. ജോ



തമായി വിമർശിക്കുന്നുണ്ട്. സാമ്രാജ്യത്വ അധിനിവേശത്തിന്റെ കരാളതയുടെ നേർക്കാഴ്ചകളുടെ അനാവരണമായിരുന്നു 'സാമ്രാജ്യത്വ അധിനിവേശം' എന്ന ശീർഷകത്തിലൂടെ പ്രദർശിപ്പിച്ച ചിത്രങ്ങൾ. ലോകമനഃസാക്ഷിയെ പടിച്ചുകുലുക്കിയ പട്ടാളവാഴ്ചയുടെ 'അമേരിക്കൻ മുഖം' നടുക്കത്തോടെയാണ് കാണികൾ കണ്ടുനിന്നത്.

മതേതരദേശീയതയും സാമ്രാജ്യത്വവും അക്കാദമിക തലത്തിൽ മാത്രം ഒതുങ്ങിനില്ക്കേണ്ട ചർച്ചയല്ലെന്നും ദേശീയതയ്ക്കു ഭംഗം വരുത്തുന്നവർക്കുള്ള മറുപടി പറയാൻ ചരിത്രബോധമുള്ള അധ്യാപകസമൂഹത്തിന് ബാധ്യതയുണ്ടെന്നും ഈ ചരിത്രപ്രദർശനം വിളിച്ചുപറയുകയാണ്. തീർച്ചയായും മതേതര ജനാധിപത്യത്തിന്റെ വളർച്ചയ്ക്കും സോഷ്യലിസത്തിലേക്കുള്ള നടന്നുപോക്കിനെയും ഈ പ്രദർശനം സഹായിക്കുക തന്നെ ചെയ്യും.

ദ്വിദിന കൺവെൻഷനിലെ മറെറാരു പ്രധാന സെഷനായിരുന്നു 'സ്ത്രീ: സ്വത്വം, ആവിഷ്കാരം, സ്വാതന്ത്ര്യം' എന്ന ചിത്രരചനാ ക്യാമ്പ്. എഴുത്തും വരയും വായനയും ഒക്കെ മതമേലധ്യക്ഷന്മാർ നിർണ്ണയിക്കുന്ന അതിരുകൾക്കുള്ളിൽ മാത്രമേ പാടുള്ളുവെന്നു ശാഠ്യംപിടിക്കുന്ന ഒരു ആശയകാലാവസ്ഥയിൽ, വരകളും വർണ്ണങ്ങളും എപ്രകാരമാണ് മനുഷ്യന്റെ ജീവിതത്തെ പകർത്തി കാട്ടുകയെന്നു ഈ ചിത്രരചനാക്കളരി നമ്മോടു പറയുകയായിരുന്നു. പ്രശസ്ത ചിത്രകാരിയും തൃശൂർ ഫൈൻ ആർട്സ് കോളജിലെ കലാചരിത്രാധ്യാപികയുമായ കവിതാ ബാലകൃഷ്ണനും വിദ്യാർത്ഥികളും വരയിലൂടെ ആവിഷ്കാരസ്വാതന്ത്ര്യത്തിനുള്ള പ്രതികരണങ്ങളായിരുന്നു നമ്മുടെ മുന്നിൽ അവതരിപ്പിച്ചത്. തസ്ലീമയ്ക്കും എം. എഫ്. ഹുസൈനും ഭാനുമുഷ്താഖിനും ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടുള്ള ഈ രചനാസംരംഭം അധ്യാപികമാരുടെ കൂട്ടായ്മ സഹൃദയപൂർവ്വം ഏററുവാങ്ങുകയായിരുന്നു.

വൈകിട്ട് 6 മണിക്ക് പുരോഗമന കലാസാഹിത്യ സംഘം സെക്രട്ടറി ശ്രീ. കെ. ഇ. എൻ. കുഞ്ഞഹമ്മദ് നിർവ്വഹിച്ച സാംസ്കാരികവർത്തമാനം സമകാല മലയാളിചേതനയുടെ പാപ്പരത്തത്തെ തുറന്നുകാട്ടുന്നതായിരുന്നു. മലയാളിയുടെ വ്യക്തിജീവിതവും സാമൂഹിക ജീവിതവും രണ്ടു ചാലുകളിലൂടെ ഒഴുകിപ്പോകുന്നതിന്റെ വൈരുദ്ധ്യങ്ങളായിരുന്നു മൂർച്ചയുള്ള സ്വരത്തിൽ ശ്രീ. കെ. ഇ. എൻ. പങ്കുവെച്ചത്.

ദ്വിദിന കൺവെൻഷന്റെ സമസ്ത ഉത്സാഹത്തിമിർപ്പും ഏററുവാങ്ങുന്ന മട്ടിൽ തൃശൂർ ജനനയന അവതരിപ്പിച്ച 'നാടോടി കലാകൂട്ടായ്മ'യോടുകൂടിയാണ് കൺവെൻഷന്റെ ആദ്യദിനം സമാപിച്ചത്. കേരളത്തിന്റെ ഹൃദയത്തുടിപ്പുകൾ ഏററുവാങ്ങിയ കലാപരിപാടികൾ പ്രതിനിധികളോരോരുത്തരും ഹൃദയം കൊണ്ടേററുവാങ്ങുകയായിരുന്നു.

11-11-2007 ഞായറാഴ്ച നടന്ന പ്രതിനിധി സമ്മേളനം, വിദ്യാഭ്യാസരംഗത്തെ ഗൗരവമാർന്ന നിരവധി പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും അധ്യാപികമാരുടെ സംഘടനാ സാന്നിദ്ധ്യത്തിന്റെ അനിവാര്യത അടിവരയിട്ടുറപ്പിക്കുകയും ചെയ്തു. ലോകസമൂഹം ഒന്നാകെ നേരിടുന്ന ഒട്ടനവധി പ്രമേയങ്ങളുടെ ചർച്ച, അധ്യാപികമാരുടെ കൂട്ടായ്മ ഒരുപോലെ ഏറെറടുക്കുകയായിരുന്നു. സംഘടനയുടെ ജൂബിലിയാഘോഷവേളയിൽ സഹകരണംകൊണ്ടും സാന്നിദ്ധ്യം കൊണ്ടും സാർഥകമായ ഈ കൂട്ടായ്മ നാളെയുടെ വെല്ലുവിളികൾ ഏറെറടുക്കാൻ സംഘടനയ്ക്കു ശക്തിയും കരുത്തും പകരാൻ പ്രാപ്തമാണെന്ന പ്രത്യാശയുണർത്തുന്നതായിരുന്നു. ■



Dr. N.Manimekalai
Director, Centre for Women's Studies
Bharathidasan University, Tiruchirapalli

# Globalisation and its impact in India

*Full text of the inaugural speech in the Vanitha Convention held at Trichur*

Globalization is a buzz word for the past two decades particularly in developing countries like India. Though the concept of globalization is not new but the context and the components associated with globalization are new. It tends to dominate the world after the end of cold war and the break up of the former Soviet Union. Since the concept came into prominence, the trade relations have changed. The frontiers of the state have changed relying more on market economy. Several developing countries had to undergo structural adjustment and transition. It has thrown open several opportunities to both developed and developing countries, and challenges and threats too to developing countries. The developed countries now have widened their share of market, and developing countries have opened up with wide range of products. However, the level playing field has been very different between the two the former having an edge over the latter both in terms of finance, technology, competitive price, etc. The feature of the development in the global context is totally different in which developing countries are in a disadvantageous position though it has brought new opportunities opened equally like I in developed countries. There are certain positive aspects like greater access to developed country markets and technology transfer which are expected to be bringing improved productivity and better living standards. However, the challenges like inequality across nations, environmental damages, volatility of financial markets etc. Removal of Quantitative Restrictions to certain sectors like textiles but at the same time brought challenges to agricultural sector both directly and indirectly, say withdrawal of support of the states' subsides, and other concessions and also increasing competition of for the domestic products

Though the concept of is existing since trade and exchange, new meanings have been added to the concept of globalization. Opening up of world trade, development of advanced means of communication, internationalization of financial markets, growing importance of MNCs, population migration, and more generally increased mobility of persons, goods, capital, data and ideas and of course not free from infections, diseases and pollution.

## Justification for Structural Adjustment Policies [SAP] :

In India, in 1990s there was a great economic crisis with very poor economic performance, minimum forex reserves, negative industrial growth, growing uemployment, poverty, industrial recession, inflation, drought in agriculture all had justified for a SAP to be introduced. There was complete shift in policies from protection to open or free trade, regulation to deregulation, licensing to delincensing, monopoly restrictive trade practices to unrestrictive free flow of goods and services, foreign investment were given special priorities and transfer of technology, trade, finance Internationalization of financial and industrial capital became the priority.



Kerala economy is the people's economy but still it suffers from various ills. On the social indicators front, it is doing very well but there are continuous economic set backs, political instability. It is necessary for the intellect to address the economic set back in the short run without leaving it to sustain. Population density, pressure on land, less attractive agriculture and encroachment of forests, decline in green cover must be taken as chief concerns and suitable policies must be framed.

## Growing Imperialism

Since the Indian economy was almost dying, it had to resort to support and financial assistance to the world imperialistic power none other than the trimuti namely world bank, International Monetary Fund and World Trade Organisation who became the rulers of international finance and trade by late 1990s. It was labeled as recolonisation of countries as the crisis faced by the third world countries were not just the result of their respective policies but also due to the policies and exploitative attitude of the first world countries who are super powers rules the global trade etc. Historically speaking, with the growth of science and technological development, end of two World war and colonization there has been an accumulation of both industrial and finance capital among the first world countries particularly America, and other countries. Packed with the greed to earn super profit, with the absence of any countervailing power due to breakup of USSR, the hegemonic imperialistic power started imposing conditions on third world countries seeking access to unrestricted markets, resources, of developing countries. Many bi-lateral agreements were made to strengthen the same. Financial liberalization and internationalization of capital became easier to the advantages of the developed countries which eventually deprived the third world countries to restrict the inflow of imports and regulate trade flows.

The characteristics of floating capital is that they are highly volatile and may flow in and flow out at any time when there is any sign of market failure, or any distortions in the economic performance. It does not care about the economic growth or needs or demand of the mass but only the appreciation of its exchange value and share prices and yield. Experience of such crisis in Mexico 994 and South East Asian countries 1997-98 are classic examples which stand cautioning other countries to make such move of say repeated devaluation, full convertibility etc.

## Concentration of Industrial Capital:

An estimate in 1993 by Economist revealed that as high as $20 trillion asset holdings were with MNCs. The MNCs being monopoly organizations are able to accumulate through world trade, by establishing bi-lateral or multi lateral trade agreements with developing countries to provide market for their products and finance. It may not be an exaggeration if it is said that the laws of capitalism has resulted in concentration and centralization of capital. Neo liberal policies encourage this trend by reducing tax rates, fiscal deficit, cut in public expenditure, cutting domestic employment, demand, purchasing power,etc

As already mentioned, that there is an economic recolonisation taking place in the name of economic integration. If integration help the third world countries to earn more, meet the livelihood needs, free them from hunger and poverty, it would certainly be doing justice. But what is actually observed is a different story. The MNC's could find a place to invest their surplus capital and earn super profit, resulting in further concentration of power. They were able to have a good market for their products at the cost of domestic market. The developing countries due to their technological backwardness in various sectors suffer due to lack of initiatives to create level playing field. In the employment and trade, competitiveness became the key and hence the strategy of survival of the fittest started working in the fronts of industry, employment, labour market and goods and services etc. This has slowly been resulted in exclusion, widening inequalities, unemployment and underemployment ending with lack of purchasing power. All this has compounded to further inequalities as global integration through trade and investment failed to address poverty and inequality.

## Foreign Direct Investment:

The MNC's are encouraged to bring foreign investment to India as per the provisions of neo liberal policies. However there are to components of the foreign investment which flow in. They are foreign direct investment and foreign portfolio or financial investment. The former is productive as it gets invested in productive projects of bringing return in the long run. But the statistics revealed that more than 70% of the foreign investment are of the nature of latter which is highly volatile and move in or out at any time shaking the economic stability of the country. Foreign investors are always clever enough to choose to such areas which bring them quick and huge returns in the short run. No MNC will be interested in ensuring wage goods at a cheaper rate highly afforadable poor and their low purchasing power. Food security has never been the concern of MNCs. The kind of area they concentrate in manufacturing is also on white durable goods which very often do not help the benefits reach the poor nor generate employment to the unemployed poor to enhance their purchasing power. FDIs flows in the past decade averaged to 0.5% against 5% for China, 5,5% Brazil Annual FDI flows exceeds $50b, India $4b. India's share of world merchandise trade — for 20yrs moved form 0.5 to 0.7%, China %. India under trades by 70 to 80% given its size, proximity to markets and labour cost advantages.

## Working conditions in the Labour Market

Globalisation has resulted in concentration and centralisation of capital by encouraging application of capital intensive technologies. Given that India

## Growing Imperialism

Since the Indian economy was almost dying, it had to resort to support and financial assistance to the world imperialistic power none other than the trimuti namely world bank, International Monetary Fund and World Trade Organisation who became the rulers of international finance and trade by late 1990s. It was labeled as recolonisation of countries as the crisis faced by the third world countries were not just the result of their respective policies but also due to the policies and exploitative attitude of the first world countries who are super powers rules the global trade etc. Historically speaking, with the growth of science and technological development, end of two World war and colonization there has been an accumulation of both industrial and finance capital among the first world countries particularly America, and other countries. Packed with the greed to earn super profit, with the absence of any countervailing power due to breakup of USSR, the hegemonic imperialistic power started imposing conditions on third world countries seeking access to unrestricted markets, resources, of developing countries. Many bi-lateral agreements were made to strengthen the same. Financial liberalization and internationalization of capital became easier to the advantages of the developed countries which eventually deprived the third world countries to restrict the inflow of imports and regulate trade flows.

The characteristics of floating capital is that they are highly volatile and may flow in and flow out at any time when there is any sign of market failure, or any distortions in the economic performance. It does not care about the economic growth or needs or demand of the mass but only the appreciation of its exchange value and share prices and yield. Experience of such crisis in Mexico 994 and South East Asian countries 1997-98 are classic examples which stand cautioning other countries to make such move of say repeated devaluation, full convertibility etc.

## Concentration of Industrial Capital:

An estimate in 1993 by Economist revealed that as high as $20 trillion asset holdings were with MNCs. The MNCs being monopoly organizations are able to accumulate through world trade, by establishing bi-lateral or multi lateral trade agreements with developing countries to provide market for their products and finance. It may not be an exaggeration if it is said that the laws of capitalism has resulted in concentration and centralization of capital. Neo liberal policies encourage this trend by reducing tax rates, fiscal deficit, cut in public expenditure, cutting domestic employment, demand, purchasing power,etc

As already mentioned, that there is an economic recolonisation taking place in the name of economic integration. If integration help the third world countries to earn more, meet the livelihood needs, free them from hunger and poverty, it would certainly be doing justice. But what is actually observed is a different story. The MNCs could find a place to invest their surplus capital and earn super profit, resulting in further concentration of power. They were able to have a good market for their products at the cost of domestic market. The developing countries due to their technological backwardness in various sectors suffer due to lack of initiatives to create level playing field. In the employment and trade, competitiveness became the key and hence the strategy of survival of the fittest started working in the fronts of industry, employment, labour market and goods and services etc. This has slowly been resulted in exclusion, widening inequalities, unemployment and underemployment ending with lack of purchasing power. All this has compounded to further inequalities as global integration through trade and investment failed to address poverty and inequality.

## Foreign Direct Investment:

The MNCs are encouraged to bring foreign investment to India as per the provisions of neo liberal policies. However there are to components of the foreign investment which flow in. They are foreign direct investment and foreign portfolio or financial investment. The former is productive as it gets invested in productive projects of bringing return in the long run. But the statistics revealed that more than 70% of the foreign investment are of the nature of latter which is highly volatile and move in or out at any time shaking the economic stability of the country. Foreign investors are always clever enough to choose to such areas which bring them quick and huge returns in the short run. No MNC will be interested in ensuring wage goods at a cheaper rate highly afforadable poor and their low purchasing power. Food security has never been the concern of MNCs. The kind of area they concentrate in manufacturing is also on white durable goods which very often do not help the benefits reach the poor nor generate employment to the unemployed poor to enhance their purchasing power. FDIs flows in the past decade averaged to 0.5% against 5% for China, 5,5% Brazil Annual FDI flows exceeds $50b, India $4b. India's share of world merchandise trade — for 20yrs moved form 0.5 to 0.7%, China %. India under trades by 70 to 80% given its size, proximity to markets and labour cost advantages.

## Working conditions in the Labour Market

Globalisation has resulted in concentration and centralisation of capital by encouraging application of capital intensive technologies. Given that India

is a second populated country with large percentage of youth population in the world, has huge human resource as reserve army of labour - unemployment reached 8% of the labour force and as per the employment exchange statistics, there are around 120 million registered as unemployed youth, 700 m underemployed, 1.3 m live in absolute poverty etc. The worst affected is youth, whose unemployment grew to 13.4% from 11.6% in India since Independence. It is equally true in developed courtries like Spain where youth unemployment is 39% and in France 28.1%. This reflects that the domestic economic issues are not due to domestic policies but due to the global policies. Hence while designing policies and implementing the same one has to take into consideration the kind of development taking place in other countries, their policies etc in order to safeguard the interest of the domestic economy. This is the feature of global integration.

There are issues in India which still to get addressed even after 60 years- issue of land- nor those of water rights and forests. Caste and gender discrimination - never addressed structural or other inequalities. Now working hard to make them worse. At the start of the reform period, the bottom half of rural households accounted for leass than 3.5% of total land and ownership while the top 10% owned well over 50% of the land. If only irrigated land is considered, picture is still frightening.85% of rural households are either land less, sub marginal, marginal or small farmers no improvement in 15 yrs time but it got worsened.

Direction of policy it taking the land from farmers to big corporations and each policy has same move to take it forward. Largest displacement is taking place in history not in dams or mining projects but in Agriculture. No clue as to what does the millions but busy with shoving off land. This is not done with bull dozers, tanks etc but make farming impossible for small holders. In the previous decade at least was better with improvement in HDI literacy, life expectancy, etc. There was sense of feeling that India lives in villages. Fanners were seen as people carrying the nations feature all these are getting lost due to failure of agriculture, lack of public expenditure on farming and withdrawal of subsidies which made the cost of production unaffordable, failed to generate credit needed, failed to offer procure and offer extension services all have cumulatively causing the farmers get depressed, resulting in disowning and distress migration and farmers suicides also.

### Lopsided Development:

Global policies and global integration did help Indian industries favourably. It is true that Indian capitalism developed as a part of world capitalism accumulating wealth-the assets of top 22 monopoly houses shot up by 500 times since independence. However, lack of purchasing power among two third of population put pressure on domestic market for Indian capitalists. They switched over to an alternative to produce for export and for rich consumption, but technological lag compared to Japan and other advanced countries still pushed the Indian producers backward. They are encouraged and forced to seek IMF for financial support to borrow technology to increase export and realize super profit.

The IMF extends support with certain conditionalities as this is the right right time to really make use of the opportunity to their favour. The conditionalitiesn include reduction in fiscal deficit, reducing government expenditure, giving the govt. capacity to pay interest, reduction in subsidies- say food security, health, education -affecting millions of poor population. The total liability increased to 61% of GDP and India is returning more resources than borrowing in recent years, which is the sorry state of affairs.

All these developments were made solely with the aim of profit making but not addressing the structural inequalities and poverty. The benefits of development have not been equally distributed to the poor and other disadvantages group and hence the development is lop sided.

### Issues in the Labour Market: Informalisation:

Ever since the global policies are implemented, there has been a tendency towards Informalization of labour market operations either in the form of contract labour or other forms. Absolutely no recruitment for permanent positions was done in both production and service sectors. Even in the education institutions, daily wage or hourly payment in college teachers became the order of the day, losing the dignity of being a professor. As a result it is observed that the formal sector fast turning into informal, followed by migration from rural to unban areas, rural non-farm employment being on the increase, the scope for marginal and small farmers in the dry land farming declined and hence the men migrate outside and face crisis, hardly earn for their own and women and daughter struggle in the native place challenging and struggling for their livelihood needs.

### Causalisation:

Another important pattern developing in the labour market followed by the informalisation is the causalisation. Casual labour and dismantling of all social security measures, safety nets in the labour market, and emergence of contract labour, contract farming system in agriculture and exclusion of hitherto contributed skilled workers who may be old but experienced, ultimately ended in lack of

dignity of labour. Classic example is the college lecturers being paid Rs. 4000 on hourly basis in TN and it is true in other states also. Self-financing colleges and health institutions mushroomed diverting the funds from less competitive industrial sector and invested everything in the educational institutions, and made education as a highly commercial operation. This is true with health sector, wherein the state withdrew the support, and introduced minimum payment to be made in government hospital in Tamil Nadu, later withdrawn, new hospitals, paramedical colleges, laboratories, private climes equipped with all latest machineries, instruments, etc heavily charging the patients by making them undergo all tests, with the equipments bought. Ignorant and illiterate poor population sell off their entire belongings to undergo treatment became the order of the day. Education and Health are very much in reach and accessible but become commerce and unaffordable in the globalization context. No recruitment for more than a plan period and campus interview and placement cells in each educational institutions are able to supply human resource to meet the needs of hardly 25% of the requirement of the private and MNCs, IT sector etc, again resulting in exclusion of poor, less average, or even intelligent but not fitting to the corporate culture. The kind of inputs given and curriculum followed in the self-financing and autonomous colleges hardly match to the requirements of being employed immediately. These forces the students to further do a course to make them employable and safeguard themselves from bring excluded. Unemployability of the students in the changing recruitment practices by MNCs, IT, Telecommunication and exclusion of large majority, lack of fitting to corporate culture and frequent staff turnover negative dynamism being experienced by the Indian labour market.

## Feminisation of Labour:

Another important feature of globalization is feminisation of labour. There are number of sectors which employ more women than men. In India, next to agriculture, textile is the largest employer followed by construction sector. Textile sector attracts considerable number of women labourers in order to address the competition, as the quota system is lifted and it is now open to supply any amount required at a competitive price. Given that India textile sector has an edge over other in terms of cheap labour, it becomes necessary to identify the source which will still contribute to lower cost of production. This is being done through increasing female labour force participation in textile sector, hi the Export Processing Zones, large number of rural women are employed

- Textiles, construction and informal sector, EPZs etc
- In agriculture it is distress feminisation due to migration of male workers
- Decline in women's employment since globalisation due to shift towards self-employment, homebased work
- Exploitative industrial employment, picking up and dropping back at the door steps, long hours, lower wage, poor work environment, harassment by owners, managers, supervisors, co-workers including sexual harassment
- Lack of time to take food, tea, to use toilets in EPZs.
- Poor sanitation conditions,
- Pressure of dual responsibility, affecting health

## Some Micro Level Evidences:

## Textile and Garment units in Tamil Nadu:

Tamil Nadu textile belt spread over Karur, Erode, Tiruppur, Coimbatore are the huge employer of rural and urban unemployed youth. It is true that these textile units with the lifting of quota system are open to supply as much quantity as needed but at a competitive price. Given this it is inevitable for the capitalist to keep the production going and enhance by minimising the cost to keep it competitive in the global market. It is true that considerable foreign exchange is realised by the exports of textiles and garments. One advantage that the Indian producers have an edge over other countries is the cheap labour. Even among the labour, women and girls are considered to still better in terms of realizing more productivity with least cost. Hence the labour is targeted as other input cost cannot be lowered. In order to realize the best advantage, there are number of techniques to attract women and adolescent girls. In Coimbatore district of Tamil Nadu in order to attract the vulnerable rural and urban girls a unique scheme called "Marriage Plan" has been introduced which has the provisions of payment of Rs. 35000 and five sovereign of gold after three years of completion of service in a single industrial unit. They are promised to provide free accommodation and food. A group of persons are identified by the concerned industrial units through the agents who will be explaining about the scheme. Learning that the scheme would be bringing a lump sum, the parents who are already vulnerable for livelihood needs, encourage the girls to join such units. Several girls from Ramanad, Sivagangai, Pudukottai, and some parts of Kerala are brought to such occupation and working in knitting, garment units. A report by SAVE, a NGO working in Coimbatore, in a study found that not all girls are paid the amount fully. Hardly the girls joined continue for three years and only a few girls could complete and received Rs. 15, 000 instead of Rs. 35000. But the provisions mentioned are different. A gender and social

question to be addressed is that the girls are not relieved from paying dowry and the plan itself is labeled as Sumagali Thittam with gold and lump sum cash to facilitate the existing norms of paying dowry to sustain. It is no way out for the girls to get rid of paying from dowry is an underlining fact to be mentioned.

It was also observed in the study that the exploitation in the name of Marriage Plan, harassment at work place sexual, verbal, humiliating and monotonous and lowly paid, marginalized, less skilled jobs and making the girls standing all the time even for one and half shift means, 12 hours are the sorry state of affair. There are several other tools used to bring more women and there is real feminization of labour in the textile sector, wherein several big companies send transport to door steps, pick up from villages taking the vulnerability of the rural mass and also keep them come without break. An informal discussion with the employers about their own children's education revealed that they spend upto Rs.5 lakhs by way of donation alone for their children to admit in school but the poor girls are not supported as per the promises made at the time of recruitment.

It is a common phenomenon to observe in such belt that the workers both male and female come and do not stay permanently as they wages, working conditions etc do not suit them, in spite of the fact that they suffer for livelihood needs. Hence there is an ever increasing demand for labour and it was told in the discussion with some of the employers that there is a need for two lakhs workers in textiles sector in and around Coimbatore, Tiruppur etc. The local native population is worried on the kind of impact created by the floating population which they label as loss or change of native culture; Girls are teased, sexually harassed, or suffer from fear of being harassed, get marry choosing a suitable boy among the workers or leave the job. Several girls from Kerala are working in textile industries due to poor economic conditions and though wish to leave, they are not able to leave due to their pressing economic needs.

## Construction Sector:

Feminization of employment in urban centers, textiles, construction sector are the common feature. Next to agriculture, textile sector, the construction sector plays and provides a significant employment in the informal sector. The condition of work and the wages paid to workers are on contract basis. An enquiry with the construction workers particularly women revealed that several women are brought the hardships of sexual favours and in the event of failing to oblige to sexual favors, they get the threat of being not given work subsequently. A few women who had to oblige to such sexual favours with the hard labour and a minimum wage, turned to commercial sex workers. It is also true that the modern construction sector denies work above 40 year of age on the ground of physical fitness to climb up in the multistoried building etc. It is true that the there is a failure of animal, allied activities in rural which drive women and adolescent girls to mobile to other areas to meet the livelihood needs. But the women who are going to work are not seen as workers but as women workers with the sexual tone. Such attitude is emerging in several other areas which only implies that the feminization of labour have with it an additional perspective of sexual favours.

## Consequences of Globalisation:

- Increase in absolute number population below poverty and hunger,freeze on the recruitment as the policies are to reduce public expenditure, privitization of public sector as one of the conditions is to withdraw the support of the state gradually, closure of 4 lakh factories, increased unemployment, starvation deaths, suicides Agri imports putting pressure on farmers, fall of price of green tea from Rs. 18 - Rs.3 Rubber from Rs. 70 to Rs. 28, coffee from Rs. 72 to Rs. 32 and coconut form from Rs. 7 to Rs. 3. Sugarcane burnt in fields, sugar mills were closed and it was not the people but traders benefit from such price crash.

## Implications:

- Globalization has intensified interdependence and competition in trade and movement of goods and services
- Domestic economic development not determined by domestic policies and market conditions but global policies
- Need to consider the global policies while framing domestic policies
- This constrain the policy option and loss of policy autonomy

## Set backs in the neo liberal era in Kerala:

- Social service sectors emphasized ignoring production
- Low growth rate
- Slow industrialization
- Poor investment base
- Stagnant employment in private sector
- End in Public sector employment
- Overstaffing and inefficiency
- Mounting government's wagebill
- Inadequate production, import of essentials hike in price
- Vicious circle of higher wages, higher prices
- Flow of remittances from abroad absorbed
- High cost non-competitive economy-advocate a balance

Kerala economy is the people's economy but still it suffers from various ills. On the social indicators

front, it is doing very well but there are continuous economic set backs, political instability. It is necessary for the intellect to address the economic set back in the short run without leaving it to sustain. Population density, pressure on land, less attractive agriculture and encroachment of forests, decline in green cover must be taken as chief concerns and suitable policies must be framed. How to Address these issues?

**State:**

- Expand domestic market
- Implement land reforms and intensify redistribution
- Increase the purchasing power; many textiles are closed not because people do not need cloth but because no money to buy
- It is not to blame state or policies but people should unite and fight for expansion of domestic market and help our economy to make super profit
- Ensure safe working conditions for women making the workers and employers accept women as workers not as women workers or sexual objects.

People:

- Unite and fight for human rights
- Ensure Dignity of labour
- Fight for Redistribution of accumulation of capital
- Feminisation of labour is not for women's support but to exploit the cheap labour
- Let that accumulated and concentrated capital be given as dividend by way of increased wage.
- Joint effort of academicians, researchers, policy makers, NGOs, state and other institutions with the people's participation must design a policy to address the above issues.


**References:**

1. Globalisation and Poverty. Centre for International Economics, Australia.
2. WIDER ANNUAL LECTURE 6: Winners and Losers over two centuries of Globalisation: Jeffery G. Williamsoa
3. Globalisation Trend and Issues — T.K.Velayudham, Page 3, 66.
4. Globalisation and India—Lecture : Prof Sagar Jain, University of N.Carolina.
5. Repositioning India in the Globalised World— Lecture : V.N.Rai.
6. Globalisation and India's Business prospectives - Lecture — Ravi Kastia.
7. "Globalisation and Liberalisation" Prospects of New World Order — Dr.A.K.Ojha, Third Concept - An International Journal of Ideas, Aug 2002.
8. The Indian and Global Business — Jan 2004, Page 30
9. Workshop Proceeding "Globalization and its Impact on Women Workers in the Informal Economy" Organized by SEWA Bharat, UNIFEM and Global Network -Asia, 2002




# ചതുരംഗ ലോകത്തെ പ്രതിഭ


**പ്രൊഫ. വി.സി.ആൻറണി**

*സെൻറ് പോൾസ് കോളജ്, കളമശ്ശേരി*


ചതുരംഗ കളത്തിലെ അതികായൻ
ലോക ചെസ്സിലെ ഇതിഹാസ താരം
അറുപത്തി നാലു വയസ്സുകാരൻ
ഫിഷർ എന്ന അത്ഭുത താരം
നിര്യാതനായെന്ന വാർത്ത വന്നപ്പോൾ,
ചതുരംഗ ലോകം മൂകമായി.
ചതുരംഗ ചരിത്രത്തിലെ അത്ഭുതമാണയാൾ
ചരുരംഗ കളിയിലെ ക്ഷിപ്രകോപി
ചതുരംഗ ലോകത്തെ ബുദ്ധി ജീവി
ചതുരംഗ കളിയെ ധന്യമാക്കിയവൻ
ചതുരംഗ കളിയെ ജനകീയമാക്കിയോൻ
ചെസിലെ കളങ്ങൾ കണ്ടിട്ടങ്ങു
കളിയെപ്പററി ഒന്നും അറിയില്ലല്ലോ
എങ്കിലും ഞങ്ങൾക്ക് സുപരിചിതനാണ്
അതാണ് റോബർട്ട് ജെയിംസ്ഫിഷർ
അമേരിക്കൻ ചെസ്സിലെ അത്ഭുത ബാലൻ
വിശ്വ വിജയങ്ങൾ കൈയ്യിലെടുത്തവൻ
നന്നെ ചെറുപ്പത്തിൽ ലോക പട്ടം അണിഞ്ഞവൻ
എല്ലാം എല്ലാം ബോബി ഫിഷർ.

**ആർ. പാർവ്വതീദേവി**
പി. ആർ. ഒ., സംസ്ഥാന കുടുംബശ്രീ മിഷൻ

# നിശബ്ദത ഏറെ നീണ്ടുനിൽക്കില്ല

കേരളത്തിലെ സ്ത്രീ പ്രശ്നം സങ്കീർണ്ണമായ പ്രശ്നമണ്ഡലങ്ങളിൽ കുരുങ്ങിക്കിടക്കുകയാണിന്ന്. സാമൂഹ്യമാനദണ്ഡങ്ങൾ സ്ത്രീക്ക് അനുകൂലമായിരുന്നിട്ടും മലയാളി സ്ത്രീക്ക് അഭിമാനകരമായ ജീവിതം ലഭിക്കുന്നില്ല എന്നത് യാഥാർത്ഥ്യമായി അവശേഷിക്കുന്നു. തൊഴിലിടങ്ങളിലും തെരുവിലും കലാലയങ്ങളിലും മാത്രമല്ല വീട്ടിനകത്തെ പീഡനത്തിലും കേരളം മുന്നേറുകയാണ്. ഇന്ത്യയിൽ ഗാർഹിക പീഡനത്തിൽ കേരളത്തിന്റെ സ്ഥാനം 7-ാമത് ആണെന്നാണ് ഔദ്യോഗിക കണക്കുകൾ. സ്ത്രീധനവും മദ്യവും സ്ത്രീജീവിതത്തെ ദുരിതപൂർണ്ണമാക്കുമ്പോൾ ആഗോളവത്ക്കരണത്തിന്റെ കടന്നാക്രമണം അവളുടെ നിലനിൽപ്പുതന്നെ അപകടത്തിലാക്കുന്നു.

അധികാരകേന്ദ്രങ്ങളിലെ അസാന്നിദ്ധ്യവും തൊഴിൽ മേഖലയിലെ പങ്കാളിത്തമില്ലായ്മയും പൊതു ഇടങ്ങളിൽ അവർ നേരിടുന്ന ആക്രമണങ്ങളും പ്രശ്നത്തിന്റെ രൂക്ഷത വെളിപ്പെടുത്തുന്നു.

ഈ പശ്ചാത്തലത്തിൽ വേണം കേരളത്തിന്റെ നൂതന മാതൃകയെന്ന് അഭിമാനിക്കാവുന്ന കുടുംബശ്രീയെ വിലയിരുത്തേണ്ടത്. 9 വർഷത്തിനുള്ളിൽ 36 ലക്ഷം ദരിദ്രസ്ത്രീകൾ ആണ് ഈ പ്രസ്ഥാനത്തിൽ അംഗങ്ങളായിരിക്കുന്നത്. 1998-ൽ ഇടതുപക്ഷ സർക്കാർ തുടങ്ങിവച്ച ദാരിദ്ര്യലഘൂകരണ പരിപാടി 2008 ആയപ്പോഴേക്കും അവഗണിക്കാനാവാത്ത ശക്തിയായി മാറിക്കഴിഞ്ഞു. ചേരിപുനരുദ്ധാരണം ആയാലും മാലിന്യ നിർമ്മാർജ്ജനമായാലും സമ്പൂർണ്ണകായികക്ഷമതാ പരിപാടിയായാലും കുടുംബശ്രീ ഉണ്ടെങ്കിൽ മാത്രമേ വിജയിക്കൂ എന്ന സ്ഥിതിയാണ്.

ഇത് ഒരു ചെറിയ കാര്യമല്ല. ശരാശരി വിദ്യാഭ്യാസം മാത്രമുള്ള ഈ സമൂഹത്തിലെ ഏററവും താഴേക്കിടയിൽ ജീവിക്കുന്ന യാതൊരുവിധ അംഗീകാരവും ഇല്ലാത്ത ഒരുപററം സ്ത്രീകൾ ഇത്തരത്തിൽ അംഗീകരിക്കപ്പെടുമ്പോൾ സ്ത്രീശാക്തീകരണത്തിന്റെ അപൂർവ്വമാതൃകയായി കുടുംബശ്രീ മാറുകയാണ്. എന്നു മാത്രമല്ല സാമ്പത്തിക ശാക്തീകരണത്തിനൊപ്പം സ്ത്രീശാക്തീകരണവും എന്നത് പ്രയോഗതലത്തിലെത്തിക്കാൻ കഴിഞ്ഞു എന്നതും എടുത്തുപറയത്തക്ക നേട്ടം തന്നെയാണ്. രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ മുന്നിൽ സാധാരണ വോട്ടർമാരായിരുന്ന ഈ സ്ത്രീകൾ വിധി നിർണ്ണയം നടത്തുന്ന ശക്തിയായി ഇന്ന് മാറിക്കഴിഞ്ഞു. 1400 ജനപ്രതിനിധികൾ കുടുംബശ്രീയിലൂടെ മുഖ്യധാരാ രാഷ്ട്രീയത്തിലേക്ക് കടന്നുവന്നവരാണ്.

കുടുംബശ്രീയിൽ ഉൾപ്പെടുന്നതിനു മുൻപ് വീടിന്റെ നാലുചുമരുകൾക്കുള്ളിൽ നിന്നും പുറത്തിറങ്ങാനാകാതെ എല്ലാത്തരം പീഡനങ്ങൾക്കും ചൂഷണങ്ങൾക്കും കടുത്ത ദാരിദ്ര്യത്തിനും ഇടയിൽ വിധിയെ പഴിച്ചുകൊണ്ട് ജീവിതം തള്ളിനീക്കിയിരുന്നവരാണിവർ. ഇവർ ഇന്ന് യോഗം ചേരുന്നു, ചർച്ച ചെയ്യുന്നു, അവകാശങ്ങൾ തിരിച്ചറിയുന്നു, വ്യവസായ സംരംഭങ്ങൾ നടത്തുന്നു, വരുമാനമുണ്ടാക്കുന്നു, യാത്രചെയ്യുന്നു, കണക്ക് ചിട്ടപ്പെടുത്തുന്നു - ഇവർക്ക് ലഭിച്ചിരിക്കുന്ന ചലന സ്വാതന്ത്ര്യവും സമൂഹത്തിലും വീട്ടിലും ലഭിച്ചിരിക്കുന്ന ഉയർന്ന പദവിയും വരുമാനത്തേക്കാളേറെ ഇവർ വിലമതിക്കുന്നു. കൂട്ടായ്മയിൽ നിന്നും കിട്ടുന്ന ആഹ്ളാദവും ആത്മാഭിമാനവും ഇവർ മറച്ചുവയ്ക്കാറില്ല.

പതിനൊന്നാം പഞ്ചവത്സരപദ്ധതി നടത്തിപ്പിനുള്ള പ്രവർത്തനങ്ങൾ കേരളം ആരംഭിച്ചുകഴിഞ്ഞു. കുടുംബശ്രീ സഹോദരിമാർക്ക് നാടിന്റെ വികസനത്തിനായി ഫലപ്രദമായി ഇടപെടാനുള്ള അവസരമാണിത്. അതിനായി, 50,000 ലേറെപ്പേർക്ക് കുടുംബശ്രീ മിഷൻ പരിശീലനം നൽകിക്കഴിഞ്ഞു. ഗ്രാമസഭകളിൽ പങ്കെടുത്ത് അഭിപ്രായം പറയുമ്പോൾ 'എനിക്കെന്തുവേണം' എന്നല്ല ഇ



ന്ന് ഒരു അയൽക്കൂട്ട സഹോദരി പറയുന്നത്. ഈ നാടിന്റെ പുരോഗതിക്ക് ആവശ്യം എന്താണെന്നാണ് അവർ ചൂണ്ടിക്കാട്ടുന്നത്. കാരുണ്യത്തിനായി കൈനീട്ടി നിൽക്കുന്ന ഗുണഭോക്തൃസമൂഹം എന്ന രീതിയിൽ നിന്നും മാറി നാടിന്റെ ഭാവി തീരുമാനിക്കുന്ന ശക്തിയായി കുടുംബശ്രീ മാറിത്തുടങ്ങിക്കഴിഞ്ഞു. ഇത് പൂർണ്ണമായെന്ന് അവകാശപ്പെടുന്നില്ല. പക്ഷേ, അതിനുള്ള ആരംഭം കുറിച്ചുകഴിഞ്ഞു. സ്ത്രീ എന്ന നിലയിൽ സ്വന്തം സ്വത്വം തിരിച്ചറിയാൻ ഉതകുന്ന പരിപാടികളും കുടുംബശ്രീ മിഷന്റെ അജണ്ടയിൽ ഉണ്ട്. ഇത് ബോധവത്ക്കരണം എന്ന് പറഞ്ഞുതേഞ്ഞ രീതിയിൽ അല്ല നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. സ്വയംപഠന പ്രക്രിയ എന്ന നൂതന പദ്ധതിയിലൂടെ ലിംഗവിവേചനത്തിന്റെ താത്വികവും പ്രായോഗികവുമായ വശങ്ങൾ പരിചയപ്പെടുത്താനാണ് ശ്രമം തുടങ്ങിയിരിക്കുന്നത്. കുടുംബശ്രീയുടെ നിശബ്ദ വിപ്ളവം അങ്ങനെ ശബ്ദായമാനമായി മാറുന്നതിന് ഏറെ കാത്തിരിക്കേണ്ടി വരില്ല.

ഡോ. ആർ.ബി.രാജലക്ഷ്മി
എം.ജി.കോളജ്, തിരുവനന്തപുരം

# അദ്ധ്യാപക സംഘടനയിലെ സ്ത്രീ പ്രാതിനിധ്യം ഇന്നത്തെ പ്രസക്തി

**അദ്ധ്യാപികമാർ സംഘടനാ നേതൃത്വത്തിലേക്ക് വരണമെങ്കിൽ രണ്ടു പ്രധാന കാര്യങ്ങൾ ഒരേസമയം നടക്കേണ്ടതുണ്ട്. ഒന്ന് സംഘടനാ നേതൃത്വത്തിൻെറ സ്ത്രീപക്ഷ സമീപനം പുരോഗമന പരമാകണം. മറെറാന്ന് സംഘടനാ പ്രവർത്തനം തൻെറ ഉത്തരവാദിത്തമാണെന്നും അതു തനിക്ക് അസാധ്യമല്ലെന്നും ഉള്ള സ്ത്രീയുടെ തിരിച്ചറിവ്. ഇവ രണ്ടും സമന്വയിക്കുമ്പോൾ മാത്രമേ മുൻനിര പ്രവർത്തകരുണ്ടാകൂ.**

21-ാം നൂററാണ്ട് സ്ത്രീകളുടെ നൂററാണ്ടായിരിക്കുമെന്ന് പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞനും നോബൽ സമ്മാന ജേതാവുമായ അമർത്യാസെൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. ലോകമെമ്പാടും സ്ത്രീകൾ നടത്തിക്കൊണ്ടിരിക്കുന്ന പോരാട്ടങ്ങളും അവർക്കുണ്ടായിക്കൊണ്ടിരിക്കുന്ന മുന്നേററവും കണ്ടിട്ടാകണം അദ്ദേഹം ഇങ്ങനെ അഭിപ്രായപ്പെട്ടത്. ഇതിൻെറ അനുരണങ്ങൾ ഇന്ത്യയൊട്ടാകെ പ്രതിധ്വനിക്കുന്നുണ്ട്. നമ്മുടെ കൊച്ചു കേരളത്തിലും കഴിഞ്ഞ നൂററാണ്ടിനെ അപേക്ഷിച്ച് പല രംഗങ്ങളിലും സ്ത്രീകളുടെ ദൃശ്യത നേരിട്ടറിയാൻ കഴിയുന്നുണ്ട്.33% വനിതാ സംവരണത്തിലൂടെ അധികാരത്തിൻെറ ത്രിതല സംവിധാനങ്ങളിലൂടെയും സ്ത്രീ ശാക്തീകരണത്തിൻെറ ഭാഗമായി രൂപം കൊണ്ട കുടുംബശ്രീ അയൽക്കൂട്ടങ്ങളിലൂടെയും ലക്ഷക്കണക്കിനു സ്ത്രീകളാണ് പൊതു രംഗത്ത് പ്രത്യക്ഷമായിരിക്കുന്നത്. പുറമേ കാണുന്ന ഈ സ്ത്രീ സാന്നിദ്ധ്യം കണ്ട് അവരുടെയെല്ലാം സാമൂഹിക പദവി ഉയർന്നു വന്നോ അവരെല്ലാം ശാക്തീകരിക്കപ്പെടുവെന്നോ കരുതുന്നതിൽ അർത്ഥമില്ല. അതിനിനിയും ഏറെ സമയം വേണ്ടി വരും. സാക്ഷരരാകുന്നതിലും ഉന്നത വിദ്യാഭ്യാസം നേടുന്നതിലും ആരോഗ്യ- തൊഴിൽ മേഖലകളിൽ മുന്നേറുന്നതിലും കേരളം മററു സംസ്ഥാനങ്ങളെക്കാൾ മുൻപന്തിയിലാണെന്നതാണ് ശ്രദ്ധേയം. കണക്കുകളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ സ്ത്രീകളുടെ നില ഭദ്രമാണെന്നോ മികച്ചതാണെന്നോ പറയുമ്പോഴും സമീപകാലത്ത് കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് കേരളത്തിൽ നടത്തിയ പഠനത്തിൽ വ്യത്യസ്തമായൊരു ചിത്രമാണ് ലഭിക്കുന്നത്. വിദ്യാഭ്യാസത്തിൻെറ തോതു വച്ചു നോക്കുമ്പോൾ തൊഴിൽ രംഗത്തേക്കുള്ള കേരള സ്ത്രീകളുടെ കടന്നു വരവ് ദേശീയ ശരാശരിയെക്കാൾ കുറവാണെന്നതാണ് (13.1%) വിദ്യാഭ്യാസത്തിൻെറ അടിസ്ഥാനത്തിലോ തൊഴിൽ നൈപുണിയുടെ അടിസ്ഥാനത്തിലോ അർഹിക്കുന്ന ജോലി ലഭിക്കാത്തതാണ് ഒരു പ്രശ്നം. തന്മൂലം വീട്ടമ്മവല്ക്കരണം വർദ്ധിച്ചു വരുന്നതായും പഠനം കണ്ടെത്തിയിരിക്കുന്നു. യന്ത്രവൽക്കരണം സ്ത്രീയെ പല രംഗങ്ങളിൽ നിന്നും പ്രാന്ത വൽക്കരിക്കുകയും ചെയ്തു. ഒരു ഭാഗത്ത് സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ നടക്കുമ്പോൾത്തന്നെ മറുഭാഗത്ത് അവരറിയാതെ അവരെ നൂററാണ്ടുകൾക്ക് പിന്നിലുള്ള അവസ്ഥയിലേക്ക് നയിക്കുന്നതായി നമുക്ക് കാണാൻ കഴിയും.മത- വർഗ്ഗീയതകളും ആഗോള വൽക്കരണത്തിൻെറ ഭാഗമായ കച്ചവട മാധ്യമ തന്ത്രങ്ങളുമാണ് ഇതിനു പിന്നിൽ. ഭക്തിയുടെ പേരിലും ആരോഗ്യ പരിപാലനത്തിൻെറ പേരിലും ഭാരതീയ പാരമ്പര്യ സംരക്ഷണത്തിനെന്ന വ്യാജേനയെയും വശീകരിക്കപ്പെടുന്നത് ബഹുഭൂരിപക്ഷവും നമ്മുടെ സ്ത്രീകളാണ്. ഇത് സംഭവിച്ചു കൊണ്ടിരിക്കുന്നത് ദ്രുത ഗതിയിലൊന്നുമല്ല. ആസൂത്രിതമായി പടിപടിയായി നടക്കുന്ന ഇത്തരം ഗൂഢനീക്കങ്ങൾ തിരിച്ചറിയാൻ വിദ്യാസമ്പന്നർക്കു പോലും കഴിയുന്നില്ല. അഥവാ അറിയാൻ വ്യഗ്രത കാട്ടുന്നുമില്ല. ഇതിൽ ഭൂരി പക്ഷവും മധ്യ വർഗ്ഗ സമൂഹത്തിലുള്ള സ്ത്രീകളാണ്. ഈ ചതി തിരിച്ചറിയുവാൻ അക്കാദമിക വിദ്യാഭ്യാസം പോര, സാമൂഹ്യ ബോധവും സംഘടനാ ബോധവും സമൂഹത്തെ മുന്നോട്ടു നയിക്കാൻ കഴിവുള്ളവരുടെ സഹായവും ആവശ്യമാണ്. അതിനു സുപ്രധാന പങ്കു വഹിക്കാൻ കഴിയുന്നത് വനിതാ സംഘടനകൾക്കാണ്. കേരളത്തിൽ ഉന്നത വിദ്യാഭ്യാസം നേടിയ സ്ത്രീകളുടെ സംഘടനകൾ ഒട്ടനവധിയുണ്ട്. സ്കൂൾ - കോളേജ് അദ്ധ്യാപക സംഘടനകളും ഉദ്യോഗസ്ഥ മേഖലയിലെ വിവിധ സംഘടനകളും ഇന്ന് വലിയൊരു പങ്ക് വഹിക്കുന്നുണ്ട്.

മേൽപ്പറഞ്ഞ സംഘടനകളിൽ സ്വകാര്യ കോളജ് അദ്ധ്യാപകരുടെ പ്രധാന സംഘടനയാണ് ഏ. കെ. പി. സി. ടി. എ ഈ സംഘടനയിലെ വനിതകൾക്ക് സാമൂഹിക പരിഷ്കരണ പ്രക്രിയയിൽ വലിയൊരു പങ്കു വഹിക്കാൻ കഴിയും. അമ്പതാം വാർഷികം ആഘോഷിക്കുന്ന വേളയിൽ സംഘടനയുടെ കഴിഞ്ഞകാല ചരിത്രത്തെക്കുറിച്ചും അതിൽ വനിതകൾ വഹിച്ച പങ്കിനെക്കുറിച്ചും അന്വേഷിക്കുന്നത് ഭാവി പ്രവർത്തനങ്ങൾക്ക് സഹായകമായിരിക്കും. അദ്ധ്യാപകരുടെയും ജീവനക്കാരുടെയും ന്യായമായ അവകാശങ്ങൾ നേടിയെടുക്കാനും അവ നിലനിർത്താനും വേണ്ടി മാനേജുമെൻറുകളോട് നിരന്തരം നടത്തിയ പോരാട്ടങ്ങളുടെ ഒരു ചരിത്രം തന്നെയുണ്ട് ഈ സംഘടനയ്ക്ക്. അതിനുവേണ്ടി ത്യാഗോജ്ജ്വലമായ ജീവിതം നയിച്ച ആർ. ആർ. സിയെപ്പോലുള്ള നേതാക്കളും അദ്ദേഹത്തിൻെറ പിൻഗാമികളും അവർക്കു കരുത്തു പകർന്നു കൊണ്ട് ശക്തമായ അണികളും ഉണ്ടായിരുന്നു. അവർ നടത്തിയ പോരാട്ടങ്ങളുടെ സദ്ഫലങ്ങ

ളാണ് ഇന്നത്തെ തലമുറ അനുഭവിച്ചു പോരുന്നത്.

എന്നാൽ ഈ സംഘടനയുടെ അമരത്ത് എത്ര വനിതകളുണ്ടായിരുന്നു എന്നന്വേഷിക്കുമ്പോഴാണ് നേതൃനിരയിലെ സ്ത്രീ സാന്നിദ്ധ്യം എത്രമാത്രം പരിമിതമാണെന്ന് ബോദ്ധ്യപ്പെടുന്നത്. വിരലിലെണ്ണാവുന്ന വനിതാ നേതാക്കളുടെ എണ്ണം, സംസ്ഥാന തലത്തിൽ വൈസ് പ്രസിഡൻറുമാരായി വന്നവരിലും എപ്പോഴെങ്കിലും നോമിനേററു ചെയ്യപ്പെടുന്ന ചിലരിലും ഒതുങ്ങുന്നു.

സംഘടനാ രൂപീകരണത്തിൻെറ പ്രാരംഭഘട്ടത്തിൽ നേതൃ രംഗത്ത് സ്ത്രീ പ്രാതിനിധ്യം കുറഞ്ഞു പോവുകയോ ഉണ്ടാകാതിരുന്നതോ സ്വാഭാവികം. എന്നാൽ സംഘടനയുടെ വളർച്ചയുടെ പാതയിലും കരുത്താർജിച്ച പ്രവർത്തനം വ്യാപിച്ച ഘട്ടങ്ങളിലും തുടർന്നുണ്ടായ സമരമുഖങ്ങളിലും അദ്ധ്യാപകരോടൊപ്പം അധ്യാപികമാർ അധികം രംഗത്തു വന്നിട്ടില്ല. അംഗത്വത്തിൻെറ കാര്യത്തിൽ വമ്പിച്ച വർദ്ധനവുണ്ടായിരുന്നിട്ടുതാനും പക്ഷേ നേതൃരംഗത്ത് അധികം പേരുണ്ടായിട്ടില്ല. ഇതിനു പല കാരണങ്ങളുമുണ്ടാകാം. ചരിത്രത്തിൻെറ ഏതാണ്ട് പകുതി ഘട്ടം സംഘടനയോടൊത്തു നിന്നു പ്രവർത്തിച്ച വ്യക്തി എന്ന നിലയിൽ എനിക്കു ബോദ്ധ്യപ്പെട്ട ചില കാരണങ്ങൾ ഇവിടെ കുറിക്കുകയാണ്.

1. സംഘടനാ പ്രവർത്തനത്തിൻെറ ലക്ഷ്യം, പ്രവർത്തനം, ആവശ്യകത തുടങ്ങിയവയെക്കുറിച്ച് വ്യക്തമായ ധാരണയില്ലായ്മ.
2. ഇതിനു വേണ്ടി നടത്തുന്ന സംഘടനാ വിദ്യാഭ്യാസത്തിൻെറ പരിമിതികൾ
3. സംഘടനാ പ്രവർത്തനത്തിൽ അദ്ധ്യാപികമാർക്ക് സ്വന്തം ഇടം തിരിച്ചറിയാനോ, നേതൃത്വത്തിന് അതു ബോധ്യപ്പെടുത്തുവാനോ കഴിയാത്ത അവസ്ഥ
4. അദ്ധ്യാപികമാരിൽ ബഹുഭൂരിപക്ഷത്തിനും സംഘബോധമോ സാമൂഹിക ബോധമോ ഇല്ലാത്ത അവസ്ഥ.
5. അതു പരിഹരിക്കുന്നതിനുള്ള സംഘടനാ പ്രവർത്തനങ്ങളുടെ പരിമിതികൾ
6. അംഗത്വമെടുത്തു കഴിഞ്ഞാൽ എല്ലാമായി എന്ന ചിന്ത. അതുകൊണ്ട് തന്നെ അതിനുപുറത്ത് സ്ത്രീകൾ വരാൻ ശ്രമിക്കാറില്ല.

ഇങ്ങനെ നോക്കിയാൽ ഇനിയും ഒട്ടനവധി കാരണങ്ങൾ കണ്ടെത്താനാകും. കാരണങ്ങളിലേക്ക് പോകുന്നതിനുപരി ഈയൊരു പ്രതിസന്ധി പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ തേടുന്നതാകും അഭികാമ്യം.

യൂണിററുതലം മുതൽ സംഘടയുടെ ഉത്തരവാദിത്തങ്ങൾ അധ്യാപികമാർക്കു നൽകുവാനും അത് നിർവഹിക്കുന്നതിനുള്ള സഹായസഹകരണങ്ങൾ നേതൃത്വത്തിൻെറ ഭാഗത്തു നിന്നു നൽകുവാനും കഴിയണം. അതു പടിപടിയായി ഉയർന്നു തലങ്ങളിലേക്കു പ്രവർത്തിക്കുവാൻ അവരിൽ ആത്മ വിശ്വാസം ഉണ്ടാകും. അതോടൊപ്പം തന്നെ സ്ത്രീകളുടെ ഭാഗത്തുനിന്നും സമ്പൂർണ്ണമായ സഹകരണം ഉണ്ടാവുകയും വേണം. അധികം പേരും തങ്ങൾക്ക് ഇത്തരം പ്രവർത്തനങ്ങൾ സാധിക്കുമോ എന്ന ആശങ്ക കൊണ്ടാണ് മാറി നിൽക്കുന്നത്. അത് മാറണം. സമൂഹത്തിൻെറ ഉന്നത ശ്രേണിയിൽ വിദ്യാഭ്യാസം കൊണ്ടും സമ്പത്തുകൊണ്ടും മുമ്പിൽ നിൽക്കുന്ന കോളജധ്യാപികമാരുടെ പ്രവർത്തനം അധ്യാപനത്തോടൊപ്പം സമൂഹത്തിൻെറ മററു തലങ്ങളിലേക്കും കൂടി വേണമെന്ന് സമൂഹം ആവശ്യപ്പെടുന്നുണ്ട്. സമൂഹത്തിൻെറ വിവിധ മേഖലകളിലെ പ്രവർത്തനങ്ങളും മററു സംഘടനകളുമായുള്ള ബന്ധവും നമ്മുടെ പ്രവർത്തനങ്ങൾക്ക് കരുത്തും ആത്മ വിശ്വാസവവും പകരും. അദ്ധ്യാപനത്തിൻെറ ശൈലിയിലും ഉള്ളടക്കത്തിലും തികച്ചും വ്യത്യസ്ഥമായൊരു അനുഭവം ഉണ്ടാക്കുവാനും കഴിയുമെന്നത് തീർച്ചയാണ്. അത്തരത്തിലൊരു സംഘടനാ പ്രവർത്തനത്തിലൂടെ ഉന്നതമായ സാമൂഹിക ബോധവും സാംസ്കാരിക പ്രതിബദ്ധതയുമാണ് നമ്മുടെ അദ്ധ്യാപികമാർ നേടിയെടുക്കുന്നത്.

മുമ്പു സൂചിപ്പിച്ച പിന്നോട്ടു പോക്ക് ഏറെ സാധിച്ചു കൊണ്ടിരിക്കുന്ന ഒരു വിഭാഗമായി മാറുന്നുണ്ട് നമ്മുടെ അദ്ധ്യാപികമാർ. അന്ധ വിശ്വാസങ്ങളിലേക്കും അരാഷ്ട്രീയ ചിന്തകളിലേക്കും നയിക്കുന്ന ശക്തികളെ തിരിച്ചറിയാൻ കഴിയുന്ന ഈ വിഭാഗം അവർക്ക് വഴിതുറന്നു കൊടുക്കുന്നവരായിത്തീരരുത്. അതിനു വേണ്ടത് തന്നിലേക്കുതന്നെ ഒതുങ്ങലല്ല. കൂട്ടായ്മയുടെ പ്രസക്തിയെക്കുറിച്ചറിയുവാനും അതിനോടൊത്തു ചേർന്നു പ്രവർത്തിക്കാനും മുന്നോട്ടു വരണം. അതിനു സഹായകമാംവിധം സംഘടനാ പ്രവർത്തനങ്ങളിലെ ചിട്ടകൾ ക്രമീകരിക്കുകയും വേണം. (5 മണിക്കു ശേഷം നടത്തുന്ന കൗൺസിലുകളും മററു പരിപാടികളും സ്ത്രീകൾക്കു കൂടി സൗകര്യ പ്രദമായ സമയത്താകണം)



ചുരുക്കത്തിൽ അദ്ധ്യാപികമാർ സംഘടനാ നേതൃത്വത്തിലേക്ക് വരണമെങ്കിൽ രണ്ടു പ്രധാന കാര്യങ്ങൾ ഒരേസമയം നടക്കേണ്ടതുണ്ട്. ഒന്ന് സംഘടനാ നേതൃത്വത്തിൻെറ സ്ത്രീപക്ഷ സമീപനം പുരോഗമന പരമാകണം. മറെറാന്ന് സംഘടനാ പ്രവർത്തനം തൻെറ ഉത്തരവാദിത്തമാണെന്നും അതു തനിക്ക് അസാധ്യമല്ലെന്നും ഉള്ള സ്ത്രീയുടെ തിരിച്ചറിവ്. ഇവ രണ്ടും സമന്വയിക്കുമ്പോൾ മാത്രമേ മുൻനിര പ്രവർത്തകരുണ്ടാകൂ. ഇപ്പോഴുള്ള പരിമിതികൾ മറികടന്നു കൊണ്ടുള്ള സമീപനം വരുംകാലങ്ങളിൽ ഉണ്ടാകുമെന്ന് ഈ ജൂബിലിയാഘോഷവേളയിൽ നമുക്കു പ്രത്യാശിക്കാം. ■

സുജ സൂസൻ ജോർജ്
സെൻറ് മേരീസ് കോളജ് മണർകാട്, കോട്ടയം

# നാടുവാഴിത്തം നാടുനീങ്ങുമ്പോഴും ഭരണകൂടത്തിൽ നാടുവാഴി നിലനില്ക്കുന്നുണ്ടാകും

ഒരു രാഷ്ട്രീയ പ്ര
ഭീതി ഒരു സംസ്കാരിക പ്രശ്നമെന്നതുപോലെ
ശ്നം കൂടിയാണ്. പേടിയെ അതിജീവിക്കലും പേടി സൃഷ്ടിക്കലുമാണ്
അധികാരവും അധികാരപ്രയോഗവും ചെയ്യുന്നത്. വിമോചന പോരാട്ട
ങ്ങളെല്ലാം തന്നെ പേടിയെ അതി ജീവിക്കാനുള്ള തന്ത്രങ്ങൾകൂടിയാണ്.
സ്ത്രീയാണെന്നുള്ള പേടി, താഴ്ന്ന ജാതിയെന്നുള്ള പേടി, നൂററാണ്ടുക
ളായി അനുഭവിച്ചു പേരുന്ന അടിമത്തത്തിൻെറ പേടി, അറിവിനോടുള്ള
ഭയം, സ്വാതന്ത്ര്യത്തോടുള്ള ഭയം, തുറന്ന ഇടങ്ങളോടുള്ള ഭയം ഇവ
യോടെല്ലാം വിടപറയാനും എനിക്ക് സമമായി മാറാനുള്ള ശക്തമായ ബോ
ധനം വക്താവിനേയും ശ്രോതാവിനേയും ഒരേപോലെ മോചിപ്പിക്കുന്ന
ശക്തി മന്ത്രം അത് നവോത്ഥാന മന്ത്രമായിരുന്നു.

ജാതി ചോദിക്കുന്നില്ല ഞാൻ സോദരി
ചോദിക്കുന്നു നീർനാവുവരണ്ടഹോ
ഭീതിവേണ്ട തരികതെനിക്കു നീ

1922 ൽ കുമാരനാശാൻ എഴുതിയ ചണ്ഡാലഭിക്ഷുകിയിലെ വരികളാണിത്. ആ കാലഘട്ടത്തിൻെറ മുഴുവൻ പോരാട്ടവും അതിൻെറ നേട്ടവും ധീരതയും. ഈ വരികളിൽ ഒത്തുചേർന്ന് തുടിക്കുന്നു. ജാതി ചോദിക്കുന്നില്ല എന്നത് പ്രധാനപ്പെട്ട ഒരു പ്രഖ്യാപനമാണ്. ഞാൻ പിറന്നു വീണ ജാതിയിൽ മാത്രം തിരിച്ചറിയപ്പെടുകയും. ജാതി ചിഹ്നങ്ങളാൽ മാത്രം സാമൂഹികമായി അടയാളപ്പെടുത്തുകയും ചെയ്തിരുന്ന ഒരു സമൂഹത്തിൽ മേൽജാതിക്കാരനും സർവ്വോപരി ഒരു സന്യാസിയുമായ ആനന്ദൻ ചണ്ഡാല പെൺകൊടിയായ മാതംഗിയോടാണ് ഇത് പറയുന്നു എന്നതാണ് അതിൻെറ പ്രത്യേകത. സോദരി എന്ന സംബോധന മാററി മറിക്കുന്നത് ശിലപോലെ ഉറച്ചുപോയ ശീലങ്ങളെയാണ്. തീർത്ഥം (വെള്ളം) അശുദ്ധിയില്ലാതാക്കുന്നതാണെന്നത് അനുഷ്ഠാനം. എല്ലാ തീണ്ടലുകളും നിഷ്കാസിതമാക്കുന്നതിന് ഇവിടെ കവി ഉപയോഗിക്കുന്നതും 'നീർ' തന്നെ. 'ശിവപ്രതിഷ്ഠ'യെ തന്നെ സമരായുധമാക്കിയ ശ്രീ നാരായണഗുരുവിൻെറ അരുമ ശിഷ്യനും ആവഴി തന്നെ ഉപയോഗിക്കുന്നത് സാന്ദർഭികമല്ല. 'ഭീതി വേണ്ട തരികതെനിക്കു നീ' എന്ന ആഹ്വാനം കീറിയെറിയുന്നത് കാരിരുമ്പിനേക്കാൾ കരുത്തുള്ള തിരശ്ശീലകളെയും മറയെയുമാണ്. എന്നിട്ട് " എന്നോട് തുല്യ നീ" എന്നു പറഞ്ഞു കൊണ്ടുള്ള ചേർത്തു പിടിക്കലും.

ഭീതി ഒരു സംസ്കാരിക പ്രശ്നമെന്നതുപോലെ ഒരു രാഷ്ട്രീയപ്രശ്നം കൂടിയാണ്. പേടിയെ അതിജീവിക്കലും പേടി സൃഷ്ടിക്കലുമാണ് അധികാരവും അധികാര പ്രയോഗവും ചെയ്യുന്നത്. വിമോചന പോരാട്ടങ്ങളെല്ലാം തന്നെ പേടിയെ അതിജീവിക്കാനുള്ള തന്ത്രങ്ങൾ കൂടിയാണ്. സ്ത്രീയാണെന്നുള്ള പേടി, താഴ്ന്ന ജാതിയെന്നുള്ള പേടി, നൂററാണ്ടുകളായി അനുഭവിച്ചു പേരുന്ന അടിമത്തത്തിൻെറ പേടി, അറിവിനോടുള്ള ഭയം, സ്വാതന്ത്ര്യത്തോടുള്ള ഭയം, തുറന്ന ഇടങ്ങളോടുള്ള ഭയം ഇവയോടെല്ലാം വിടപറയാനും എനിക്ക് സമമായി മാറാനുള്ള ശക്തമായ ബോധനം വക്താവിനേയും ശ്രോതാവിനേയും ഒരേപോലെ മോചിപ്പിക്കുന്ന ശക്തി മന്ത്രം അത് നവോത്ഥാന മന്ത്രമായിരുന്നു.

ഇവിടെ ഈ വരികളെ വിചിന്തനത്തിന് വിധേയമാക്കിയത് വലിയോരിരുണ്ട കാലത്തിനും ചെറുയിടങ്ങളിലൂടെ ചുററിവളപ്പിലും 20-ാം നൂററാണ്ടിൻെറ ആദിദശകത്തിലുണ്ടായ വിള്ളലുകളുടെ വലിപ്പത്തേയും സൂചിപ്പിക്കാനാണ്. 1888 ലെ അരുവിപ്പുറം പ്രതിഷ്ഠയോടു കൂടിയാണ് കേരളത്തിലെ നവോത്ഥാന പ്രക്രിയ ആരംഭിക്കുന്നത് എന്നത് നാട്ടാർ അംഗീകരിച്ചു തുടങ്ങിയ ചരിത്രം. എന്നാൽ അതിനും അരനൂററാണ്ടപ്പുറത്ത് മലയാളം മൊഴിയുന്ന നാട്ടിലാകെ പടർന്നു പിടിച്ചൊരു കലാപം ഉണ്ടായിരുന്നു. 1828 ലെ മാറുമറയ്ക്കൽ സമരം, 1828 ലാണ് ചാന്നാർ സ്ത്രീകൾ മാറ് മറച്ച് തെരുവിൽ പ്രത്യക്ഷപ്പെടുന്നത്. ഒരു പക്ഷെ കേരളം എന്ന സമൂഹത്തെ ആദ്യമായി രേഖപ്പെടുത്തുന്ന സമരം അതായിരിക്കണം. വംശങ്ങൾ സമൂഹമായും അത് ദേശമായും രൂപപ്പെടുന്നതിന് പ്രധാനകാരണമായി പരിണമിക്കുന്നത് ആ നാടിനെയാകെ കൊരുത്തിണക്കുന്ന സമരങ്ങളാണ്. നായരും ഈഴവരും തമ്മിലുണ്ടായ വംശീയ ലഹളയായി പല ചരിത്രകാരന്മാരും രേഖപ്പെടുത്തിയ മാറുമറയ്ക്കൽ സമരം അതിലും എത്രയോ അപ്പുറത്ത്പൊട്ടിച്ചെറിയലുകളുടേയും അതിരുകളും വരമ്പുകളും തൂത്തെറിയുന്നതിൻെറയും കലഹമായിരുന്നു. മലയാള മണ്ണിൽ സ്ത്രീ സ്വാതന്ത്ര്യത്തിൻെറ, സ്വന്തം ശരീരത്തിൻെറ ഇടം സ്ഥാപിക്കലിൻെറ സമരമായിരുന്നു അത്. സ്ത്രീകേന്ദ്രീകൃത സമരങ്ങൾ എല്ലാ പിന്നോക്കക്കാരുടേയും സമരങ്ങളാകുന്നതും സ്ത്രീ സ്വാതന്ത്ര്യം എല്ലാ വിഭാഗങ്ങളുടേയും സ്വാ

തന്ത്ര്യമാകുമെന്നതും ചരിത്രപാഠമെന്ന പോലെ നാളെയുടെ അജണ്ടയുമാണ്. കേരളത്തിലെ നവോത്ഥാന ശ്രമങ്ങളുടെ ഗണ്യമായ വഴികളൊക്കെയും പെൺവഴികളായിരുന്നു.

അയ്യങ്കാളിയുടെ വിദ്യാഭ്യാസ സമരങ്ങൾക്കൊപ്പം പ്രധാനമാണ് കല്ലുമാല സമരം. എൻ എസ് എസിന്റെയും മന്നത്തു പത്മനാഭന്റേയും ആശിർവാദത്തോടു കൂടി കൊല്ലത്തു നടന്ന കല്ലു കൊണ്ടും കുപ്പിച്ചില്ലു കൊണ്ടും ഉണ്ടാക്കിയ ഭാരമേറിയ മാലകൾ സ്ത്രീകൾ പൊട്ടിച്ചെറിഞ്ഞു കൊണ്ട് നടത്തിയ സ്വാതന്ത്ര്യ പ്രഖ്യാപനമായിരുന്നു കല്ലുമാല സമരം. ഘോഷ ബഹിഷ്കരിച്ചു കൊണ്ട് നമ്പൂതിരി സ്ത്രീകളുടെ മുന്നേററം അടുക്കളയിൽ നിന്നും അരങ്ങത്തേക്കായിരുന്നു. 1936 ൽ നടന്ന കുട്ടനാട്ടിലെ കർഷക തൊഴിലാളി സ്ത്രീകളുടെ സമരം കർഷക സമര ചരിത്രത്തിലെ പ്രധാന അധ്യായമാണ്. 1946 ൽ ചെട്ടിച്ചി പാറുവിന്റേയും മാരാത്തി പാർവ്വതിയുടേയും നേതൃത്വത്തിൽ നടന്ന 'തോലുവിറകു സമരം' 'പുല്ലുവെട്ടുസമരം' ഇങ്ങനെ പൊതു ധാരണ ചരിത്രത്തിൽ രേഖപ്പെടുത്താതെ പോയ സംഭവങ്ങളും ഗർത്തവല്കരിക്കപ്പെട്ട നായികമാരും (lost heroines) അനേകമുണ്ട്. അവയിൽ ചിലതൊക്കെ കെ. ദേവയാനിയുടെ 'ചോരയും കണ്ണീരും നനഞ്ഞവഴികളിൽ' ചേർത്തിട്ടുണ്ട്.

നവോത്ഥാന സമരങ്ങൾ പൊതുവെ സമൂഹത്തിന്റെ ചലനാത്മകത വർധിപ്പിക്കുകയും സ്ത്രീകളുൾക്കൊള്ളുന്ന പിന്നോക്ക സമൂഹത്തിന്റെ ശാരീരിക, സാമ്പത്തിക, സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ രാഷ്ട്രീയ ഇടങ്ങളെ വികസിപ്പിക്കുകയും ചെയ്തു. ഈയൊരവസ്ഥാ വിശേഷമാണ് കേരള വികസന മാതൃകയ്ക്ക് അടിത്തറയായി ഭവിച്ചത്.




1921 മാർച്ച് മാസത്തിലെ 'മഹിളയിൽ' 'സ്ത്രീകളും സ്വാതന്ത്ര്യവും' എന്ന ലേഖനത്തിൽ സി. പാച്ചിയമ്മ ഇങ്ങനെ എഴുതുന്നു. " പുരുഷന്മാർ മാത്രം വിദ്യാഭ്യാസവും മതപരിഷ്കാരവും സമ്പാദിക്കുകയും സ്ത്രീകൾ അടുപ്പിനുഴിഞ്ഞു വിട്ട കോഴികളെപ്പോലെ അഥവാ ഹോമകുണ്ഠത്തിനരികെയിരുന്ന് യാഗം ദീക്ഷിക്കുന്ന യോഗികളെപ്പോലെ അടുക്കള പൂച്ചകളായി കഴിഞ്ഞു കൂടുകയും ചെയ്താൽ എങ്ങനെ നമ്മുടെ സമുദായം അഭിവൃദ്ധി പ്രാപിക്കും" ഇത്തരത്തിൽ സ്വാതന്ത്ര്യത്തെക്കുറിച്ച് സംസാരിക്കാനാകുന്ന തരത്തിൽ ഉൾക്കരുത്ത് സ്ത്രീ സമൂഹത്തിന് അക്കാലത്ത് കൈവന്നിരുന്നു എന്നത് നിസ്സാരമായ നേട്ടമല്ല.

വികസിത രാഷ്ട്രങ്ങൾക്കൊപ്പം കൈവരിച്ച നേട്ടങ്ങളുടെ തൂവലുകൾ വിദ്യാഭ്യാസത്തേയും ആരോഗ്യത്തേയും കേന്ദ്രീകരിച്ചാണുണ്ടായത്. അതിനു കാരണം മലയാളി സ്ത്രീകളുടെ വിദ്യാഭ്യാസ മുന്നേററമാണ്. വിദ്യാഭ്യാസം നൽകിയ വിശാലമായ ഇടങ്ങളും ആത്മ വിശ്വാസവും സമൂഹത്തിന്റെ സർവ്വോതോന്മുഖ മേഖലകളിലും സ്ത്രീയെ കൊണ്ടെത്തിച്ചു. വർത്തമാനകാല സമൂഹത്തിൽ കൂടുതൽ ദൃശ്യവല്ക്കരിക്കപ്പെട്ടിട്ടുണ്ട് സ്ത്രീകൾ. അസംഘടിത സംഘടിത തൊഴിലാളി മേഖലയിൽ വിദ്യാഭ്യാസ ആരോഗ്യ പ്രവർത്തനത്തിന് പുതിയ തൊഴിൽ മേഖലകളിൽ രാഷ്ട്രീയ സമൂഹിക രംഗത്ത് സാഹിത്യ സാംസ്കാര ഇടങ്ങളിൽ ഒക്കെ സ്ത്രീ സാന്നിധ്യം നിർണ്ണായകമാണ്. ഇത്തരത്തിൽ ചലനാത്മകമാണ് കേരളത്തിലെ സ്ത്രീ സമൂഹമെങ്കിലും സ്ത്രീ പുരുഷ സമത്വം സാമൂഹിക യാഥാർത്ഥ്യമായി നാം അംഗീകരിച്ചു തുടങ്ങിയിട്ടില്ല. ചലനാത്മകത സ്വാതന്ത്ര്യമാണ്. പക്ഷെ ആ സ്വാതന്ത്ര്യത്തിൽ സ്ത്രീയുടെ പങ്ക് വർധിക്കുകയും സ്വയം നിർണ്ണായാവസ്ഥ നേടാൻ കഴിയാതെ പോകുകയും ചെയ്തു.' 'നടക്കണ ആണിന്റെ മഹത്വം, ഇരിക്കണ പെണ്ണിന്റെ മുട്ടിലാണ്' എന്ന പഴയ ഫ്യൂഡൽ പഴഞ്ചൊല്ലിലെ ആന്തരിക രാഷ്ട്രീയം ഇന്നും പറഞ്ഞും പറയാതെയും നാം നടപ്പിലാക്കുന്നു.

കൂട്ടുകുടുംബം, ഏകകുടുംബമായും നാടുകൾ ദേശമായും വംശങ്ങൾ സമൂഹമായും മാറിയതനുസരിച്ച് അധികാര ഘടനകൾ അടിമുടി മാറി. എന്നാൽ സ്ത്രീ പുരുഷ ബന്ധത്തിലെ അധികാര ഘടനയ്ക്ക് ഗണ്യമായ വ്യതിയാനം ഉണ്ടായിട്ടില്ല. അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക് നീക്കി നിർത്തി അവിടങ്ങളിൽ അടുക്കളകൾ സ്ഥാപിക്കലാണ് കൂടുതലും നടന്നു കൊണ്ടിരിക്കുന്നത്. മാർക്സ് ഇത്തരം അവസ്ഥകളെ കണ്ടറിഞ്ഞു കൊണ്ടാണ് നാടുവാഴിത്തം നാടുനീങ്ങിയാലും ഭരണകൂടത്തിൽ നിലനില്കാൻ സാധ്യതയുള്ള നാടുവാഴിയെ കുറിച്ച് മുൻകൂട്ടി പറഞ്ഞു വെച്ചത്. നമ്മുടെ കുടുംബഘടന തുടങ്ങി രാഷ്ട്രീയ സാമൂഹിക പ്രസ്ഥാനങ്ങളിലേയും ജനാധിപത്യ ഭരണകൂടങ്ങളിലെയും അധികാരഘടനകൾക്ക് ഈ സ്വഭാവമുണ്ട്. ഇനി നമ്മുടെ നവോത്ഥാന പ്രക്രിയ മുന്നോട്ട് പോകേണ്ടത് സ്ത്രീ സമത്വത്തിൽ ഊന്നിയിട്ടാവണം. അതിന് സ്വതന്ത്രകളായ സ്ത്രീകളും സ്വതന്ത്രരായ പുരുഷന്മാരും ഒത്തൊരുമിച്ച് പോരാട്ടം തുടരേണ്ടിയിരിക്കുന്നു. ■

Dr. Vasanthakumari.P
N.S.S.College, Ottappalam.

# Role of Kudumbashree in poverty alleviation

Kudumbashree through micro finance programmes and micro enterprises helped the poor women to alleviate poverty, improve their economic conditions and contribute towards their empowerment

Poverty alleviation is one of the prime objectives of any country's Planning. Development is possible only if the poverty eradication programmes are implemented effectively with the participation of people. Many poverty alleviation programmes have been implemented in the country to create a positive impact on the lower income groups.

The incidence of poverty among female is more severe than among males. Female headed families have a higher percentage of the poorest households in the country. Gender inequalities have resulted in the concentration of women in unorganised sectors and unequal pay for equal work. Even then, among the poor, a major portion of disposable incomes comes from females because men spend more for personal comforts.



Kerala is no exception to this. In spite of commendable achievements in social sectors, the women of the state have only secondary status in the society. Since 1975, the International women's year, Government of Kerala organised several programmes to eradicate poverty and to provide employment to women. But these programmes did not yield desired results. In 1999, Government of Kerala launched 'Kudumbashree', an innovative, women oriented poverty eradication programme with the active support of local bodies and NABARD to eradicate absolute poverty from the state with in 10 years. The very motto of Kudumbashree is based on women empowerment.

The advantage of Kudumbashree stems from its noble approach in identifying poverty. To identify poor, it adopts a unique, but familiar criterion and is based on nine indicators or risk factors. A household is considered poor, if it possesses four of the nine risk factors. The combination of any of four risk factors - $9C_4$ combinations - provides 126 possible ways of identifying poor. This proves the ways to identify poverty and to take effective measures to tackle it. One women from every identified poor family is made a member of Neighborhood Groups (NHGs). The NHGs are federated into ward level Area Development Societies (ADS). ADS are federated into town or Panchayath level community Development Societies (CDS). Micro finance and enterprises are identified as major activities of these Groups. These three tier structure and their activities would empower the poor women of the state to eradicate poverty.

## Micro finance and Micro enterprises

Generally micro finance programmes involve small savings as well as their appropriate investments. This aims at making credit available to poor, especially women, who lack access to formal banking institutions. Availability of credit is directly linked with women's ability to earn income. Micro finance Programmes, by providing small loans without collateral securities, enable women below poverty line to start micro income generating enterprises.

Inspired by the success stories of Grameen Bank of Bangladesh, thousand of micro credit institutions have been set up all over the world. Recognizing the importance of micro credit, the United Nations has declared the year 2005 as the 'International year of micro credit'. The government of India with the active support of NABARD and NGOs has introduced several schemes to provide finance to the poor to start small enterprises. The success of these schemes lies in reaching out to the poorest, empowering them and making them financially self-sufficient.

Kudumbashree, a new model for women empowerment, intends to promote income generating activities and microentrepreneurship among women below poverty line and micro finance is the back bone for achieving this social objective. Kudumbashree provides ample scope for micro credit programmes by setting up thrift and credit societies at NHG level to provide easy and timely help to the poor and unreached women. Thrift and credit societies, attached to local bodies, mobiles small savings to promote saving habits so as to with in the resource base of the group. The small savings so collected is used for lending to members for productive and consumption purposes. A member can avail loan up to a maximum of 4 times of her savings. The amount of loan and priority of disbursements are decided by NHGs. The repayment is collected weekly during the NHG meetings. The income towards interest is generally used for reloaning. The repayment rate in the kudumbashree groups is almost 100 percent. Through kudumbashree, the self respect, self-reliance and feeling of unity have also developed among the women below poverty line.

The success of micro finance programmes lies in its ability to undertake income generating activities. Kudumbashree is no exception to this. Kudumbashree aims at eradicating poverty in the state with in 10 years by undertaking income generating activities. Formation of micro enterprises is considered as a means for the attainment of these objectives. Kudumbashree views micro enterprise development as an emerging process starting with low capital and low risk and switching on to medium capital and medium risk by using the technology and resources already available. For this, micro enterprises are assisted in;

§ Identification of innovative and creative activities
§ Continued support by means of handholding and support services.
§ Training on functional areas of management
§ Using the existing potential of resource persons for developing entrepreneurship
§ Developing the marketing net work system.

## Role of NHGs and Micro enterprises in poverty alleviation

The poor women of Kerala have accepted Kudumbashree as their own movement Kudumbashree now covers 991 panchayats as well as 58 municipalities across Kerala. Currently 1,63,426 NHGS, 15,288 ADS and 999 CDS are functioning in Kerala by covering 31,83,529 families mobilising Rs.719.23 crores as thrift and provided credit to the extent of Rs.1,975.4 crores (Economic Review 2006). Thrift and credit societies organised by Kudumbashree have grown as informal banks of the women below poverty line at their doorsteps.

During the eight year period from 1999 – 2000 to 2005-2006, the amount of thrift and credit were increased by 80 times and 353 times respectively. Velocity of lending has also increased from 0.64 in 1999 -2000 to 2.75 in 2005 - 2006.

Kudumbashree launched Bank Linkage Programme by linking NHGs and NABARD. Once it is linked, NHGs are eligible to get financial assistance in the ratio of 1:1 to 1:9. The assistance can be utilized for internal lending and for taking up income generating activities.

Tremendous progress has been achieved by NHGs since its launching of linkage banking. As on 01-04-2007, 66,362 NHGs were linked. The amount of loan availed by NHGs during 2002-2003 to 2006-2007 has increased from Rs. 44.4 crores to Rs.285.43 crores.

**Income Generating Activities -** Kudumbashree believes that efficiency in the management of micro finance is fruitful only if it is properly invested. This is possible only through micro enterprise development. Micro enterprises under Kudumbashree aim to promote innovative business ideas. Financial assistance and subsidies are provided to the beneficiaries of micro enterprises. Kudumbashree provides funds ranging from one lakh to nine lakhs as special assistance to various Grama Panchayats for financing micro enterprises. Challenge fund, matching grant, revolving fund etc. are other forms of assistance given to NHGs through Kudumbashree. Innovative funds are

provided to innovative projects ranging from Rs.1 lakh to 1.25 lakhs subject to 50% subsidy. Technological funds are provided for launching enterprises using new technology. A series of training programmes were arranged on the functional areas of management. Assistance from banks and other financial institutions including thrift and credit societies of Kudumbashree were channeled for achieving the objectives of micro enterprises. All Kudumbashree micro enterprises are bank linked and a minimum of 50% of the project cost has to be through bank loans. The subsidy components is limited to 50% of the total project cost and the beneficiaries share is limited to 5% of the total project cost.

Inspired by the encouragement provided under central and state government schemes the number of micro enterprises has increased from 10,604 individual micro enterprises under USEP (Urban Self Employment Programme) and 685 group enterprises under DWCUA (Development of Women and Children in Urban Area) in 1999-2000 to 20,760 individual micro enterprises under USEP and 1,928 group enterprises under DWCUA in 2006-2007. These enterprises are set up across the state covering urban and rural areas, ranging from traditional enterprise like goat rearing and diary, catering units to computer hardware and data entry units. Amount disbursed as subsidy under DWCUA and USEP components has increased from 407.162 lakhs and 176.98 lakhs in 1999-2000 to 1736.8 lakhs and 626.49 lakhs respectively in 2006-2007.

## Impact on beneficiaries

Kudumbashree Programme is said to be fruitful only if it creates a positive impact on the living standards of beneficiaries. Here an attempt is made to evaluate the impact on the basis of two crucial variables viz. monthly income and household assets of the beneficiaries. Monthly income of the family of beneficiaries, on an average, has increased from Rs. 337 (before becoming a beneficiary) to Rs. 1,584 (after becoming a beneficiary). Value of household assets also showed a tremendous increase. After joining the group, the value of household assets, on an average, has increased from Rs. 33,371 to Rs. 43,605.

The above discussion reveals that Kudumbashree through micro finance programmes and micro enterprises helped the poor women to alleviate poverty, improve their economic conditions and contribute towards their empowerment. Activities of Kudumbashree opened the doors of credit to the poor women who have no access to bank credit. ■





# ദേവകി നിലയങ്ങോടിന്റെ ഓർമച്ചെപ്പു തുറന്നപ്പോൾ

ഔപചാരിക വിദ്യാഭ്യാസം ലഭിക്കാത്ത ഒരു സ്ത്രീ അക്ഷരങ്ങൾ മാത്രം കയ്യിൽ കിട്ടിയതിന്റെ ഭാഗ്യത്തിൽ എഴുപത്തിയെട്ടാം വയസ്സിൽ അനുഭവങ്ങൾ താളിലാക്കിക്കൊണ്ട് തനത് ഇടം കണ്ടെത്തി. ഒരുപാട് പെൺജീവിതങ്ങൾ സമുദായത്തിനും സമൂഹത്തിനും ദേശത്തിനും വേണ്ടി കനൽവഴികളും ദുരിതപർവ്വങ്ങളും താണ്ടി നീങ്ങിയിട്ടും അവയ്ക്കൊന്നും വെൺതാളുകളിൽ ഇടം കിട്ടാതെപോയത് അനുഭവങ്ങളുടെ അപര്യാപ്തതകൊണ്ടല്ല. മറിച്ച് അക്ഷരങ്ങളും എഴുത്താണിയും അന്യമായിരുന്നതുകൊണ്ടുമാത്രമാണ്. മലയാളം ഉള്ളിടത്തോളം മറക്കാനും മാറ്റിവെയ്ക്കാനും കഴിയാതെ വി.ടിയുടെ അനുഭവത്താളുകൾ നമുക്കു മുൻപിൽ തിളങ്ങി നില്ക്കുന്നത് ഒരു പെൺകുട്ടി പകർന്നു നല്കിയ അക്ഷരവെളിച്ചം മൂലമാണ്. അങ്ങനെപോലും അക്ഷര വെളിച്ചം കിട്ടാതെ പോയ ഒരുപാട് പെൺജന്മങ്ങളുണ്ടായിരുന്നു. ആ പെൺജന്മങ്ങൾക്ക് അവരുടെ അനുഭവങ്ങളുടെ തീക്ഷ്ണജ്വാല വെൺതാളുകളിൽ പടർത്താൻ കഴിയാത്തതിനാൽ വി. ടി. യെപ്പോലെ അവർ അനശ്വരരാകാതെപോയി. അക്ഷരം പ്രകാശമാണെന്നും അത് തിളക്കുന്നു എന്നും പറയുന്നത് എത്ര സത്യം.

യോഗക്ഷേമസഭയുടെ ആദ്യകാല പ്രവർത്തകയും അന്തർജ്ജനസമാജത്തിന്റെ സെക്രട്ടറിയും ആയിരുന്നു ദേവകി നിലയങ്ങോട്. ഉശിരരായ ഇതര സഹപ്രവർത്തകരെ അപേക്ഷിച്ച് സൗമ്യപ്രകൃതിയായിരുന്നു ആ അമ്മ. അമ്മയുടെ ഓർമ്മച്ചെപ്പുകൾ തുറന്ന മനോഹരമുഹൂർത്തമാണ് ചോദ്യങ്ങൾക്കുള്ള മറുപടിയായി ഇവിടെ പകരുന്നത്.

■ "ലോകം എന്തെന്ന് അറിയില്ല. പൊതുജനങ്ങളുമായി സമ്പർക്കമൊന്നും ഉണ്ടായിട്ടില്ല. എങ്കിലും നിലയങ്ങോട്ടെ പരിഷ്കൃതാശയങ്ങൾ നിറഞ്ഞ ഗൃഹാന്തരീക്ഷം എന്നെ വളരെ ചെറിയ അളവിൽ പൊതുപ്രവർത്തനത്തിലേക്കു നയിച്ചു" - എന്ന് അമ്മ പറയുകയുണ്ടായി. ആ അനുഭവത്തിന്റെ വെളിച്ചത്തിൽ അന്നത്തെയും ഇന്നത്തെയും കാലഘട്ടം എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു എന്നു വിശദീകരിക്കാമോ?

അന്ന് സ്ത്രീകൾ അവഗണിക്കപ്പെട്ടിരുന്നു. വിദ്യാഭ്യാസം ഇല്ലാത്തതുകൊണ്ടാണ് അവഗണിക്കപ്പെട്ടിരുന്നത്. ഇന്ന് വിദ്യാഭ്യാസം കൊണ്ട് സ്വാതന്ത്ര്യം നേടി. ജോലിക്കുപോകാം എങ്കിലും ഇനിയും സ്ത്രീ നേടേണ്ടതുണ്ട്. ഇനി സ്ത്രീകൾ തനിയെ നേടിയെടുക്കേണ്ടതാണ്. ഭരണരംഗത്ത് സ്ഥാനം നേടണം. സ്ത്രീയുടെ പ്രശ്നങ്ങൾ പറയാൻ, സ്ത്രീകൾക്കുവേണ്ടി വാദിക്കാൻ സ്ത്രീകൾ ഭൂരിപക്ഷം ഉണ്ടാകണം. അത്യാവശ്യം വിദ്യാഭ്യാസം, ജോലി, കുടുംബം - അതുമതി എന്നു കരുതുന്നവരാണ് ഇന്ന് പൊതുവെ സ്ത്രീകൾ. ഇലക്ഷനു നില്ക്കാനോ പ്രവർത്തിക്കാനോ താല്പര്യമില്ല. ഇലക്ഷന് നില്ക്കുമ്പോൾ ഏറെ വൈഷമ്യങ്ങളുണ്ടാവും. വൈഷമ്യങ്ങളിൽ നിന്ന് പിൻവാങ്ങാനാണ് താല്പര്യം. അല്പം സുഖമായി ജീവിക്കുക എന്നുമാത്രമാണ് അവർ കരുതുന്നത്. അത് അവരുടെ മാത്രം സ്വഭാവമല്ല. പൊതു സ്വഭാവമാണ്. രാഷ്ട്രീയ പ്രവർത്തകരിൽ എത്രപേരുണ്ട് പഴയമാതിരി ത്യാഗം സഹിച്ചും മറ്റുള്ളവർക്കുവേണ്ടി സ്വന്തം കുടുംബത്തെപ്പോലും വിസ്മരിച്ചും പ്രവർത്തിക്കുന്നവർ. ആര്യാ പള്ളത്തിന്റെ കൗമാരപ്രായക്കാരനായ മകൻ മരിച്ചതറിഞ്ഞ് ആശ്വസിപ്പിക്കാനെത്തിയ വി.ടി. ആദ്യ വിധവാവിവാഹം നടക്കുന്നതിനെക്കുറിച്ച് അവരോട് പറ

# CURRENT BOOKS THRISSUR

ROUND WEST ,THRISSUR 680 001
PH: 0487-2335660,FAX:0487-2335642

## PUBLISHERS & DISTRIBUTORS FOR

Malayalam, English, Children's Literature, Fiction, Drama, Cinema, Journalism, Poetry, Philosophy, Psychology, Sociology, Politics, History, Economics, Commerce, Mathematics, Botany, Zoology, Chemistry, Physics, Medical, Computer, Engineering, Law, Electronics, Mechanical, Civil, Chemical Engineering, Veterinary, Agriculture, Aquaculture, etc.

## COSMO BOOKS

HO: Round West
Thrissur- 680 001
Phone: 0487-2335292, 2335570
Fax: 0487- 2335642
E-mail: cosmobooks@asianetindia.com

Br. Al-Ameen Bldg
Rly.Station Link Road
Kozhikode- 673002
Ph:0495-2703487
Fax:0495-2700049
E-mail:cosmoclt@eth.net

Br. Press Club Road
Emakulam
Kochi-682011
Ph:0484-2353818

യുകയുണ്ടായി. ഉടനെതന്നെ അവർ പറഞ്ഞത് 'ഞാനുണ്ട്' (ആ ചടങ്ങിന് സംബന്ധിക്കാൻ ഞാനും ഉണ്ട്) എന്നാണ്. ഈ അവസരത്തിലോ എന്ന വി.ടിയുടെ സംശയത്തിന്, സമുദായത്തിൽ നല്ല ഒരു കാര്യം നടക്കുമ്പോൾ അതിൽ പങ്കെടുക്കാതിരിക്കാനാവില്ല എന്നാണവർ പറഞ്ഞത്. സ്വന്തം മകന്റെ നഷ്ടത്തേക്കാൾ വലുതാണ് സാമൂഹികപ്രവർത്തനം എന്നു കരുതുന്നവരായിരുന്നു അവർ. പഴയമാതിരി ത്യാഗം സഹിച്ചും മറ്റുള്ളവർക്കുവേണ്ടി സ്വന്തം കുടുംബത്തെപ്പോലും വിസ്മരിച്ചും പ്രവർത്തിക്കുന്നവർ രാഷ്ട്രീയ പ്രവർത്തകരിൽപോലും ഇന്ന് എത്ര പേരുണ്ട്?

സുഖിച്ചു ജീവിക്കുക എന്ന അവസ്ഥയിലേക്ക് ലോകം മാറുമ്പോൾ അതിനൊപ്പം മാറാതിരിക്കാൻ സാധ്യമല്ല. എങ്കിലും സ്ത്രീകൾ കുറേക്കൂടി ഭരണരംഗത്തും മറ്റും വരികയും അവർക്കുവേണ്ടി വാദിക്കാൻ ഭൂരിപക്ഷം ഉണ്ടാക്കുകയും വേണം.

**അന്തർജ്ജനസമാജത്തിന്റെ പ്രവർത്തകയും സെക്രട്ടറിയുമൊക്കെയായിരുന്നുവല്ലോ. അതിന്റെ ആദ്യ പ്രവർത്തനങ്ങൾ എങ്ങനെയായിരുന്നു ?**

ശ്രീനാരായണഗുരുവും മറ്റും തുടങ്ങിയ സമുദായ പരിഷ്കരണ പ്രവർത്തനങ്ങൾ മറ്റു സമുദായങ്ങളെ വളരെ പുരോഗമിപ്പിച്ചിരുന്നു. നമ്പൂതിരി സമുദായത്തിലെ സ്ത്രീകളുടെ പരിഷ്കരണത്തിനു വേണ്ടി അന്തർജ്ജജനസമാജം പ്രവർത്തിച്ചത്. ആദ്യം ചെയ്തത് മറ്റു സമുദായത്തിലെ സ്ത്രീകളെപ്പോലെ പരിഷ്കാരം നേടാനാണ്. അതിനുവേണ്ടി ഘോഷമാറ്റി സാരിയുടുക്കാൻ പ്രേരിപ്പിച്ചു. നീണ്ടുതൂങ്ങിയാടിയിരുന്ന തോടമുറിച്ച് കമ്മലിട്ടു. ഓട്ടുവളമാറ്റി. നമ്പൂതിരിയെ മനുഷ്യനാക്കിയതുപോലെ അന്തർജ്ജനത്തെ സ്ത്രീയാക്കുകയായിരുന്നു ഇതിലൂടെ.

അന്തർജ്ജനങ്ങൾ അനുഭവിക്കുന്ന അവഗണനയ്ക്കും അസ്വാതന്ത്ര്യത്തിനും കാരണം വിദ്യാഭ്യാസമില്ലാത്തതാണെന്നു മനസ്സിലാക്കി കുട്ടികൾക്ക് വിദ്യാഭ്യാസം സാർവ്വത്രികമാക്കാനാണ് ശ്രമം നടത്തിയത്.

പഴയകാലത്ത് അന്തർജ്ജനങ്ങൾക്ക് സ്വന്തമായി ഒരു രൂപപോലും കയ്യിലുണ്ടാവില്ല. പത്തുരൂപ കയ്യിലുണ്ടെങ്കിൽ ഒരു ധൈര്യമുണ്ടാവും. അതിനുവേണ്ടി അമ്മമാർക്ക് തൊഴിൽ പരിശീലനം നല്കാൻ തൊഴിൽ കേന്ദ്രം തുടങ്ങി. നൂൽനൂല്പ്, നെയ്ത്ത്, തുന്നൽ, ബുക്ക് ബൈൻഡിംഗ് തുടങ്ങിയവ പരിശീലിപ്പിച്ചു. തുടർന്ന് നാടിനുവേണ്ടി, ദേശീയ സമരങ്ങളിലൊക്കെ പങ്കെടുത്തു. സമുദായ പരിഷ്ക്കരണത്തിലൂടെ മറ്റു സമുദായങ്ങൾക്കൊപ്പമെത്തിയപ്പോൾ പിന്നീടുണ്ടായ രാഷ്ട്രീയ പ്രവർത്തനത്തിന് നമ്പൂതിരിയെന്നുള്ള വേർതിരിവില്ലാതെ എല്ലാവരും ഒരുമിച്ചായിരുന്നു. പ്രിയദത്തയൊക്കെ രാഷ്ട്രീയരംഗത്ത് പ്രവർത്തിച്ചവരാണ്.

**പരിഷ്കരണം പ്രവർത്തനങ്ങൾക്ക് പ്രചോദനമേകിയ സാഹചര്യം എന്തായിരുന്നു.**

നമ്പൂതിരി സ്ത്രീകൾ അവഗണിക്കപ്പെട്ടിരുന്നത് വിദ്യാഭ്യാസമില്ലാത്തതുകൊണ്ടായിരുന്നു. പൂമുഖത്ത് വെടിവട്ടവുമായി നമ്പൂതിരിമാർ രസിക്കുമ്പോൾ അകത്ത് അന്തർജ്ജനങ്ങൾ ഓരോരോ ദുരിതങ്ങളിൽ വട്ടം തിരിയുകയായിരുന്നു. ഒട്ടുംതന്നെ പരിഷ്കാരം വരാത്ത നമ്പൂതിരിമാർ പാർക്കുന്ന ഇടമാക്കി യോഗക്ഷേമസഭയുടെ യോഗങ്ങൾ നടത്താറുണ്ടായിരുന്നു. അവർ വിതരണം ചെയ്ത ലഘുലേഖ വായിക്കാൻപോലും ഭയന്നിരുന്ന ഇല്ലത്തുനിന്ന് കുടിവെച്ച് നിലയങ്ങോട്ടെത്തിയപ്പോൾ ആണ് പ്രവർത്തിക്കാൻ സാധിച്ചത്. നിലയങ്ങോട്ട് പുരോഗമനക്കാരായിരുന്നു. ആദ്യമായി ഘോഷ ബഹിഷ്കരിച്ചവരിൽ ഒരാളായ പാർവ്വതി നിലയങ്ങോട് ഭർത്താവിന്റെ സഹോദരിയാണ്. ഭർത്താവിന്റെ വീട്ടുകാർ പുരോഗമനവാദികളായതുകൊണ്ട് പ്രവർത്തിക്കാൻ കഴിഞ്ഞു. നിലയങ്ങോട്ട് എന്റെ കുടിവെപ്പിന് ആചാരപ്രകാരമുള്ള കുരവയ്ക്കുപകരം കുറച്ചു ചെറുപ്പക്കാർ ഇൗങ്കിലാബ് സിന്ദാബാദ് എന്നുറക്കെ വിളിക്കുകയുണ്ടായി. അന്നതൊന്നും എനിക്കു മനസ്സിലായില്ലെങ്കിലും നിലയങ്ങോടിന്റെ പുരോഗമനസ്വഭാവം അതിൽ കാണാം.

**വായന.....**

ശീലാവതി എന്ന പാട്ടുപുസ്തകം അന്തർജ്ജനങ്ങൾ സ്ഥിരമായി വായിച്ചിരുന്നു. ഭാഗവതം, രാമായണം, ഭാരതം, ശ്രീകൃഷ്ണചരിതം, മണിപ്രവാളം, പതിന്നാലുവൃത്തം എന്നിവയും വായനയുടെ ആദ്യകാലാനുഭവങ്ങളായിരുന്നു. അന്തർജ്ജനങ്ങൾക്ക് വായിക്കാനവകാശമില്ലാത്ത തച്ചോളി ചന്തു എന്ന പുസ്തകമാണ് പാരമ്പര്യം ധിക്കരിച്ചുകൊണ്ട് ഞാൻ വായിച്ചാസ്വദിച്ചത്. പിന്നീട് വിവാഹം കഴിഞ്ഞ് നിലയങ്ങോട്ട് വന്നപ്പോഴേയ്ക്കും പാവങ്ങളും ചിന്താവിഷ്ടയായ സീതയും രമണനും ശീലാവതിയിലെ വരികൾക്ക് പകരമായിത്തീർന്നു. ദൈവങ്ങളെ നമസ്കരിക്കുമ്പോൾ പാവങ്ങളിലെ മെത്രാനെയും നമസ്കരിക്കുമായിരുന്നു. ഇപ്പോൾ മലയാളത്തിലെ കുറെയൊക്കെ കൃതികളിലൂടെ കടന്നുപോയിട്ടുണ്ട്. ഇംഗ്ലീഷ് പഠിച്ച് നോവലുകൾ വായിച്ചുതുടങ്ങിയെങ്കിലും ആ വായന മുറിഞ്ഞുപോയി.

**രചനയെക്കുറിച്ച്.........**

സ്കൂളിൽ പഠിച്ചിട്ടില്ല. വ്യാകരണമറിയില്ല. എങ്കിലും എന്റെ ഓർമ്മകളും മറ്റും എഴുതാൻ പ്രേരിപ്പിച്ചത് പേരക്കിടാവ് തഥാഗതനാണ്. നഷ്ടബോധങ്ങളില്ലാതെ, യാത്ര കാട്ടിലും നാട്ടിലും എന്നീ രണ്ടു കൃതികൾ പ്രസിദ്ധീകരിച്ചു.

ധാരാളം കൃഷിയുണ്ടായിരുന്ന ഒരു സാഹചര്യത്തിലായിരുന്നു എന്റെ ജീവിതം. കൃഷിയെക്കുറിച്ചും കളത്തെക്കുറിച്ചുമൊക്കെ എഴുതണമെന്ന് മനസ്സിലുണ്ട്. ഇപ്പോൾ എന്നെ ഏറെ വിഷമിപ്പിക്കുന്നത് പ്രകൃതിക്കുണ്ടാകുന്ന നാശമാണ്. കാടും പുഴയും കുളവും കാട്ടുവള്ളികളും സമൃദ്ധമായി ഉണ്ടായിരുന്ന മനോഹരമായ പ്രകൃതിയായിരുന്നു എന്റെ ബാല്യത്തിന് ചന്തം നല്കിയത്. ആ പ്രകൃതി നശിക്കുന്നതിലാണ് എനിക്ക് ഏറെ ദുഃഖം. ഈ അമ്മ മകളോടൊപ്പം തൃശൂർ പോട്ടോരുള്ള കപിലവസ്തുവിൽ ഇപ്പോൾ പാർക്കുന്നു. ■

അദ്ധ്യാപക സംഘടനാ പ്രവർത്തന പാരമ്പര്യവുമായി ജനപ്രതിനിധിസഭകളിൽ തങ്ങളുടെ കഴിവ് തെളിയിച്ച മൂന്ന് അദ്ധ്യാപികമാർ അവരുടെ അനുഭവങ്ങൾ നമ്മോട് പങ്കുവയ്ക്കുന്നു. തിരുവനന്തപുരം മേയറായി സ്തുത്യർഹമായ സേവനമനുഷ്ടിച്ച പ്രൊഫ. ജെ. ചന്ദ്ര, തൃശ്ശൂർ മേയറായ പ്രൊഫ. ആർ. ബിന്ദു, തിരുവനന്തപുരം കോർപ്പറേഷൻ കൗൺസിലറായ പ്രൊഫ. എം.പി. ലളിതാഭായി എന്നിവർ തങ്ങളുടെ സംഘടനാ പ്രവർത്തനത്തിൻെറ ഊർജ്ജസ്വലമായ നാളുകൾ ഒരഭിമുഖത്തിലൂടെ വെളിപ്പെടുത്തുന്നു.

## പ്രൊഫ. ജെ. ചന്ദ്ര

# കൂട്ടായ്മ എന്നും അനിവാര്യം തന്നെ



**എ.കെ.പി.സി.ടി.എയുടെ മുൻ നേതാവും തിരുവനന്തപുരം കോർപ്പറേഷൻ മേയറുമായിരുന്ന ചന്ദ്രടീച്ചർ ഇപ്പോഴും പൊതുരംഗത്തെ നിറഞ്ഞസാന്നിധ്യമാണ്.**

● ടീച്ചറുടെ അധ്യാപനജീവിതത്തിന്റെ ഒരു ചിത്രം എങ്ങനെയായിരുന്നു ?

1965 ൽ ഡെമോൺസ്ട്രേറ്ററായിട്ടാണ് കോളജിൽ പ്രവേശിച്ചത്. 1969-ൽ ആണ് ഒറ്റപ്പാലം എൻ.എസ്.എസ്. കോളജിൽ അധ്യാപികയാവുന്നത്. അതേത്തുടർന്ന് പന്തളം, ചേർത്തല, ധനുവച്ചപുരം, കരമന, വീണ്ടും ചേർത്തല, എം.ജി.കോളജ്, കരമന, നിലമേൽ- എന്നിങ്ങനെപോകുന്ന സർവ്വീസിന്റെ കാലം. 1990-ൽ Intra Unity ട്രാൻസ്ഫർ നിയമത്തിനു ശേഷമാണ് സൗകര്യപ്രദമായൊരു കോളജു കിട്ടിയത്.

● സംഘടനാരംഗത്തേക്കുള്ള വരവ് എങ്ങനെ ?

തുടക്കം മുതൽ സംഘടനാമെമ്പർഷിപ്പുണ്ടെങ്കിലും 71-മുതലാണ് വ്യക്തിപരമായി സംഘടനാബോധം ആർജിക്കുന്നത്. ധനുവച്ചപുരം കോളേജിലെ യൂണിറ്റിലെത്തിയതോടെ സംഘടനാപരമായ സ്വീകാര്യത ഉണ്ടായിത്തുടങ്ങി. കാലത്തു 6 മണിക്കുതന്നെ വീട്ടിൽനിന്നു പുറപ്പെട്ടു കോളജിലെത്തണം. കുടുംബ ചുമതലകളും യാത്രാക്ലേശവുമൊന്നും ഭാരമായി തോന്നാതിരിക്കാൻ കാരണം അന്നത്തെ സംഘടനാ ബന്ധങ്ങൾ തന്നെയായിരുന്നു. ഏതുവിഷമസന്ധിയിലും വീട്ടുകാരെപോലെ താങ്ങും തണലുമായി സംഘടനയുണ്ടായിരുന്നു. 88-ൽ നിലമേൽ പോയതു മുതലാണ് രാഷ്ട്രീയബന്ധവും പ്രവർത്തനവും ആരംഭിക്കുന്നത്. അന്ന് അവിടെ നരേന്ദ്രൻസാർ, മുരളിസാർ, എം.ജി.കൃഷ്ണപിള്ള സാർ എന്നിവരൊക്കെ കൂടെത്തന്നെയുണ്ടായിരുന്നു. അടിയുറച്ച സംഘടനാബോധം പിന്നീട് ഒരിക്കലും പിന്നോട്ടു പോയിട്ടില്ല.

● ടീച്ചറുടെ രാഷ്ട്രീയ/സാമൂഹ്യ പ്രവർത്തനങ്ങൾ ഒന്നു വിശദീകരിക്കാമോ ?

തികഞ്ഞ അരാഷ്ട്രീയ അന്തരീക്ഷത്തിലാണ് ഞാൻ വളർന്നത്. വീട്ടിൽ രാഷ്ട്രീയം ഒട്ടും ചർച്ചചെയ്തിരുന്നില്ല. മാത്രമല്ല 'കമ്മ്യൂണിസ്റ്റു' എന്നു കേട്ടാൽത്തന്നെ പ്രശ്നവുമായിരുന്നു. വളരെ രസകരമായ ഒരു സംഭവം പറയാം. എന്റെ ചേച്ചിക്കൊരു കല്യാണാലോചനവന്നപ്പോൾ വരൻ കമ്മ്യൂണിസ്റ്റായതുകൊണ്ട് അതു വേണ്ടെന്നുവച്ചു. പക്ഷേ ആ ചേച്ചിയെ പിന്നീടൊരു കമ്മ്യൂണിസ്റ്റുകാരൻ തന്നെ വിവാഹം കഴിക്കുകയും ഞങ്ങളുടെയൊക്കെ ചിന്താഗതിയെ കുറെയധികം സ്വാധീനിക്കുകയും ചെയ്തു. ചേട്ടന്റെ സമീപനവും പ്രവർത്തനങ്ങളും ഒക്കെ വീട്ടുകാ

രിൽതന്നെ പ്രസ്ഥാനത്തോടുള്ള സമീപനത്തിൽ മാറ്റംവരുത്തി. ഏതാണ് കുഴപ്പമില്ലെന്ന മട്ടിലായി. അത്തരമൊരു വീട്ടിൽനിന്നും വന്ന എനിക്ക് 88-ലെ നിലമേൽ കോളജിലെ യൂണിറ്റിലെ പ്രവർത്തനങ്ങളാണ് രാഷ്ട്രീയബോധം പകർന്നുതന്നത്. പൊതുകാര്യങ്ങളിലോ രാഷ്ട്രീയ പ്രവർത്തനങ്ങളിലോ തികച്ചും അജ്ഞയായിരുന്ന എനിക്ക് സംഘടന നല്കിയ കരുത്തും പിൻബലവും എത്രയാണെന്നു പറയുക വയ്യ.

● ജനപ്രതിനിധിയാവുന്നതെങ്ങനെയായിരുന്നു ?

നപ്രതിനിധിസഭകളിൽ $33\frac{1}{3}\%$ സംവരണം സ്ത്രീകൾക്കായി മാറ്റിവച്ചതിന്റെ ഭാഗമായിട്ടാണ് ഞാൻ കവടിയാറിൽ കൗൺസിൽ സ്ഥാനാർത്ഥിയാകുന്നത്. നോമിനേഷൻ കൊടുത്തശേഷം സ്ക്വാഡ് വർക്കുകൾ മാത്രം ചെയ്തുപോന്ന സമയത്തുള്ള ഒരു സംഭവം പറയട്ടെ. ഒരു ദിവസം ബ്രാഞ്ച്സെക്രട്ടറി പറയുന്നു 'ടീച്ചർ മൂലൂർ അനുസ്മരണത്തിൽ പങ്കെടുക്കണം'. പകൽ വീടുവീടാന്തരം നടക്കുമ്പോഴൊക്കെ മനസ്സിൽ മൂലൂർ – മൂലൂർ പത്മനാഭപ്പണിക്കർ എന്ന സാഹിത്യകാരൻ! സരസകവി! വൈകിട്ട് അനുസ്മരണസ്ഥലത്തെത്തി. മീറ്റിംഗ് തുടങ്ങി കഴിഞ്ഞിരിക്കുന്നു. യുവനേതാവായ സമ്പത്ത് സംസാരിക്കുന്നു. സംസാരത്തിനിടെയാണ് കാര്യം മനസ്സിലായത്. അനുസ്മരിക്കപ്പെടുന്ന മൂലൂർ സാഹിത്യകാരനല്ല; മൂലൂർ ശ്രീധരൻനായരെന്ന നേതാവാണ്. ഇ.എം.എസിന്റെ പി.എ.യൊക്കെയായിരുന്ന സത്യസന്ധനായ ഒരു സഖാവ്. എനിക്കു ഭൂമി പിളർന്നു താഴോട്ടുപോകണമെന്നു തോന്നിയ നിമിഷം. എങ്കിലും ആത്മവിശ്വാസം വീണ്ടെടുത്ത് ഒന്നുരണ്ടുവാചകങ്ങളിൽ സംസാരമൊതുക്കി, വോട്ടുചോദിച്ചു മടങ്ങി. അങ്ങനെയുള്ള ഞാൻ കുറെശ്ശെ ഗൗരവമുള്ള പ്രശ്നങ്ങളിൽ ഇടപെട്ടുതുടങ്ങി. ജീവിതത്തിലാദ്യമായി കോർപ്പറേഷൻ ഓഫീസിൽ പോകുന്നത് നോമിനേഷൻ കൊടുക്കാനായിരുന്നു. ജയിച്ചു കൗൺസിലറായിട്ടും പൊതുവേദികളിലും മറ്റും ആശയങ്ങൾ ഫലപ്രദമായി ആവിഷ്കരിക്കാനാവാത്ത അവസ്ഥ അനുഭവപ്പെട്ടിട്ടുണ്ട്. രണ്ടുകൊല്ലം കൊണ്ടും കാര്യങ്ങൾ കുറെയൊക്കെ ശരിയായി. അതിനു പിന്നിൽ ശിവൻകുട്ടിയെപോലുള്ളവരുടെ സഹകരണം വലുതായിരുന്നു. 2000-ൽ മേയറായി ചുമതലയേറ്റു. ഒരു കാര്യം പ്രത്യേകം സൂചിപ്പിക്കട്ടെ. സംവരണത്തിന്റെ ആനുകൂല്യത്തിൽ പൊതുഭരണരംഗങ്ങളിലെത്തുന്ന സ്ത്രീകൾ വളരെവേഗം ആത്മവിശ്വാസവും തന്റേടവും നേടിയെടുക്കുകയും വളരെ കാര്യപ്രാപ്തിയോടുകൂടി ഔദ്യോഗിക ചുമതലകൾ ഏറ്റെടുക്കുകയും ചെയ്യുന്നതിനു ഒരുപാടു തെളിവുകൾ എന്റെ മുന്നിലുണ്ട്.

● മേയറെന്ന നിലയിലുള്ള പ്രവർത്തനങ്ങളെ എങ്ങനെയാണ് സ്വയം വിലയിരുത്തുന്നത് ?

ഒരു നഗരത്തിന്റെ മുഴുവൻ പ്രശ്നങ്ങളിലും നിരന്തരം ഇടപെടുക എന്നത് ക്ലേശകരം തന്നെയായിരുന്നു. ഏറെ അഴിമതി സാധ്യതയുള്ള വളരെ ശ്രദ്ധയോടെ പ്രവർത്തിക്കുമെന്നാണ് എനിക്ക് സംഘടനാരംഗത്തു നിന്നു കിട്ടിയ ഉപദേശം. പാർട്ടി നേതാക്കളും ആശംസിച്ചു. വി.എസ്. തന്ന ഒരു ഉപദേശം എന്റെ മേയറെന്ന നിലയിലുള്ള പ്രവർത്തനങ്ങൾക്ക് കരുത്തു പകർന്നുതന്നിട്ടുണ്ട്. 'നമുക്ക് കുറച്ചു കാര്യങ്ങളെ ചെയ്യാൻ പറ്റൂ. സത്യസന്ധമായി ചെയ്യുക. ചെയ്യാവുന്നതു ചെയ്യണം. ചെയ്യാവുന്നിടത്തോളം ചെയ്യണം. അങ്ങനെ കുറെകാര്യങ്ങളൊക്കെ ചെയ്തു. അഴിമതിക്കാരിയെന്ന പേരു വീഴാതെ സത്യസന്ധമായി പ്രവർത്തിക്കാനുള്ള ശക്തി എനിക്കെന്റെ സംഘടനാ പ്രവർത്തനത്തിലൂടെ കിട്ടിയതാണ്.

● അന്നത്തെ സംഘടനാ പ്രവർത്തനരീതി...

മാസ്റ്റേഴ്സ് കോളജിന്റെ മുറിയിൽ കൂടിയിരുന്നാണ് അന്ന് കമ്മിറ്റികൾ. അന്നത്തെ ഒരു സംഭവം പറയാതെവയ്യ. സംഘടനയ്ക്കു ഇന്നുള്ള വലിയ കെട്ടിടമോ സൗകര്യങ്ങളോ ഇല്ലായിരുന്നു. വീട്ടിൽ നിന്നും കൊണ്ടുവച്ച ഒരു പഴയ ഫാനായിരുന്നു കാറ്റിന് ആശ്രയം. ഒരു മീറ്റിംഗ്സമയത്ത് ആ ഫാനിൽനിന്നു ഷോക്കേറ്റ് പ്രതാപൻ തെറിച്ചു വീണത് ഞാനിന്നും ഓർക്കുന്നു. ആ ഇല്ലായ്മകൾക്കിടയിൽ ഞങ്ങളെ ഒരുമിച്ചുനിർത്തിയത് പരസ്പരസ്നേഹവും വിശ്വാസവും സംഘടനാ ബോധവുമായിരുന്നു. ഇന്ന് അടിസ്ഥാന സൗകര്യങ്ങൾ ഒക്കെ നേടിയെടുത്തു കഴിയുമ്പോൾ, ഒരു സംഘടിത ശക്തിയുണ്ടോയെന്നു ആലോചിക്കണം. അതൊരിക്കലും നഷ്ടമാകരുത്.

● സ്ത്രീകളുടെ സംഘടനാ പ്രവർത്തനത്തെ എങ്ങനെയാണ് ടീച്ചർ കാണുന്നത് ?

തല്ക്കാലം വിഷമങ്ങളൊന്നുമില്ലാത്തതിനാൽ ഒരു സംഘടനാ കൂട്ടായ്മയുടെ ആവശ്യം ഇന്നത്തെ സ്ത്രീകൾക്ക് അനുഭവപ്പെടുന്നില്ല. മറ്റുള്ളവരുടെ നന്മതിന്മകളിൽ സഹകരിക്കാതെയോ ഇടപെടാതെയോ ഇരിക്കുന്നവർ സമൂഹത്തിനുതന്നെ പ്രശ്നങ്ങളാണ്. കുടുംബത്തിനും സമൂഹത്തിനും ഒരുപോലെ വേണ്ടവരാണ് നമ്മളെന്ന തോന്നൽ ഓരോ സ്ത്രീക്കും ഉണ്ടാകണം. പ്രസവാവധിക്കുപരം Loss of pay മാത്രം ഉണ്ടായിരുന്ന ഒരുകാലം വളരെ പണ്ടൊന്നുമായിരുന്നില്ലെന്നോർക്കണം. കൃത്യം 56-ാം ദിവസമാണ് പ്രസവം കഴിഞ്ഞ് ഞാനൊക്കെ ജോലിയിൽ പ്രവേശിക്കുന്നത്. ത്യാഗങ്ങളിലൂടെയാണ് ഇന്നുള്ള സുഖസൗകര്യങ്ങളിൽ എത്തിയതെന്ന ബോധമില്ലായ്മയാണ് ഏറ്റവും വലിയ പ്രശ്നം. അതൊക്കെ മാറേണ്ടതു തന്നെയാണ്.

***തയ്യാറാക്കിയത് : ലീന എ. ജി.***



## പ്രൊഫ. എം.പി. ലളിതാഭായി

# സംഘടന പകർന്നു നല്കിയ കരുത്തും ഊർജവും



■ ടീച്ചറുടെ അധ്യാപനജീവിതത്തിന്റെ തുടക്കമെങ്ങനെയായിരുന്നു ?

1980-ൽ ഒറ്റപ്പാലം എൻ.എസ്.എസ്. കോളജിലാണ് ഞാൻ ആദ്യം അധ്യാപികയായി ചേരുന്നത്. ഒന്നര വർഷത്തിനുശേഷം നിലമേലും പിന്നീട് കരമനയിലും പഠിപ്പിച്ചു. തുടർന്ന് 1990-95 വരെ ധനുവച്ചപുരത്തും 95 മുതൽ കരമന എൻ.എസ്.എസ്. കോളജിലും ജോലി ചെയ്തുവരുന്നു. 2008-ൽ അധ്യാപകവൃത്തിയിൽ നിന്നും വിരമിക്കുകയും ചെയ്യും.

■ സംഘടനാ രംഗത്തേക്കുള്ള കടന്നുവരവ് എപ്രകാരമായിരുന്നു ?

1980-ൽ തന്നെ AKPCTA അംഗത്വം എടുത്തു RRC യൊക്കെയുള്ള യൂണിറ്റായിരുന്നു അന്ന് ഒറ്റപ്പാലത്തുണ്ടായിരുന്നത്. നെടുമങ്ങാട്ടൊക്കെയുള്ള മറ്റേതൊരു സാധാരണ പെൺകുട്ടിയെയും പോലെ വലിയ രാഷ്ട്രീയബോധമോ പൊതുസമൂഹത്തെക്കുറിച്ചുള്ള ചിന്തകളോ എനിക്കില്ലായിരുന്നു. യൂണിവേഴ്സിറ്റി കോളജിൽ വിദ്യാർത്ഥിനിയായിരിക്കുമ്പോൾപോലും വ്യക്തമായ രാഷ്ട്രീയ ധാരണയൊന്നും എനിക്കുണ്ടായിരുന്നില്ല. എന്നാൽ സംഘടനാമെമ്പർഷിപ്പും തുടർന്നുള്ള സജീവ പങ്കാളിത്തവുമാണ് എനിക്ക് രാഷ്ട്രീയ ഇച്ഛാശക്തി പകർന്നു നല്കിയത്. എന്റെ പൊതുജീവിതത്തിന്റെ അടിസ്ഥാനം തന്നെ AKPCTA പ്രവർത്തനമാണ്. 1990 -95 ൽ ധനുവച്ചപുരം കോളജിൽ പ്രവർത്തിച്ചപ്പോഴാണ് ഞാൻ സംഘടനയുടെ ഭാരവാഹിത്വത്തിലേക്ക് കടന്നത്. അന്ന് യൂണിറ്റ് വൈസ് പ്രസിഡന്റായി പ്രവർത്തിച്ചു.

■ സംഘടനയുടെ ഔദ്യോഗിക പ്രവർത്തനപരിപാടികൾ എങ്ങനെയായിരുന്നു ?

1990 – 95 കാലത്തുതന്നെ ജില്ലാ കൗൺസിലിലും പിന്നീട് ജില്ലാ വൈസ് പ്രസിഡന്റായും വർക്കിംഗ് കമ്മിറ്റി മെമ്പറായും തുടർന്ന് സംസ്ഥാനവൈസ് പ്രസിഡന്റായും പ്രവർത്തിച്ചു. 2000-ഒക്ടോബറിൽ കോർപറേഷൻ കൗൺസിലറായി തെരഞ്ഞെടുക്കപ്പെട്ടപ്പോഴാണ് വൈസ് പ്രസിഡന്റ് സ്ഥാനമൊഴിഞ്ഞത്.

---

മുൻസൂചിപ്പിച്ച പ്രമാണിത്തത്തിന്റെ ആധിപത്യം ഉണ്ട്. അതിനെ മറികടക്കാൻ എളുപ്പമല്ല. എങ്കിലും അതിനായി വളരെ അവധാനതയോടെ പദ്ധതികൾ രൂപീകരിക്കാൻ ശ്രമിക്കുന്നുണ്ട്.

■ *അദ്ധ്യാപികയിൽ നിന്ന് മേയറിലേയ്ക്കുള്ള ദൂരം എത്രയാണ്?*

അദ്ധ്യാപികയ്ക്ക് എത്തിപ്പെടാൻ കഴിയാതിരുന്ന വിവിധങ്ങളായ മേഖലകളിലേക്ക് എത്താനും പഠിക്കാനും അതിൽ വ്യാപരിക്കാനും കഴിയുന്നുണ്ട്. വ്യാപരിക്കുന്ന മേഖലയുടെ വ്യാപ്തി വർദ്ധിക്കുന്നതിനനുസരിച്ച് പ്രവർത്തന സാദ്ധ്യതകളും വർദ്ധിക്കുന്നു. അധികാരം നമ്മിലേക്ക് വരുന്നതുകൊണ്ടാണ് അറിയപ്പെടാത്ത മേഖലകളിലേക്ക് എത്താനും പഠിക്കാനും കഴിയുന്നത്.

■ *കലാലയാനുഭവം ഭരണരംഗത്ത് സഹായകമായിട്ടുണ്ടോ?*

വിവിധതലങ്ങളിൽ നിന്നുവരുന്ന വിദ്യാർത്ഥികളുമായുള്ള ഇടപെടൽ – ആ കലാലയാനുഭവം ഇവിടത്തെ ഭരണരംഗത്തിന്റെ ഒരു ചെറുരൂപം തന്നെയായിരുന്നു. സിൻഡിക്കേറ്റ് മെമ്പർ എന്ന പരിചയം, വലിയ സുഹൃത്‌വലയങ്ങൾ ഇവയൊക്കെ വലിയ അളവിൽ സഹായമായിട്ടുണ്ട്.

■ *അദ്ധ്യാപിക, മേയർ എന്നീ പദവികളിലനുഭവിച്ച വ്യക്തി സ്വാതന്ത്ര്യം?*

അദ്ധ്യാപിക എന്നതും മേയർ എന്നതും രണ്ടു സ്വഭാവമുള്ള പദവികളാണ്. അനവധി ഉത്തരവാദിത്തങ്ങൾ പേറേണ്ട വിശ്രമമില്ലാത്ത ഒന്നാണ് മേയർ സ്ഥാനം. അധികാരക്കൈമാററം വാക്കിൽ മാത്രമാണ്. വൈവിധ്യപൂർണ്ണമായ ചുമതലകളാണ് നിർവ്വഹിക്കാനുള്ളത്. അതിനാൽ മുഴുവൻ സമയവും അതിൽ മുഴുകേണ്ടി വരും. ഒഴിവുസമയമില്ലാതെ പ്രവർത്തിച്ചെങ്കിൽ മാത്രമേ എന്തെങ്കിലും ചെയ്യാൻ കഴിയൂ

സംഘടനാരംഗത്തെ സ്ത്രീസാന്നിധ്യം ടീച്ചറെങ്ങനെയാണ് വിലയിരുത്തുന്നത് ?

സംഘടനയിലെ സ്ത്രീ പങ്കാളിത്തം കേവലം മെമ്പർഷിപ്പിലൊതുങ്ങുവെന്നത് നിർഭാഗ്യകരമാണ്. സംഘടനാ പ്രവർത്തനത്തിലോ മറ്റു പൊതുപരിപാടികളിലോ സ്ത്രീകളെ കാണാനില്ല. ചിലപ്പോഴെങ്കിലും മെമ്പർഷിപ്പുപോലും ചിലനേട്ടങ്ങളെ മുൻനിർത്തിയാണെന്നുള്ളതും ആരോഗ്യകരമല്ല.

ഇത്തരത്തിൽ പൊതുരംഗത്തും സംഘടനാപ്രവർത്തനങ്ങളിലും സ്ത്രീകൾ അദൃശ്യരാകുന്നതിനെക്കുറിച്ച് ടീച്ചറുടെ അഭിപ്രായമെന്താണ് ?

പൊതുവെ സ്ത്രീകളിൽ സാമൂഹ്യബോധം കുറവാണ്. സ്വന്തം വീടും കുട്ടികളുമടങ്ങുന്ന ഒരു ചെറുലോകത്തിനപ്പുറം മിക്കവരും ചിന്തിക്കുന്നതുപോലുമില്ല. ഇതിനിടയിൽ വർദ്ധിച്ചുവരുന്ന ഗാർഹികവത്കരണം (വീട്ടമ്മവല്കരണം) മറ്റൊരു പ്രധാനകാരണം ഗൗരവമുള്ള സർവ്വീസ് പ്രശ്നങ്ങൾ ഇന്നത്തെ അദ്ധ്യാപകരെ അലട്ടുന്നില്ല. സുരക്ഷിതമായ ഒരു സേവന-വേതന വ്യവസ്ഥ നിലവിലുള്ളപ്പോൾ, ആർക്കും വലിയ പ്രശ്നങ്ങളൊന്നുമില്ല. പക്ഷേ നേടിയെടുത്ത ആനുകൂല്യങ്ങൾ നഷ്ടപ്പെടാൻപോകുന്ന ഒരു അവസ്ഥയിലേക്കാണ് കാര്യങ്ങളുടെ പോക്കെന്ന് മിക്കയാളുകളും മനസ്സിലാക്കുന്നില്ല. മറ്റൊന്ന്, പൊതുരംഗത്തെത്തുന്ന സ്ത്രീകൾ നേരിടുന്ന നിരവധി പ്രശ്നങ്ങളും സ്ത്രീകളെ വീണ്ടും വീടിനുള്ളിലേക്ക് തന്നെ നയിക്കുന്നു. തലയുയർത്തി ശക്തിയാർജിച്ചു കടന്നുവരുന്ന പലരെയും സ്വഭാവഹത്യ ചെയ്യുന്ന തരത്തിലുള്ള സമീപനം ഒട്ടും തന്നെ അഭികാമ്യമല്ല.

പൊതുരംഗം ടീച്ചറെ എപ്രകാരമായിരുന്നു സ്വീകരിച്ചത് ?

പ്രായത്തിന്റെയും തൊഴിലിന്റെയും പരിഗണന എനിക്കു ലഭിച്ചു. മറ്റൊന്ന് അധ്യാപകസംഘടനാ പ്രവർത്തനത്തിലൂടെ നേടിയെടുത്ത കർമ്മശേഷിയും ഇച്ഛാശക്തിയും പൊതുരംഗത്തും തലയുയർത്തി നില്ക്കാൻ പ്രാപ്തി നല്കി. മാത്രമല്ല, കുടുംബത്തിൽ നിന്നു കിട്ടിയ പിന്തുണയും പ്രധാനമായിരുന്നു.

ഇപ്പോഴത്തെ ടീച്ചറിന്റെ പ്രവർത്തന പരിപാടികൾ ?

ഇരുപത്തഞ്ചിലധികം കമ്മിറ്റികളിൽ പ്രവർത്തിച്ചുവരുന്നു. പുരോഗമന കലാസാഹിത്യസംഘം ജില്ലാ പ്രസിഡന്റായും കൗൺസിലർ എന്ന നിലയിലുമുള്ള പ്രവർത്തനവും സജീവമായി തുടരുന്നു. ഇതിനിടയിൽ സമയമില്ലയെന്ന തോന്നൽ ഒട്ടും ഉണ്ടായിട്ടില്ല. സമയമല്ല, മനസ്സാണ് പ്രധാനം. കുട്ടികളുമായി ഇടപഴകിയും പ്രശ്നങ്ങളിൽ ഇടപെട്ടും ജീവിക്കുന്നതിനാലാകാം വാർദ്ധക്യം ബാധിക്കാത്ത ഒരു മനസ്സുണ്ട്. എല്ലാ പുതുമകൾക്കപ്പുറത്തും ഒത്തുതീർപ്പില്ലാത്ത മറ്റൊരു മേഖലയും ഉണ്ട്. വീട്ടമ്മ. ഇനിയുള്ള കാലത്തിലും 'അടുക്കളപ്പണി'യിൽ പുരുഷന്മാരുടെ കൂടി പങ്കാളിത്തവും സഹകരണവും ഉണ്ടെങ്കിലേ പെൺകുട്ടികൾക്ക് അവരുടെ സാമൂഹികമായ ഉത്തരവാദിത്തങ്ങൾ നിറവേറ്റാൻ കഴിയൂ. ആ രീതിയിലുള്ള മാറ്റങ്ങൾ പുതിയതലമുറയിൽ കാണുന്നുണ്ടെന്നത് ആശ്വാസകരമാണ്.

നമ്മുടെ കലാലയാന്തരീക്ഷത്തെക്കുറിച്ചെന്താണു പറയാനുള്ളത് ?

സംഘടനാ സ്വാതന്ത്ര്യം അധ്യാപകർക്കും വിദ്യാർത്ഥികൾക്കും അനുവദിക്കാത്ത കാലത്തുനിന്നും ഒരുപാടുമാറിയല്ലോ. എങ്കിലും ചുരുക്കം ചില കോളജുകളിലെങ്കിലും ആരോഗ്യകരമല്ലാത്ത ചില സ്ഥിതിവിശേഷങ്ങൾ തുടരുന്നുണ്ട്. സംഘടനാസ്വാതന്ത്ര്യവും അത്തരത്തിലുള്ള പ്രവർത്തനങ്ങളിലും ഇടപെടാൻ കഴിയാതെ Spoonfading baby' മാരായി പുറത്തേക്കുവരുന്ന കുട്ടികൾക്ക് എന്തു സമൂഹ്യബോധമാണുണ്ടാവുക ?

ഇനിയങ്ങോട്ടുള്ള സംഘടനാ പ്രവർത്തനത്തിന് ടീച്ചർക്ക് എന്തു സന്ദേശമാണു നല്കാനുള്ളത്?

സജീവമായ പങ്കാളിത്തംകൊണ്ടും കാര്യക്ഷമമായ പരിപാടികൾ കൊണ്ടും ഊർജ്ജസ്വലമായ ഒരു ഭാവി സംഘടനയ്ക്കുണ്ടെന്നു പ്രത്യാശിക്കുന്നു. നീണ്ടകാലത്തെ പോരാട്ട സമരങ്ങളിലൂടെ നേടിയെടുത്ത കരുത്തും വീര്യം ചോർന്നു പോകാതെ സൂക്ഷിക്കുക എന്നതായിരിക്കണം ഓരോ അംഗത്തിന്റെയും ചുമതല.

*(തയ്യാറാക്കിയത് : ഒലീന. എ.ജി)*

# ആദരാഞ്ജലികൾ



ബേബി ജോൺ



ഭരത് ഗോപി

## എ.കെ.പി.സി.ടി.എയുടെ ആദരാഞ്ജലികൾ



GEETHA . B.R.
*N.S.S. College, Manjeri*

# A New Statement

In the kitchen darkness suffocates all thoughts
Once I remove the lid it'll spill over to burn
Scared of the boiling pains and humiliations
I shut my ears though it commands to rebel once.
An ocean roars in the ear as all peace retreats
They're whales who chase my modest freedom
Once they insisted on silence, meekness, obedience
The dumb show made life thread-bare, I collected
The last threads to weave a cocoon to safely hide.
The din of persecution outside knocks at the door
They wanted me to be guilty, to admit weakness.
It's all weak to get angry, to resist any due torture
It's offence to shout, to scream at a slap on the face
A slap can refine, one never goes off-track in pain !
The rail of pain on the geography of years recoils
The country's female folk queue up to support
In the kitchen retreat the jarring thoughts boiled
I fumed at the spilt thick and smoky gruel of life
My gruesome charcoal face drove out my kitten
I hear them move outside scaring me to sneak out.
Will my lurking cage of safety float to shores of hope ?
Can I risk any light of sharp recognition and shock?
Will they drive me back to the kitchen's murky retreat
When they hear the crazy retort from subdued quarters?
If it haunts they can retrace to the cape, I step in
I reach out to hearts that crave for pride and freedom
And I tear up labels, paint a mass of faces - O look,
You and you derail a lot to locate your face of vivid life
Don't you dare to cast a spell of art and love to hurl out
Yea, the horrid filthy yoke of roles with a statement new ?

ടി. ഗിരിജ
വി.ടി.എം.എൻ.എസ്.എസ്.
ധനുവച്ചപുരം



# ഓർമ്മത്തോററം

ഞങ്ങൾ പാടിയ വരികളിലെല്ലാം
വർണ്ണം തേച്ചോരേ.
സ്മാരകശിലകളിലെല്ലാം വിരൽമുന
ചേർത്തുവരച്ചോരേ.
കണ്ണീരുപ്പും, ചോരയുമൊപ്പം
വിററു നടന്നോരേ.
ചിന്തയിലെല്ലാം സ്വപ്നച്ചെപ്പുക
ളടുക്കി വച്ചോരേ.
ജീവിതമെന്നും നിങ്ങടെ മുന്നിൽ
തുറന്ന ജാലകങ്ങൾ.
വേദങ്ങളിലുണ്ടിതിഹാസത്തിൻ
നന്മക്കുളിരലകൾ.
തൊട്ടും ഇനിച്ചും നോക്കാതാർദ്രത
കൊന്നു തുലയ്ക്കുമ്പോൾ
വിപ്ളവമെന്നും ജയിച്ചുമൂർദ്ധാ
വെത്തി മടങ്ങുമ്പോൾ.
ഞാനീ നിദ്രയിൽ നിന്നുമുണർന്നു
നടത്തം തുടരുന്നു.

സത്യം മൂടിയ പാത്രം വീണു
പൊടിഞ്ഞേ തീരുന്നു,
കൂർത്ത നഖങ്ങളിലെല്ലാം ചായം
ചുണ്ടിൽ കൃത്രിമ പരിവേഷം
വേണ്ടവയെല്ലാം വീണുമയങ്ങും
കുളിരലകൾക്കുള്ളിൽ.
ഞാനും നിങ്ങളുമെല്ലാമേതോ
ബോധനമാതൃകകൾ.
കാലമെടുത്തു വലിച്ചെറിയുന്ന
പുരാതന ബിംബങ്ങൾ.
ഞാനെൻ കാലുചുരുട്ടിയൊതുക്കി
ഉറക്കം തൂങ്ങുമ്പോൾ
സത്യം ഞൊണ്ടി നടക്കും രഥ്യയി-
ലെന്തോ തിരയുമ്പോൾ
നാദം കൊടുമുടിയേറിമയങ്ങു-
ന്നുഷിവാടം തൊട്ടും
ഞാനെന്നുണ്മ തിരഞ്ഞു തളർന്നൊരു
പുല്ലിൽ മുത്തായോ....?

**Muhsina C. A.**
III B. A. Economics
*St. Paul's College, Kalamassery*

# ഉന്നതവിദ്യാഭ്യാസരംഗത്തെ മാറുന്ന കാഴ്ചപ്പാടുകൾ

**എ.കെ.പി.സി.ടി.എ സുവർണജൂബിലി വനിതാകൺവെൻഷനോടനുബന്ധിച്ച് കോളജ് വിദ്യാർത്ഥിനികൾക്കുവേണ്ടി നടത്തിയ സാഹിത്യമത്സരത്തിൽ ഒന്നാം സമ്മാനാർഹമായ ലേഖനം**

## വിദ്യാഭ്യാസം

അറിവുസമ്പാദിക്കുകയോ കഴിവുകൾ വളർത്തിയെടുക്കുകയോ ചെയ്യുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. ഇത് ഔപചാരികമോ, അനൗപചാരികമോ ആവാം. വിദ്യാലയങ്ങളിലെ പ്രബോധനങ്ങൾ വഴിയുള്ളത് ഔപചാരികം. ദൈനംദിന അനുഭവങ്ങളിലൂടെ പുസ്തകങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, റേഡിയോ, ചലച്ചിത്രം എന്നിങ്ങനെയുള്ള വാർത്താവിനിമയ മാധ്യമങ്ങൾ വഴിയോ ഉള്ളത് അനൗപചാരികം. ബോധനവും പഠനവും സംബന്ധിച്ച വിവിധ രീതികളും തത്ത്വങ്ങളും ചരിത്രപരവും സമകാലികവുമായ അടിസ്ഥാനത്തിൽ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്ന പഠനശാഖയായും തീർന്നിട്ടുണ്ട് വിദ്യാഭ്യാസം.

വിദ്യാഭ്യാസത്തിന്റെ, അന്തിമലക്ഷ്യം എന്താണ്? എന്ന ചോദ്യം പ്രസക്തമാണ്. സമൂഹത്തിലെ അംഗമെന്ന നിലയിൽ തന്റെ കർത്തവ്യം ഏററവും ഭംഗിയായി നിർവ്വഹിക്കുന്നതിന് ഓരോ വ്യക്തിയേയും പ്രാപ്തനാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്ന് സാമാന്യമായി പറയാം.

**ചരിത്രം :** മററു പലതിലുമെന്നപോലെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും പ്രാചിയും പ്രതീചിയും തമ്മിൽ സാരമായ അന്തരമുണ്ട്. പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ തൊട്ടിൽ പുരാതനഗ്രീസാണെന്ന് പറയപ്പെടുന്നു. പൗരസ്ത്യ വിദ്യാഭ്യാസത്തിന്റെ മാതൃകയായി, ഇന്ത്യയോ, ചൈനയോ ആണ് സാധാരണ ചൂണ്ടിക്കാട്ടാറുള്ളത്. ഗ്രീക്ക് വിദ്യാഭ്യാസചിന്തയുടെ സുവർണ്ണകാലം ബി. സി. അഞ്ചും നാലും ശതാബ്ദങ്ങളായിരുന്നെങ്കിൽ ചൈനയുടെ വിദ്യാഭ്യാസ ചരിത്രം ബി. സി. രണ്ടായിരത്തിന് മുൻപ് തന്നെ തുടങ്ങുന്നുണ്ട്. ഇന്ത്യയുടേത് ആയിരത്തിന് മുൻപ് മുതൽക്കും.

**ഇന്ത്യ :** ഗുരുകുല വിദ്യാഭ്യാസമാണ് പ്രാചീനവിദ്യാഭ്യാസത്തിന്റെ ഏററവും ശ്രദ്ധേയമായ ഭാഗം. ആചാര്യനും അന്തേവാസിയും തമ്മിലുള്ള ദൃഢബന്ധമാണ് ഈ രീതിയുടെ അന്തഃസത്ത. തക്ഷശില, വാരണാസി, നളന്ദ എന്നിവയാണ് ഇങ്ങനെ രൂപംകണ്ട സുപ്രസിദ്ധ പ്രാചീന വിദ്യാപീഠങ്ങൾ. ബി. സി. ഏഴാം ശതകം മുതൽ മൂന്നാം ശതകം വരെയാണ് തക്ഷശില നിലനിന്നിരുന്നത്. അറുപത് കലകളും ശാസ്ത്രങ്ങളും അവിടെ പഠിപ്പിച്ചിരുന്നു. വൈദിക മതത്തിന്റേയും സംസ്കൃതപഠനത്തിന്റേയും ഒരു പ്രധാന കേന്ദ്രമായിരുന്നു വാരാണാസി. പ്രാചീനഭാരതത്തിലെ ഏററവും പ്രശസ്തമായ സർവ്വകലാശാലയാണ് നളന്ദ. ഗുപ്തസമ്രാട്ടുകളുടെ ഉദാരമായ ലാളനയാണ് നളന്ദയെ പരിപോഷിപ്പിച്ചിരുന്നത്.

1859-ൽ ഇന്ത്യ ബ്രിട്ടീഷ് ഭരണത്തിന് കീഴിലായി. "ഇന്ത്യയിലെ വിദ്യാഭ്യാസം പാശ്ചാത്യമാതൃകയിലായിരിക്കണം, ഇംഗ്ലീഷ് ഭാഷയായിരിക്കണം ബോധന മാധ്യമം" എന്ന മെക്കാളെയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ബ്രിട്ടീഷുകാർ അവരുടെ വിദ്യാഭ്യാസനയം രൂപവൽക്കരിച്ചത്. ഇന്ത്യയിലെ ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തെ താങ്ങിനിർത്തുന്നതിന് സഹായകമാകുമാറ് ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം പാശ്ചാത്യ ജീവിതരീതിയോട് ആഭിമുഖ്യവും ഭരണകൂടത്തോട് കൂറുമുള്ളവരുമായ ഒരു ഉദ്യോഗസ്ഥവർഗത്തെ സൃഷ്ടിക്കുകയായിരുന്നു പ്രധാന ലക്ഷ്യം.

വിശ്രുതചിന്തകനായ അരിസ്റ്റോട്ടിൽ തന്റെ 'പൊളിററിക്സ്' എന്ന ഗ്രന്ഥത്തിൽ വിദ്യാഭ്യാസത്തെ കുറിച്ച് പറയുന്ന ഒരു ഭാഗമുണ്ട്. "വിദ്യാഭ്യാസം ഒരു സാമൂഹിക പ്രക്രിയയാണ്. സമുദായത്തിന്റെ എല്ലാ കാര്യങ്ങളും നിർവ്വഹിക്കുവാൻ വ്യക്തിയെ പ്രാപ്തനാക്കേണ്ടതും സമൂഹത്തിന്റെ മൊത്തം താൽപര്യത്തിനനുസൃതമായാണ്." വിദ്യാഭ്യാസ പ്രക്രിയയെപ്പററിയുള്ള വീക്ഷണ വ്യത്യാസം പൗരാണിക കാലം മുതൽ തന്നെ തുടങ്ങിയിരുന്നു എന്ന് സൂചിപ്പിക്കുവാനാണ് ഇതിവിടെ കുറിച്ചത്. ആഗോളവൽക്കരണകാലത്ത് സാമൂഹികപാതയിൽ നിന്നും വഴിമാറി വിദ്യാഭ്യാസം പണംകൊടുത്ത് വാങ്ങാവുന്ന ഉൽപന്നമാവുകയാണ്. അതുവഴി വിദ്യാഭ്യാസം അതിന്റെ മൗലിക ലക്ഷ്യങ്ങളിൽ നിന്നും അകലുകയും ചെയ്യുന്നു. സമൂഹതാൽപര്യത്തെ മുൻനിറുത്തി ആവിഷ്കരിക്കേണ്ട ഒരു സാമൂഹിക പദ്ധതിയാണ് യഥാർത്ഥത്തിൽ വിദ്യാഭ്യാസം. വ്യക്തിതാൽപര്യങ്ങൾ അതിനു താഴെ മാത്രമേ വരാവൂ. ഇപ്രകാരം സമൂഹത്തിന്റെ വളർച്ചയുടെ ഘട്ടങ്ങളും ആവശ്യങ്ങളും കണക്കിലെടുത്തുകൊണ്ടും വ്യക്തിത്വത്തിന്റെ സമഗ്രവികാസം ഉറപ്പുവരുത്തിക്കൊണ്ടും വിദ്യാഭ്യാസത്തെ മാററിതീർക്കേണ്ടതുണ്ട്. അതിന്റെ ആദ്യപടി ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും ലഭിക്കുക എന്നതാണ്.

എന്നാൽ ഒന്ന് സമ്മതിക്കാതെ തരമില്ല. സംതൃപ്തവും പ്രത്യുത്പാദനക്ഷമവും സമൂഹത്തിന് സ്വീകാര്യവുമായ ജീവിതം നയിക്കുവാൻ വ്യക്തികളെ പ്രാപ്തനാക്കുന്നതിന് വേണ്ടിയുള്ള വിദ്യാഭ്യാസം അളവുകോലായി എടുക്കുകയാണെങ്കിൽ നമ്മുടെ വിദ്യാഭ്യാസപ്രക്രിയയുടെ

കാര്യക്ഷമത ഇനിയുമെത്രയോ വർദ്ധിപ്പിക്കേണ്ടതുണ്ട്.
സ്വാതന്ത്ര്യാനന്തര കാലം മുതൽ വിവിധ ധാരകളിലൂടെ
നടന്ന നവോത്ഥാനപ്രക്രിയ വഴി സ്കൂളിൽ പോകുന്ന
കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാൻ നമ്മുടെ നാടിനു ക
ഴിഞ്ഞിരുന്നു. കേരളപ്പിറവിക്ക് ശേഷം 1957 ലെ വിദ്യാ
ഭ്യാസ നിയമവും ഭൂപരിഷ്കരണവും പോലുള്ള പുരോ
ഗമന നടപടികളിലൂടെ നാടിന്റെ മുക്കിലും മൂലയിലും
സ്കൂളുകൾ ഉയർന്നുവരികയും സ്കൂൾ വിദ്യാഭ്യാസത്തി
നെത്തുന്നവരുടെ എണ്ണം വലിയ തോതിൽ വർദ്ധിക്കുക
യും ചെയ്തു. 1970-കളിലാണ് കേരളത്തിൽ സ്കൂൾ
വിദ്യാർത്ഥികളുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടാ
യതെന്ന വസ്തുത ഇതിനടിവരയിടുന്നു. ഇന്നിപ്പോൾ
അഞ്ചുവയസ്സെത്തുന്ന ഏതാണ്ട് മുഴുവൻ കുട്ടികളെയും
സ്കൂളിലെത്തിക്കാൻ കഴിയുന്ന സംസ്ഥാനമായി കേര
ളം മാറി. എന്നാൽ എണ്ണത്തിലുണ്ടായ ഈ വർദ്ധന ഗു
ണമേന്മയിൽകൂടി പ്രതിഫലിക്കുമ്പോഴെ വിദ്യാഭ്യാസം
അർത്ഥപൂർണ്ണമാകൂ. ഈ വസ്തുത തിരിച്ചറിഞ്ഞുകൊ
ണ്ട് ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന
ലക്ഷ്യത്തോടെ വരുംവർഷം കാര്യക്ഷമതാവർഷമായി ആ
ചരിക്കുവാൻ തയ്യാറെടുക്കുകയാണ് വിദ്യാഭ്യാസവകുപ്പ്.
ഇത്തവണ പിന്നാക്കം നിന്ന സ്കൂളുകളിൽ നടത്തിയ ഇ
ടപെടലും മററു സംരംഭങ്ങളും എസ്. എസ്. എൽ. സി.
യിലെ ഉയർന്ന വിജയശതമാനവും നൽകിയ ആത്മവി
ശ്വാസം ഈ പ്രവർത്തനത്തിന് കരുത്തായുണ്ട്.

## സ്വാതന്ത്ര്യാനന്തരഭാരതത്തിലെ വിദ്യാഭ്യാസ പുരോഗതി

നമ്മുടെ നാട് - ആർഷഭാരതം പണ്ടുമുതലേ വിദ്യാ
ഭ്യാസ മണ്ഡലത്തിൽ മററേതു രാജ്യത്തേക്കാളും ഒരുപ
ടി മുന്നിലായിരുന്നു. വൈദികകാലത്തും ഋഗ്വേദകാല
ത്തും നമ്മുടെ നാട്ടിൽ നിലവിലിരുന്ന ഗുരുകുല സമ്പ്ര
ദായത്തിന്റെ മേന്മകൾ അവർണ്ണനീയം ത
ന്നെ. സിന്ധുനദീതട സംസ്കാരകാലത്ത്
നളന്ദയിലും തക്ഷശിലയിലുമായി പടർന്നു
പന്തലിച്ച ഗുരുകുലങ്ങളിലേക്ക് ചൈനയിൽ
നിന്നും അറബ് രാജ്യങ്ങളിൽ നിന്നും മററും
വിജ്ഞാനദാഹികൾ എത്തിച്ചേർന്നിരുന്നതാ
യി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.
പക്ഷേ, ഇന്ത്യ ബ്രിട്ടീഷ് ഭരണത്തിൻകീഴി
ലായതോടെ നമ്മുടെ വിദ്യാഭ്യാസരംഗം ക്ഷ
യോന്മുഖമായിത്തീർന്നു. 1835-ലെ മെക്കാ
ളെ മിനിററ്സോടെ ഇന്ത്യൻ വിദ്യാഭ്യാസ രം
ഗം അപചയിച്ചു തുടങ്ങി. പ്രാദേശിക ഭാ
ഷകളും സംസ്കൃതവും അവഗണിക്കപ്പെ
ട്ടു. തൽസ്ഥാനത്ത് ഇംഗ്ലീഷ് ഭാഷയും സം
സ്കാരവും ആധിപത്യം സ്ഥാപിച്ചു. അ
പ്പോഴും രവീന്ദ്രനാഥടാഗോറിന്റെ ശാന്തിനി
കേതൻ പോലുള്ള വിദ്യാഭ്യാസ കേന്ദ്രങ്ങൾ
നൽകിവന്നിരുന്ന നിസ്തുല സംഭാവനകൾ
വിസ്മരിക്കാനാവില്ല.

സ്വാതന്ത്ര്യലബ്ധിയോടെ ദേശീയലക്ഷ്യങ്ങൾക്കനു
സൃതമായ ഒരഴിച്ചുപണി അനിവാര്യമായിത്തീർന്നു. സ്വ
തന്ത്രഭാരതത്തിന്റെ ഭരണചക്രം തിരിച്ചവർ അതിന് വേണ്ട
നടപടികൾ ഉടൻതന്നെ ആരംഭിക്കുകയും ചെയ്തു.
1948-49 ലെ യൂണിവേഴ്സിററി എഡ്യുക്കേഷൻ കമ്മീഷ
നായിരുന്നു അതിന് തുടക്കം കുറിച്ചത്. പിന്നീട് ഭാരത
ത്തിന്റെ രാഷ്ട്രപതിയായിത്തീർന്ന, ഇന്ത്യകണ്ട എക്കാ
ലത്തെയും മികച്ച വിദ്യാഭ്യാസ വിചക്ഷണനായ ഡോ.

രാധാകൃഷ്ണനായിരുന്നു അതിന്റെ ചെയർമാൻ. ഡോ.
എ. ലക്ഷ്മണ മുതലിയാർ ചെയർമാനായ സെക്കന്ററി
എഡ്യുക്കേഷൻ കമ്മീഷനായിരുന്നു ഭാരതത്തിലെ വിദ്യാ
ഭ്യാസപുരോഗതി ലക്ഷ്യം വച്ച് പിന്നീട് സ്ഥാപിതമായ
ത്. ഒരു വർഷത്തെ പ്രീയൂണിവേഴ്സിററി കോഴ്സ് ശു
പാർശ ചെയ്തതും മാതൃഭാഷ ബോധമാധ്യമമാക്കണമെ
ന്നാവശ്യപ്പെട്ടതും മുതലിയാർ കമ്മീഷനായിരുന്നു.
1964-66 ൽ സ്ഥാപിതമായ കോത്താരി കമ്മീഷൻ ന
മ്മുടെ വിദ്യാഭ്യാസ മണ്ഡലത്തെ ബഹുദൂരം മുന്നോട്ട്
നയിച്ചു. നാല് വർഷത്തെ ലോവർ പ്രൈമറി വിദ്യാഭ്യാ
സം, മൂന്ന് വർഷം നീളുന്ന അപ്പർ പ്രൈമറി, മൂന്ന് വർഷ
ത്തെ ലോവർ സെക്കന്ററി വിദ്യാഭ്യാസം, അത്രയും ദൈർ
ഘ്യം വരുന്ന ബിരുദപഠനം എന്നിവയായിരുന്നു കോത്താ
രി കമ്മീഷന്റെ ശുപാർശ. പ്രീഡിഗ്രി സ്കൂൾതലത്തി
ലാക്കണമെന്ന് ആദ്യമായി നിർദ്ദേശിച്ചതും കോത്താരി
കമ്മീഷനായിരുന്നു. ഈ മൂന്ന് കമ്മീഷനുകളും കൂടി
യാണ് സ്വാതന്ത്ര്യാനന്തര ഭാരതത്തിന് വിദ്യാഭ്യാസരംഗത്ത്
ഇത്രയേറെ പുരോഗതി നേടിത്തന്നതെന്ന് പറയാം.
വിദഗ്ദ്ധമായ ആസൂത്രണവുമായി വിദ്യാഭ്യാസരംഗ
ത്ത് നാം വളരെയേറെ മുന്നേറിയിരിക്കുന്നു. 1951-ൽ ര
ണ്ടുലക്ഷത്തി മുപ്പതിനായിരം സ്കൂളുകളും 24 യൂണി
വേഴ്സിററികളും 630 കോളജുകളും മാത്രമാണുണ്ടായി
രുന്നതെങ്കിൽ ഇന്ന് ഏഴുലക്ഷത്തി ഇരുപതിനായിരം സ്കൂ
ളുകളും 350 ഓളം യൂണിവേഴ്സിററികളും പതിനെണ്ണായി
രത്തിലധികം കോളജുകളുമുണ്ട്. അന്നത്തെ സാക്ഷ
രത വെറും ആറര ശതമാനമായിരുന്നെങ്കിൽ ഇന്നത് അ
റുപതായി വർദ്ധിച്ചിട്ടുണ്ട്. സ്ത്രീ വിദ്യാഭ്യാസത്തിലു
ണ്ടായ പുരോഗതിയാണ് എടുത്തുപറയേണ്ട മറ്റൊരു വ
സ്തുത.

നമ്മുടെ വിദ്യാഭ്യാസ മണ്ഡലത്തിൽ വലിയൊരു കു
തിച്ചുചാട്ടത്തിനിടയാക്കിയ ചില ഏജൻസികളെ കുറിച്ച്



ഈ സന്ദർഭത്തിൽ പരിചിന്തിക്കുന്നത് തികച്ചും യുക്ത
മായിരിക്കും. 1962- മുതൽ സ്ഥാപിതമായ കേന്ദ്രീയ വി
ദ്യാലയങ്ങളാണ് പ്രാതഃസ്മരണീയം. കേന്ദ്രസർക്കാർ ജീ
വനക്കാരുടെ പ്രത്യേകിച്ചും സൈനിക - അർദ്ധ സൈ
നിക വിഭാഗത്തിൽ പെട്ടവരുടെ മക്കൾക്ക് നിർബാധം വി
ദ്യാഭ്യാസം നടത്തുന്നതിന് വേണ്ടി സ്ഥാപിച്ച സെൻട്രൽ
സ്കൂളുകൾ വളരെ മികച്ച നിലവാരം പുലർത്തുന്നുവെ
ന്നത് അനിഷേധ്യമാണ്.

1986-ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി സ്ഥാപിതമായ നവോദയാ വിദ്യാലയങ്ങൾ നമ്മുടെ വിദ്യാഭ്യാസ മണ്ഡലത്തിലുളവാക്കിയ നവോത്ഥാനം നിസ്തുലമാണ്. സജ്ജീകരണത്തിലും ഗുണനിലവാരത്തിലും അച്ചടക്കത്തിലും മുന്തിനിൽക്കുന്ന സ്കൂളുകൾ ഭാരതത്തിലെ ഓരോ ജില്ലയിലും ഒന്നുവീതം വേണമെന്ന ഭരണകർത്താക്കളുടെ അഭിലാഷത്തിന്റെ ഫലമായിരുന്നു നവോദയാ വിദ്യാലയങ്ങൾ. പട്ടികജാതി - പട്ടികവർഗങ്ങളിലെ സമർത്ഥരായ കുട്ടികൾക്കും മററ് ധിഷണാശാലികൾക്കുമായി ആരംഭിച്ച നവോദയാ വിദ്യാലയങ്ങൾ പലരുടെ വിമർശനത്തിന് പാത്രമായെന്നത് വിസ്മരിക്കുന്നില്ല. ഇത്തരം വിദ്യാലയങ്ങൾ രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുന്നു എന്നതായിരുന്നു അവരുടെ പരാതി. ഭാരതത്തിലാകെയുള്ള 448 ജില്ലകളിൽ ഇരുനൂറിലധികം കേന്ദ്രങ്ങളിലായി കൊട്ടും കുരവയുമോടെ ഉദ്ഘാടനം ചെയ്ത നവോദയാ വിദ്യാലയങ്ങൾക്ക് 1989-ലെ രാഷ്ട്രീയ മാററത്തോടെ ദുർദ്ദശ ആരംഭിക്കുകയാണുണ്ടായത്.

നമ്മുടെ പുതിയ ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി പ്രവർത്തനമാരംഭിച്ച ഡയററ് എന്ന ഏജൻസിയുടെ പ്രവർത്തനങ്ങൾ ഈ സന്ദർഭത്തിൽ ഓർമ്മിക്കേണ്ടിയിരിക്കുന്നു. പ്രൈമറി സ്കൂൾ അധ്യാപകരുടേയും അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തകരുടേയും ഗുണനിലവാരം മെച്ചപ്പെടുത്താൻ കേന്ദ്രഗവൺമെന്റ് ജില്ലാതലത്തിൽ ആരംഭിച്ച ഡിസ്ട്രിക്ട് ഇൻസ്ററിററ്യൂഷൻ ഓഫ് എഡ്യൂക്കേഷൻ ആൻഡ് ട്രെയിനിംഗ് എന്ന ഏജൻസിയുടെ ചുരുക്കപ്പേരാണ് ഡയററ്. പ്രസ്തുത ഏജൻസി ലോകബാങ്കിന്റെ ധനസഹായത്തോടെ നിർവ്വഹിക്കുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നമ്മുടെ വിദ്യാഭ്യാസ മണ്ഡലത്തെ ബഹുദൂരം മുന്നിലാക്കുമെന്നതിൽ സംശയിക്കേണ്ടതില്ല. ദേശീയ വിദ്യാഭ്യാസ ഗവേഷണ പരിശീലന കൗൺസിൽ, സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ എന്നീ ഏജൻസികളും മററും നൽകുന്ന സേവനങ്ങൾ വിസ്താരഭയത്താൽ വിവരിക്കുന്നില്ല. ചുരുക്കത്തിൽ, വിദഗ്ദ്ധമായ ആസൂത്രണത്തിന്റേയും നിശ്ചയദാർഢ്യത്തിന്റേയും ഫലമായി ഇന്ത്യയുടെ വിദ്യാഭ്യാസരംഗം സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഉന്നതമായ ചില മാനങ്ങൾ കൈവരിച്ചിരിക്കുന്ന അത്ഭുതദൃശ്യമാണ് നാമിന്ന് കാണുന്നത്.

## കേരളത്തിലെ വിദ്യാഭ്യാസരംഗം

ഇന്ത്യയിലെ ഏററവും വിദ്യാസമ്പന്നമായ സംസ്ഥാനമെന്ന സവിശേഷത കേരളത്തിനുണ്ട്. പക്ഷേ, അത് വിദ്യാഭ്യാസം എന്ന പദത്തിന്റെ സങ്കുചിതവും പരിമിതവുമായ അർത്ഥത്തിൽ മാത്രമാണ്. ജനസംഖ്യയ്ക്ക് ആനുപാതികമായി സ്കൂളുകളുടേയും കോളജുകളുടേയും യൂണിവേഴ്സിററികളുടേയും എണ്ണം ഒരുപക്ഷേ കൂടുതൽ കേരളത്തിലായിരിക്കാം. സാക്ഷരതയുടെ കാര്യത്തിൽ മററ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ബഹുദൂരം മുന്നിലാണ്. സ്കൂൾ വിദ്യാഭ്യാസരംഗത്തുമാത്രം കേരളം പ്രതിവർഷം 600 കോടി രൂപയിലധികം ചെലവഴിക്കുന്നുണ്ട്. 1981-ലെ സെൻസസ് പ്രകാരം കേരളത്തിലെ ജനങ്ങളിൽ 70% പേരും സാക്ഷരരായിരുന്നു. സ്ത്രീകളുടെ ഉയർന്ന സാക്ഷരതാനിരക്ക് കേരളത്തിന്റെ മറെറാരു പ്രത്യേകതയാണ്. 1981-ൽ അത് 65.73 ആയിരുന്നു. 1990-ൽ എറണാകുളം ജില്ല 100% സാക്ഷരത കൈവരിച്ചെങ്കിൽ, 1991-ൽ സംസ്ഥാനം മുഴുവൻ സമ്പൂർണ്ണ സാക്ഷരത കൈവരിച്ചതായി പ്രഖ്യാപിച്ചു.

സ്കൂൾ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ കേരളം മററ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മുന്നിലാണ്. സ്വാതന്ത്ര്യപ്രാപ്തിക്ക് ദശാബ്ദങ്ങൾ മുമ്പുതന്നെ സ്വകാര്യ ഏജൻസികൾ ഈ രംഗത്തുപ്രവേശിച്ചിരുന്നു. ഇന്ന് മൊത്തം സ്കൂളുകളുടെ മൂന്നിൽ രണ്ടുഭാഗവും സ്വകാര്യമേഖലയിലാണ്. എണ്ണത്തിന്റെ കാര്യത്തിൽ മുമ്പിലാണെങ്കിലും നിലവാരത്തിന്റെ കാര്യത്തിൽ അങ്ങനെയല്ല എന്നതാണ് വാസ്തവം. പല സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസനിലവാരവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ താഴ്ന്ന നിലവാരമാണ് കേരളത്തിലേതെന്ന് കാണാൻ സാധിക്കും. സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ച ഒരസാധാരണ പ്രതിഭാസത്തിനുതന്നെ കാരണമായിരിക്കുന്നു. പൊതുമേഖലാ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം അനുദിനം കുറഞ്ഞുവരുന്നു. അതേസമയം അധ്യാപകരുടെ എണ്ണം ആവശ്യത്തിലധികമാവുകയും ചെയ്യുന്നു.

ഈ പ്രതിഭാസത്തിന് കാരണം വർഷംതോറും എണ്ണം കൂടിവരുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകളാണ്. കുട്ടികളിൽ കൂടുതലും അത്തരം സ്കൂളുകളിലേക്ക് പോകുന്നു. കുട്ടികളിൽ കൂടുതലും അത്തരം സ്കൂളുകളിലേക്ക് പോകുന്നതിനാൽ അവർക്കുവേണ്ടി മാതാപിതാക്കൾ കൂടുതൽ തുകകൾ ചെലവഴിക്കാൻ തയ്യാറാകുന്നു. സ്കൂൾ വിദ്യാഭ്യാസം കേരളത്തിൽ ഇന്നൊരു വൻ വ്യവസായമായി മാറിയിരിക്കുകയാണ്. കുറച്ചുനാൾ മുമ്പുവരെ ഇല്ലായിരുന്ന പ്രീ-പ്രൈമറി വിദ്യാഭ്യാസവും ഇപ്പോൾ കേരളത്തിൽ വ്യാപകമായിരിക്കുകയാണ്. ചെലവേറിയ അവയുടെ എണ്ണവും പെരുകിവരുന്നു. ഇപ്പോൾ തന്നെ എല്ലാ നഗരകേന്ദ്രങ്ങളിലും അത്തരം സ്ഥാപനങ്ങൾ ധാരാളമായിട്ടുണ്ട്.

1949-ൽ തിരുവിതാംകൂർ - കൊച്ചി സംസ്ഥാനത്തിന്റെ രൂപീകരണത്തിനും 1956-ൽ ഐക്യകേരളത്തിന്റെ പിറവിക്കുംശേഷം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ, പ്രത്യേകിച്ച് ആർട്സ്, സയൻസ് കോളജുകളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചു. 1956-ൽ വെറും 28 ആർട്സ്, സയൻസ് കോളജുകളും അവയിൽ 22,000 വിദ്യാർത്ഥികളുമായിരുന്ന സംസ്ഥാനത്ത് 1990-ൽ അത് 168 കോളജുകളും 325 ലക്ഷം വിദ്യാർത്ഥികളുമായി വർദ്ധിച്ചു. ഇതിൽ ഏകദേശം 2 ലക്ഷം കുട്ടികൾ പ്രീഡിഗ്രി തലത്തിലും, ബാക്കി ബിരുദ - ബിരുദാനന്തരതലത്തിലും പെടുന്നു. കോളജ് വിദ്യാഭ്യാസരംഗത്ത് ശ്രദ്ധേയമായ ഒരു സവിശേഷത പെൺകുട്ടികൾ ധാരാളമായി കോളജിൽ ചേരുന്നുണ്ടെന്നതും, എല്ലാ വിഷയത്തിലും ഉയർന്ന റാങ്കുകൾ അവർ കരസ്ഥമാക്കുന്നു എന്നതാണ്.

അറുപതുകളിൽ കേരളത്തിലെ ഏകസർവ്വകലാശാലയായിരുന്ന കേരളാ യൂണിവേഴ്സിററി ഗവൺമെന്റ് അംഗീകാരത്തോടെ പുതിയ ആർട്സ്, സയൻസ് കോളജുകൾ തുടങ്ങുന്നതിന് ബൃഹദ് പദ്ധതി ആവിഷ്ക്കരിച്ചു. അധികവും ജൂനിയർ കോളജുകളായിരുന്നു. ഏതാനും വർഷങ്ങൾക്കുള്ളിൽ അവ ഡിഗ്രി തലത്തിലുള്ളവയായി. അതേസമയം തന്നെ ബിരുദാനന്തര കോഴ്സുകൾ തുടങ്ങുന്നതിന് പല കോളജുകൾക്കും അനുമതി നൽകി. അങ്ങനെ അറുപതുകളിൽ പ്രതീക്ഷിച്ചതിലും കൂടുതൽ കോളജുകൾ സ്ഥാപിതമായി. എന്നാൽ സ്ഥാപനങ്ങളുടെ പെരുപ്പത്തിൽ വിദ്യാഭ്യാസ നിലവാരം കുറഞ്ഞു. പല ക്ലാസുകളിലേക്കുമുള്ള പ്രവേശനം സംഭാവനയുടെ അടിസ്ഥാനത്തിലായി.

ഉന്നതവിദ്യാഭ്യാസരംഗത്ത് സമൂലമായ ഒരു അഴിച്ചുപണി ആവശ്യമാണെന്ന് തോന്നേണ്ടത് ഇവിടത്തെ രാഷ്ട്രീയ കക്ഷികൾക്കായിരിക്കണം.

### മാറിക്കൊണ്ടിരിക്കുന്ന സാങ്കേതികവിദ്യയുടെ സ്വാധീനം

പണ്ടൊന്നും വിദ്യാഭ്യാസപരമായ പ്രക്രിയകൾ നാമിന്ന് നേരിടുന്ന തരത്തിലുള്ള വെല്ലുവിളികളൊന്നും അഭിമുഖീകരിച്ചിരുന്നില്ല. ഇന്ന്, ഇന്നോളമുണ്ടായിട്ടില്ലാത്തത്ര സമൂലമായും ദ്രുതഗതിയിലും സാങ്കേതികവിദ്യകൾ മാറിക്കൊണ്ടിരിക്കുകയാണ്. ഈ സാങ്കേതിക വിദ്യാപരിണാമങ്ങൾ ഉപകരണങ്ങളിലോ അടിസ്ഥാന സൗകര്യങ്ങളിലോ തൊഴിൽബന്ധിത പ്രവർത്തനങ്ങളുടെ രൂപരേഖകളിലോ മാത്രമല്ല, സംഘടനാപരമായ ഘടനകളിലും സ്ഥിതിവിവര കണക്കുകളുടെ രൂപരേഖയിലും, ദേശീയമായ പരമാധികാരത്തെയും തനിമയെയും സംബന്ധിച്ച സങ്കല്പനങ്ങളിൽ പോലും മാറ്റം വരുത്തിയിട്ടുണ്ട്.

ഇവിടെ ഉയർത്തിക്കാണിച്ച വാദമുഖങ്ങൾ കൊണ്ടു തന്നെ, 2020-ലോ 2030 ലോ ലോകം എങ്ങനെയായിരിക്കുമെന്ന് ആർക്കും പറയാനാവില്ല എന്ന് വ്യക്തമാണ്. വിദ്യാഭ്യാസ വ്യവസ്ഥ ജനങ്ങളെ വർത്തമാനകാലത്തിനു വേണ്ടി മാത്രം പരിശീലിപ്പിക്കാനുള്ളതല്ല എന്നു വ്യക്തമാണ്. അത് അത്യാവശ്യമായും ഭാവിയുടെ വെല്ലുവിളികളെ നേരിടാനും അവരെ സജ്ജരാക്കേണ്ടതാണ്. ഈ സന്ദർഭത്തിൽ, പല വിഷയങ്ങളിലുമുള്ള മുൻനിര ചിന്തകർ, ഇനിയും ഗവേഷണ ബിരുദങ്ങൾക്ക് അഞ്ചു വർഷത്തെ മൂല്യമേ നൽകാവൂ. എന്ന് നിർദ്ദേശിക്കുന്നത് ശ്രദ്ധിക്കേണ്ടതാണ്. അഞ്ചുവർഷം കഴിയുമ്പോൾ അനുയോജ്യമായ പഠനാന്തര പരിശീലന കോഴ്സോ പുനർമാർഗദർശന കോഴ്സോ വഴി പുനർമൂല്യനിർണ്ണയം നടത്തി പുനരംഗീകാരം ലഭ്യമാക്കണമെന്നാണ് അവരുടെ നിർദ്ദേശം.

നമ്മുടെ അറിവിനെ ശേഖരിക്കുകയും രേഖപ്പെടുത്തുകയും പ്രാപ്യമാക്കുകയും ഗാഢമായി വിലയിരുത്തുകയും ചെയ്യുന്നത് സമൂലമായൊരു പരിവർത്തനത്തിനു വിധേയമായിത്തുടങ്ങിയിട്ടുണ്ട്. ടെലിവിഷനും, ഇ-മെയിലും ഇന്റർനെറ്റും സൈബർസ്പേസ് ഉപഗ്രഹാധിഷ്ഠിതമായ വിവരവിനിമയ സാങ്കേതികവിദ്യകളും കൊണ്ട് ലോകമെങ്ങും വീടുകളിലെ പ്രശാന്തത ഭഞ്ജിക്കപ്പെട്ടുകൊണ്ടിരിക്കുന്നതെങ്ങനെയെന്ന് ആർക്കും കാണാൻ കഴിയും. ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയായപ്പോൾപ്പോലും ആർക്കും സങ്കല്പിക്കാനാവുമായിരുന്ന ഒരു മാറ്റമല്ല, പ്രാഥമികവും ദ്വിതീയവും തൃതീയവുമായ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നവരുടെ ശതമാനത്തിൽ, ഇപ്പോൾ ഉളവായിട്ടുള്ളത്.

സ്വയംഭരണം ഉറപ്പുവരുത്തുന്നതിന് അക്കാദമിക കൗൺസിലിന്റെ അധികാരങ്ങൾ വേണ്ടത്ര വർദ്ധിപ്പിക്കുകയും സിന്റിക്കേറ്റ് പൊതുഭരണത്തിൽ മാത്രം ശ്രദ്ധ പതിപ്പിക്കുകയും ചെയ്യണം. ഈ കാര്യങ്ങൾക്ക് സർവകലാശാലകളിലെ അക്കാദമിക പ്രവർത്തനങ്ങളുടെ സാധ്യതകളും കർത്തവ്യങ്ങളും എന്തൊക്കെ എന്നതുൾപ്പെടെ, കൂടുതൽ വിശദമായി രൂപം കൊടുക്കേണ്ടതാണ്.

100% 9.16 Hallmarked Gold
AJ
Anupama Jewellery
MG ROAD, ERNAKULAM
PHONE: 0484-2376330, 3295700




എം.എസ്. വസന്തകുമാർ
*എസ്. എൻ കോളജ്, കൊല്ലം*


**പൗരോഹിത്യത്തിന് ലോകം കല്പിച്ചിരിക്കുന്ന ബഹുമാന്യത മുതലാക്കി നടന്നിട്ടുള്ളതും നടന്നുകൊണ്ടിരിക്കുന്നതുമായ അനീതിയും മനുഷ്യത്വരാഹിത്യവും ചോദ്യം ചെയ്യപ്പെടണം. കേരളത്തിൽ അതുമൂലമുണ്ടായ ഒരു ഭ്രാന്താലയത്തിന് അറുതി വരുത്താൻ നമ്മുടെ നവോത്ഥാന നായകന്മാർക്ക് സാദ്ധ്യമായത്, തിളങ്ങുന്ന ഒരു ഉദാഹരണമായി നമ്മുടെ മുന്നിലുണ്ട്.**

# തസ്ലിമയുടെ സ്നേഹദൂത്

തസ്ലിമ നസ്രിൻ നോവലുകളും കവിതകളും ലേഖനങ്ങളും എഴുതുന്നു. സർഗ്ഗധനയായ ആ നാല്പത്തിയഞ്ചുകാരിയുടെ പ്രജ്ഞാവ്യാപാരങ്ങൾ ബംഗാളി ഭാഷയിൽ വെളിച്ചം കാണുന്നു. ബംഗ്ലാദേശിലെ മൈമെൻസിംഗ് മെഡിക്കൽ കോളജിൽ നിന്ന് എം.ബി.ബി.എസ് ബിരുദം നേടി കുറച്ചു കാലം ഡോക്ടറായി പ്രാക്ടീസ് ചെയ്തു. അക്കാലത്ത് അവർ കവിതകളെഴുതി പ്രസിദ്ധീകരിച്ചു. പിന്നെ പത്രത്തിൽ കോളം എഴുതി. തുടർന്ന് നോവലുകളും എഴുതി. അയോദ്ധ്യയിലെ ബാബ്റി മസ്ജിദ് പൊളിച്ചപ്പോൾ ബംഗ്ലാദേശിലെ മതന്യൂനപക്ഷമായ ഹിന്ദുക്കളെ അവിടുത്തെ ഭൂരിപക്ഷ മതസ്ഥരായ മുസ്ലിങ്ങൾ നിഷ്കരുണം ആക്രമിക്കുകയും കൊള്ളയടിക്കുകയും കൂട്ടക്കൊലചെയ്യുകയും ഹിന്ദു ക്ഷേത്രങ്ങൾ നശിപ്പിക്കുകയും കവർച്ച ചെയ്യുകയും ചെയ്തു. ഏറിയും ആറിയും നിന്ന തന്റെ ദേശത്തെ മതസംഘർഷങ്ങൾ തസ്ലിമയിൽ ജനിപ്പിച്ച മതപക്ഷപാതമില്ലാത്ത, മനുഷ്യത്വപരമായ പ്രതികരണങ്ങൾ ഒരു നോവലായി രൂപം പ്രാപിച്ചത് ബാബ്റി സംഭവത്തെ തുടർന്നുള്ള ദിവസങ്ങളിലാണ്. സാർവ്വലൗകിക നീതിക്കും മനുഷ്യത്വത്തിനും നിരക്കാത്ത നിലയിൽ അത്യന്തം ലജ്ജാകരമായ അതിക്രമങ്ങളായിരുന്നു 1992 ഡിസംബർ ആറിന് ശേഷം ബംഗ്ലാദേശിൽ നടന്നത്. അവയെ ഉപജീവിച്ച് 'ലജ്ജ' എന്ന പേരിലാണ് ആ നോവൽ അവർ പ്രസിദ്ധീകരിച്ചത്. ബംഗാളിയിലാണ് അവർ അത് എഴുതിയത്. ഹൃദയംഗമമായ ആ രചന പൂർത്തിയാക്കാൻ അവർക്ക് ഏഴ് ദിവസമേ വേണ്ടിവന്നുള്ളു.

ബ്രിട്ടീഷുകാരൻ ഇന്ത്യ വിട്ടപ്പോൾ പാകിസ്ഥാനെന്നും ഇന്ത്യയുമായി വിഭജിച്ച ദ്വിഖണ്ഡിത രാഷ്ടമായിരുന്നു അവശേഷിച്ചത്. ഒരു മുസ്ലിം രാഷ്ട്രം എന്ന ആശയത്തിന് ജന്മം നൽകിയത് കൽക്കത്താ കേന്ദ്രമാക്കി കച്ചവടം നടത്തി പണക്കാരായിത്തീർന്ന ബൂർഷ്വാ ചിന്താഗതിക്കാരായ മുസ്ലിങ്ങളായിരുന്നു. സ്വാതന്ത്ര്യലബ്ധിക്ക് മുമ്പ് ഇന്ത്യയിൽ നടന്ന തെരഞ്ഞെടുപ്പിൽ ഈ പ്രദേശത്ത് ജയിച്ചുവന്ന് ഭരണത്തിൽ ഏറിയത് മുസ്ലിങ്ങളായിരുന്നു. സമ്പന്നവർഗ്ഗക്കാരായ മുസ്ലിങ്ങൾ ഈ ഭരണത്തിൽ ഏറിയത് മുസ്ലിങ്ങളായിരുന്നു. സമ്പന്നവർഗ്ഗക്കാരായ മുസ്ലിങ്ങൾ ഈ ഭരണത്തിൽ സ്വജാതി-സ്വാധീനം ചെലുത്തി കാര്യങ്ങൾ ചിലത് നേടി. പ്രാദേശികമായ ഒരു ഭരണത്തിൽ സ്വജാതിവന്നപ്പോൾ വമ്പിച്ച ആനുകൂല്യങ്ങൾ വശപ്പെടുത്താമെങ്കിൽ ഒരു സ്വജാതിരാഷ്ട്രം തന്നെ ഉണ്ടായാൽ! ഈ പ്രതീക്ഷാനിർഭരമായ സ്വപ്നമാണ് മുസ്ലിം രാഷ്ട്രം എന്ന ആശയമായി വളർന്ന് പടർന്ന് പന്തലിച്ച് യാഥാർത്ഥ്യമായത്.

ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ അതിർത്തിയിൽ വലിയഭാഗവും വടക്ക് കിഴക്കൻ അതിർത്തിയിൽ ചെറിയ ഭാഗവും ഉള്ള 'ഒറ്റ രാഷ്ട്ര'മായി, ഭൂപടത്തിലെ ഒരു നവ സമസ്യയായി പാകിസ്ഥാൻ ചിതറി പിറന്നുവീണു. 1952-ൽ ബംഗാളിഭാഷ ദേശീയ ഭാഷയാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു പ്രക്ഷോഭം കിഴക്കൻ പാകിസ്ഥാനിൽ (പിന്നീട് ബംഗ്ലാദേശ് ആയത്) നടന്നു. 1966-ൽ കിഴക്കൻ പാകിസ്ഥാൻ സ്വയംഭരണം വേണമെന്ന് ആവശ്യപ്പെട്ട് ഒരു ആറ് ഇന അവകാശപത്രം സമർപ്പിക്കപ്പെട്ടു. 1969-ൽ പാകിസ്ഥാനിലെ ഏകാധിപത്യത്തിനെതിരായി അവിടെ പ്രക്ഷോഭമുണ്ടായി. മുജീബുർ റഹ്മാന്റെ നേതൃത്വത്തിൽ കിഴക്കൻ പാകിസ്ഥാൻ 1971 മാർച്ച് 6-ന് പാകിസ്ഥാനിൽ നിന്ന് സ്വതന്ത്രമായി. ബംഗ്ലാദേശ് എന്ന് നാമകരണം ചെയ്യപ്പെട്ടു. ഒമ്പത് മാസം കഴിഞ്ഞപ്പോൾ പാകിസ്ഥാൻ പട്ടാളം പൂർണ്ണമായി അടിയറവ് പറഞ്ഞ് ബംഗ്ലാ

ദേശിൽ നിന്ന് പിരിഞ്ഞു. 'വിജയ ദിവസം' എന്ന് അറിയപ്പെടുന്ന ഡിസംബർ 16-ന് ആയിരുന്നു അത്.

പക്ഷെ 1975-ൽ മുജീബുർ റഹ്മാന്റെ ഭരണം പട്ടാള അട്ടിമറിയിൽ തകർന്നു. ഭരണഘടനാപ്രകാരം മതേതര രാജ്യമായി അനുശാസിക്കപ്പെട്ടിരുന്ന ബംഗ്ലാദേശ് 1978-ൽ ഇസ്ലാമിക രാഷ്ട്രമായി പ്രഖ്യാപിച്ചുകൊണ്ട് ഒരു ഭരണഘടന ഭേദഗതി ചെയ്തു.

1990-ൽ ഇന്ത്യയിൽ, അയോദ്ധ്യയിലെ രാമജന്മഭൂമി പ്രശ്നം ഉയർന്നു വന്നപ്പോൾ, ബംഗ്ലാദേശിലെ മതന്യൂനപക്ഷമായ ഹിന്ദുക്കൾക്കും ഹൈന്ദ ക്ഷേത്രങ്ങൾക്കും നേരെ ആക്രമണവും ലഹളകളും നടന്നു. 1992-ൽ ബാബ്റി പള്ളി പൊളിച്ചപ്പോൾ ബംഗ്ലാദേശിൽ വീണ്ടും ഹിന്ദുക്കൾക്ക് നേരെ ആക്രമണം ഉണ്ടായി.


ജിന്ന

ബംഗ്ലാദേശിന്റെ ഈ ചരിത്രത്തെ ഉറ്റുനോക്കിക്കൊണ്ടിരുന്ന തസ്ലിമ നസ്രിൻ 'ലജ്ജ' എന്ന നോവൽ എഴുതി. 1993-ൽ അത് പ്രസിദ്ധീകരിക്കപ്പെട്ടു.

**ലജ്ജ**

ജനിച്ച മണ്ണും പരിസ്ഥിതിയും മനുഷ്യന്റെ പ്രേമഭാജനങ്ങളാണ്. ഇന്ത്യ വിഭജിക്കപ്പെട്ടപ്പോൾ പ്രേമഭംഗത്തിന്റെ ഭാണ്ഡവും പേറി അസംഖ്യം 'പൂർവ്വ'ഭാരതീയർ പുതുരാഷ്ട്രങ്ങളിലേക്ക് പലായനം ചെയ്തു. സുകുമാർ ദത്ത അത് ചെയ്തില്ല. ബന്ധുക്കൾ വിളിച്ചിട്ടും അയാൾ പോയില്ല. പിന്നെ മണ്ണിൽ ജീവിച്ച് എന്ത് അത്യാഹിതവും വന്നോട്ടെ അതായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. പാകിസ്ഥാൻ, മുസ്ലിങ്ങളുടെ രാഷ്ട്രമാണ്. ഒരു ഹിന്ദുവായ താങ്കൾക്ക് അനിശ്ചിതത്വത്തിന്റെ കരിനിഴലിൽ ഇവിടെ ജീവിക്കേണ്ടിവരും. അതുകൊണ്ട് പോരൂ, ഇന്ത്യയിലേക്ക്..... ബന്ധുക്കൾ വീണ്ടും പറഞ്ഞു. അദ്ദേഹം പാകിസ്ഥാനിൽ തങ്ങി. മകൻ സുധാമയി ദത്തയും മറ്റുമായി അവിടെ ജീവിച്ചു. സുധാമയി ദത്ത ഡോക്ടറായി പൈതൃകസ്വത്തും സ്വന്തം തൊഴിലും അയാളെ അഭിവൃദ്ധിയോടെ ജീവിക്കാൻ കളമൊരുക്കി. അയാൾക്ക് ഇരുപത്തിനാല് വയസ്സുള്ളപ്പോൾ ബംഗാളിഭാഷ ദേശീയ ഭാഷ ആക്കണമെന്ന് ആവശ്യപ്പെട്ട് കിഴക്കൻ പാകിസ്ഥാനിൽ പ്രക്ഷോഭമുയർന്നു. രാജ്യം ഭരിച്ചിരുന്ന മുഹമ്മദാലി ജിന്ന ആ ആവശ്യം നിരാകരിച്ച് ഉർദു ദേശീയ ഭാഷയായി പ്രഖ്യാപിച്ചു.

തുടർന്ന് മുജീബിന്റെ നേതൃത്വത്തിൽ കിഴക്കൻ പാകിസ്ഥാൻ സ്വാതന്ത്ര്യത്തിനുവേണ്ടി പടവെട്ടി. മതത്തിന് അതീതമായി ആദേശക്കാർ ഒറ്റക്കെട്ടായി നിൽക്കുവാൻ മുജീബ് ആഹ്വാനം ചെയ്തു. സുധാമയി ദത്ത താൻ ഹിന്ദുവോ മുസ്ലിമോ അല്ല എന്ന കറതീർന്ന വിശ്വാസം പുലർത്തി, പുതുപ്പിറവികൊണ്ട ബംഗ്ലാദേശിലെ പൗരനായി. പക്ഷെ കാലാന്തരത്തിൽ ന്യൂനപക്ഷമായ ഹിന്ദുക്കളുടെ ഭൂമിയും സ്വത്തും കൈക്കലാക്കുന്നതിന് കുത്സിത ബുദ്ധികൾ വ്യാജരേഖകളും കേസുകളും ഉയർത്തി ഭീഷണിമുഴക്കി.അവർ രാജ്യം വിട്ട് ഇന്ത്യയിലേക്ക് പോകാൻ ആവശ്യപ്പെട്ടു അവരെ ആക്രമിച്ച് ഓടിക്കാൻ തുടങ്ങി. മുസ്ലിമല്ലാത്തവരെ ആരും കൊല ചെയ്യുന്ന ക്രൂരതകൾ സർവ്വ സാധാരണമായി. വിവാഹിതനും രണ്ടു കുട്ടികളുടെ പിതാവുമായിക്കഴിഞ്ഞിരുന്ന സുധാമയിദത്ത ഒരു മുസ്ലീം സുഹൃത്തിന്റെ വീട്ടിൽ അക്രമണത്തിന്ന് ഒളിച്ചു താമസിച്ചു. എന്നാൽ പുറത്ത് വച്ച് ഒരിക്കൽ അയാളെ അക്രമികൾ പിടികൂടി. രക്ഷപെടാൻ ഒരു മുസ്ലിം നാമധേയം പറഞ്ഞു നോക്കി. പക്ഷെ അവർ ലുങ്കി അഴിച്ച് നോക്കി സത്യം മനസ്സിലാക്കി, അയാളുടെ ജനനേന്ദ്രിയം ചതച്ച് കളഞ്ഞു.

സുധാമയിയുടെ പുത്രൻ പുരോഗമനവാദിയായ സുരഞ്ജൻ, പുത്രി മായ എന്നിവർ അച്ഛനെപ്പോലെ മതസങ്കുചിതത്വം ശീലിക്കാത്തവരായിട്ടാണ് വ്യക്തിത്വങ്ങൾ വികസിപ്പിച്ചത്. മതം നോക്കാതെ അവർ ഇരുവരും മുസ്ലിം പ്രണയഭാജനങ്ങളെ കണ്ടെത്തിയിരുന്നു. അനുദിനം മൂർച്ഛിച്ചു കൊണ്ടിരുന്ന രാജ്യത്തെ ഭൂരിപക്ഷ വർഗ്ഗീയവികാരം ആ പ്രണയങ്ങളെ ഭംഗപ്പെടുത്തി. സുധാമയി ദത്തയുടെ സ്വത്തും സമ്പാദ്യവും ഉപേക്ഷിച്ച് അവ നിലനിന്നിരുന്ന മൈമെൻസിങ് എന്ന സ്ഥലത്തുനിന്നും അയാൾ പോകാൻ നിർബ്ബന്ധിതനായി. കള്ളരേഖ കാണിച്ച് ഒരു മുസ്ലിം തന്റെ സ്വത്ത് കൈക്കലാക്കിയതായിരുന്നു കാരണം. തന്റേതായ മേൽ ഭവനവും തോട്ടവും കൃഷിയും, സ്നേഹം തിങ്ങിവിങ്ങുന്ന അന്തരീക്ഷവും അയാൾക്കും കുടുംബത്തിനും അങ്ങനെ നഷ്ടമായി. സ്വന്തം തോട്ടത്തിലെ ഈന്തപ്പഴമെടുത്ത് കിരൺമയി ഉണ്ടാക്കിക്കൊടുക്കാറുള്ള രുചികരമായ പാനീയം മുതൽ, വിലപ്പെട്ട പലതും സുധാമയിയുടെ മക്കൾക്ക് നഷ്ടമായി. സുധാമയിക്ക് ഡോക്ടർ എന്ന നിലയിലുള്ള പ്രാക്ടീസ് കുറഞ്ഞു. മകൻ തൊഴിൽ നേടിയില്ല. മിടുക്കനും സൽസ്വഭാവിയും ഒക്കെയായിരുന്നിട്ടും മതവിവേചനം സുരഞ്ജന്റെ ദുർവിധിയുടെ താളുകൾ നിറച്ചു.

ബാബ്റി മസ്ജിദ് പൊളിച്ച ദിവസം ബംഗ്ലാദേശിലെ ഹിന്ദുക്ഷേത്രങ്ങളിലും ഭവനങ്ങളും, ഹിന്ദുക്കളും, ആക്രമിക്കപ്പെടുകയും കവർച്ച ചെയ്യപ്പെടുകയുമുണ്ടായി. അതിന് രണ്ട് വർഷം മുമ്പ് അയോദ്ധ്യാപ്രശ്നം ഇന്ത്യയിൽ സംഘർഷം ഉണ്ടാക്കിയപ്പോഴും അതിന്റെ പ്രത്യാഘാതങ്ങൾ ബംഗ്ലാദേശിൽ ഉണ്ടായത് ഈ വിധമായിരുന്നു.

സ്വത്ത് കൈവശപ്പെടുത്തുന്നതിനും കൊള്ളയടിക്കുന്നതിനുമായിരുന്നു ഇത്തരം പ്രക്ഷുബ്ധ കാലങ്ങൾ ചിലർ വിനിയോഗിച്ചത്. ഹിന്ദുഭവനങ്ങളിലെ സുന്ദരികളായ യുവതികളെ റാഞ്ചിക്കൊണ്ടുപോയി കാമപൂരണം നടത്തുന്നതിനും ദുഷ്ടന്മാർ ഈ സന്ദർഭങ്ങൾ ഉപയോഗിച്ചു. സുധാമയി ദത്തയുടെ മകളെ ആക്രമികൾ തട്ടിക്കൊണ്ടുപോയി. അദ്ദേഹം പക്ഷാഘാതമേറ്റ് ശയ്യാവലംബിയായി. മകൻ സുരഞ്ജന് മതേതരത്വവും പുരോഗമന ചിന്തയും വ്യർത്ഥമാണെന്ന് തോന്നിത്തുടങ്ങി. നിസ്സഹായനായി തട്ടിക്കൊണ്ടുപോയ സഹോദരിയെത്തേടി അയാൾ അലഞ്ഞു. വിശാലഹൃദയരായി തന്റെ മുത്തച്ഛനും അച്ഛനും ഒക്കെ തന്റെ മനസ്സിലേക്ക് സന്നിവേശിപ്പിച്ച സമുന്നതമായ ദേശീയതാ ബോധത്തിന്റെ തളർച്ചയോ മരണമോ സുരഞ്ജന് അനുഭവപ്പെട്ടു.

മതത്തിനതീതമായി അയാൾ വളർത്തിയ സൗഹൃദങ്ങളുടെ നിരർത്ഥകത അയാളെ വേട്ടയാടാൻ തുടങ്ങി. അയാൾ തനിക്കിണങ്ങാത്ത മതവിദ്വേഷം ആർജ്ജിക്കാൻ

വ്യഥാ ശ്രമിച്ചു. തന്നിൽ പുരോഗമന ചിന്തയുടെ അഗ്നി സ്ഫുലിംഗങ്ങൾ വിതറിയ മഹാരഥന്മാരുടെ ഗ്രന്ഥങ്ങൾ അയാൾ വാരിയിട്ട് കത്തിച്ചു. ഒരു മുസ്ലിംപെണ്ണിന്റെ ചാരിത്ര്യം നശിപ്പിക്കണമെന്ന വാശിയോടെ പട്ടണത്തിൽ കണ്ട ഒരുവളെ വശത്താക്കി അയാൾ വീട്ടിൽ കൊണ്ടുവന്നു. അവൾ ഒരു അഭിസാരികയാണെന്ന് തിരിച്ചറിയാതെ അവളെ ബലാൽസംഗം ചെയ്യാൻ തുടങ്ങി. പക്ഷെ ബലാൽസംഗത്തിന്റെയോ സംഭോഗത്തിന്റെയോ അതിർത്തികളില്ലാത്ത വേശ്യാവൃത്തി അനുഷ്ഠിക്കുന്ന ഷമീമ എന്ന ആ പെണ്ണിന് സഹതാപത്തിന്റെ കീശയിൽ നിന്ന് പ്രതിഫലം നൽകി അയാൾക്ക് പറഞ്ഞു അയക്കേണ്ടിവന്നു.

ഒടുവിൽ ബംഗ്ലാദേശ് എന്ന മാതൃരാജ്യം വിട്ട് എങ്ങും പോവില്ല എന്ന തലമുറകൾ ആവർത്തിച്ച പ്രതിജ്ഞ ലംഘിച്ച്, സുധാമയി ദത്തയും മകൻ സുരഞ്ജൻ ദത്തയും കിരൺമയിയും, പ്രിയപ്പെട്ട മായയില്ലാതെ ഇന്ത്യയിലേക്ക് മടങ്ങാൻ തീരുമാനിക്കുന്നു.

## മതത്തിന്റെ മറവിൽ

ഇന്ത്യാവിഭജനത്തിന്റെ പ്രത്യാഘാതങ്ങൾ മുടിയഴിച്ചാടുന്ന രംഗങ്ങളാണ് തസ്ലിമയുടെ മനസ്സിൽ ഈ നോവലിന്റെ അലകൾ ഉയർത്തിയത്. അവർ ഏറെ ശ്രദ്ധയോടെ, തകർക്കപ്പെട്ട ക്ഷേത്രങ്ങളുടെയും സ്ഥാപനങ്ങളുടെയും ഭവനങ്ങളുടെയും സ്ഥിതിവിവരക്കണക്കുകൾ നോവലിൽ പ്രതിപാദിച്ചിട്ടുണ്ട്. വിദ്വേഷത്തിന് നിദാനം മതമല്ല, മൃഗവാസനകളാണ് എന്ന് അനുവാചകന് തിരിച്ചറിയാൻ കഴിയും.

ക്ഷേത്രങ്ങൾ തകർക്കുമ്പോൾ, യുഗങ്ങളുടെ പരിലാളനങ്ങളേറ്റും ലക്ഷോപലക്ഷങ്ങൾക്ക് ശാന്തിയരുളിയും ഒരുമയുടെയും സ്നേഹത്തിന്റെയും സംസ്കാരം വിതച്ചും നിലനിന്ന സ്തംഭങ്ങളാണ് തകർന്നു വീഴുന്നത് എന്ന് അക്രമികളെ ചിന്തിപ്പിക്കുന്ന ലക്ഷ്യങ്ങളല്ല അവരെ ഭരിക്കുന്നത്. കൊള്ള മുതലിന്റെ തിളക്കം അവരുടെ സ്വബോധത്തെ മയക്കിപ്പോയി. ദിവ്യാഭരണങ്ങളും രത്നങ്ങളും അവർക്ക് സ്വന്തമാകുകയല്ലേ? കള്ള രേഖകളും അവകാശവാദങ്ങളും ഉന്നയിച്ച് ആരാന്റെ ഭൂമി കൈവശപ്പെടുത്തുമ്പോൾ ലാഭമുണ്ടാക്കുന്നത് മതമല്ലെങ്കിലും മതത്തിന്റെ പേരിലാണ് എന്നു മാത്രം. പെൺകുട്ടികളെ തട്ടിക്കൊണ്ടുപോയി പീഡിപ്പിക്കുമ്പോൾ അത്ര കൃത്യമായി മതം നോക്കിയിരുന്നില്ല എന്ന് തസ്ലിമ ചൂണ്ടിക്കാട്ടുന്നു. മതത്തിന്റെ പേരിൽ ഇതൊക്കെ നടത്തുമ്പോൾ ചൊല്പടിക്ക് എന്തും ചെയ്യാൻ ഒരുമ്പെട്ട ഒരു ഭ്രാന്തൻകൂട്ടത്തെ കിട്ടിക്കഴിഞ്ഞ അട്ടഹാസമാണ് തലപ്പത്തുള്ളവർക്ക്. ഈ അപ്രിയ യാഥാർത്ഥ്യങ്ങൾ വെളിച്ചത്തെത്തിച്ചതിനാണ് തസ്ലിമയ്ക്കെതിരെ രാജശാസനമുണ്ടായത്.



സ്വന്തം മതം മറയ്ക്കാൻ സീമന്തരേഖയിലെ സിന്ദൂരമുപേക്ഷിക്കുന്ന ഭർത്തൃമതികളെ 'ലജ്ജ'യിൽ യഥേഷ്ടം കാണാം. തിരിച്ചറിയലിന്റെ പ്രാഥമിക മാർഗ്ഗമായ നാമധേയത്തിന് ഇസ്ലാമിക പ്രച്ഛന്നത പകരുന്ന സാധാരണക്കാരൻ മുതൽ കമ്മ്യൂണിസ്റ്റുകാരൻ വരെ ബംഗ്ലാദേശിന്റെ അന്നത്തെ ദൈന്യതയുടെ അതിർത്തിയിൽ ഉണ്ട്. കാരണം കത്തിയും ലാത്തിയും തേറുമായി കശാപ്പുകാർ തെരുവിൽ അലറി നടന്ന് 'ശത്രു'ക്കളെപ്പിടിച്ച് ക്യാമ്പിൽക്കൊണ്ടുപോയി മുണ്ടഴിച്ച് പെരുമാറുന്നതായിരുന്നു ബാബ്റികാലത്തെ ശൈലി. അങ്ങനെ ഭയപ്പാടില്ലാതെ വിഹരിച്ചിരുന്നത് നായ്ക്കളായിരുന്നു. Dogs had no fear of bigotry and communalism - തസ്ലിമ സാക്ഷ്യപ്പെടുത്തുന്നു. ഉദ്യോഗത്തിലിരുന്നവർക്ക് മതത്തിന്റെ പേരിൽ തന്ത്രപൂർവ്വം ഉദ്യോഗക്കയറ്റം നിഷേധിച്ചിരുന്നു.

സുധാമയി ദത്തയുടെ ഭാര്യ കിരൺമയി നല്ലൊരു ഗായികയായിരുന്നു. പൊതുവേദികളിൽ പാടി അവർ ശ്രദ്ധേയയായിരുന്നു. ബംഗ്ലാദേശിന് സ്വാതന്ത്ര്യം കിട്ടിയതിന്ശേഷം അവർ പാടാതെയായി. ഹിന്ദു സ്ത്രീകൾ നാണമില്ലാത്തവരായതുകൊണ്ടാണ് പരസ്യമായി പാടുകയും ആടുകയും ചെയ്യുന്നത് എന്ന സംസാരമാണ് അവരെ പാടുന്നതിന് വിമുഖയാക്കിയത്.

മതശാക്തീകരണശക്തികൾ അവിടുത്തെ സ്കൂളുകൾ മദ്രസകളാക്കി. വിലപ്പെട്ട ഗ്രന്ഥശേഖരമുണ്ടായിരുന്ന ഒരു സംസ്കൃത ഗ്രന്ഥശാല ചുട്ടു.

നമ്മുടെ ചാലക്കമ്പോളത്തിൽ അക്രമമുണ്ടായപ്പോൾ മുഖ്യമായും നടന്നത് കവർച്ചയാണ്. ഇറാക്കിലെ കുഴപ്പങ്ങൾക്കിടയിലും കവർച്ച ഒരു മുഖ്യ ഇനമായിരുന്നു. എല്ലാം കൂട്ടി വായിക്കുമ്പോൾ കനകവും കാമിനിയും ഛിദ്രവാസനകളും ഒരുമിച്ചൊരുക്കുന്ന അരാജകത്വമാണ് ലോകത്തെവിടെയും.

## അഭിപ്രായ സ്വാതന്ത്ര്യം ഉറപ്പാക്കണം

തസ്ലിമയുടെ ആത്മകഥയായ 'ദ്വിഖണ്ഡിത' ബംഗാളിഭാഷയിൽ നാല് വർഷമായി ബസ്റ്റ് സെല്ലറാണ്. അതിൽ അവർ ഇസ്ലാമിനെ കുറ്റപ്പെടുത്തിപ്പറഞ്ഞിട്ടുണ്ടുപോലും. അത് സ്വാതന്ത്ര്യം നിഷേധിക്കുന്ന ഒന്നാണ് എന്നവർ പറഞ്ഞിട്ടുണ്ടത്രെ. അങ്ങനെയെങ്കിൽ കുറഞ്ഞത് നൂറ് ദശലക്ഷം മതവിശ്വാസികളെ ആക്ഷേപിക്കുന്നതാണ്. ഈ ദൃശ്യവാർത്തകളുടെ വെളിച്ചത്തിലാണ് ഈയിടെ വീണ്ടും തസ്ലിമ ശ്രദ്ധാവിഷയമായത്. ഹൈദരാബാദ്, കൊൽക്കത്ത എന്നിവിടങ്ങളിൽ അത് സംഘർഷത്തിന് ഇടവരുത്തി. പുസ്തകത്തിലെ വിവാദഭാഗങ്ങൾ നീക്കം ചെയ്യാമെന്ന ഒരു പ്രായോഗിക നിർദ്ദേശം അവർ തന്നെ മുന്നോട്ട് വച്ചിട്ടുണ്ട്. 'ലജ്ജ'യിൽ തസ്ലിമ മതനിഷേധമല്ല നടത്തിയത്. മതവിദ്വേഷികളെ സഹൃദയ മനസ്സാക്ഷിക്കുമുന്നിൽ വിചാരണ ചെയ്യാനായിരുന്നു അവരുടെ ഉദ്യമം. അതിന് അവർ നോട്ടപ്പുള്ളിയായി. 'ഫത്വ' ഏറ്റുവാങ്ങി. തന്റെ മതസ്ഥർ കാട്ടിയ നീതികേടിൽ തകരുന്ന സമസൃഷ്ടങ്ങളുടെ മോചനത്തിനും, രക്ഷയ്ക്കുംവേണ്ടിയുള്ള സ്നേഹദൂതാണ് 'ലജ്ജ'. ഒരു സ്ത്രീ, ഒരു സാഹിത്യകാരി, ഒരു സർഗ്ഗപ്രതിഭ എന്നീ പരിഗണനകൾ ഒന്നും അത് എഴുതുമ്പോൾ അവർ അശേഷം പ്രതീക്ഷിച്ചിട്ടില്ല. പെണ്ണെഴുത്തിന്റെ സംവരണാനുകൂല്യങ്ങളല്ല തസ്ലിമയ്ക്ക് വേണ്ടത്. ധീരമായി അഭിപ്രായം പറയുന്നതിനുള്ള ശാന്ത സ്വതന്ത്രമായ വ്യവസ്ഥകളാണ് അവർക്ക് അധികാരികൾ ഒരുക്കേണ്ടത്. പൗരോഹിത്യത്തിന് ലോകം കല്പിച്ചിരിക്കുന്ന ബഹുമാന്യത മുതലാക്കി നടന്നിട്ടുള്ളതും നടന്നുകൊണ്ടിരിക്കുന്നതുമായ അനീതിയും മനുഷ്യത്വരാഹിത്യവും ചോദ്യം ചെയ്യപ്പെടണം. കേരളത്തിൽ അതുമൂലമുണ്ടായ ഒരു ഭ്രാന്താലയത്തിന് അറുതി വരുത്താൻ നമ്മുടെ നവോത്ഥാന നായകന്മാർക്ക് സാദ്ധ്യമായത്, തിളങ്ങുന്ന ഒരു ഉദാഹരണമായി നമ്മുടെ മുന്നിലുണ്ട്.

* ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രം - ഇ എം എസ് (ചിന്ത പബ്ലിഷേഴ്സ്)

ലീന എ. ജി.
വി.ടി. എം. എൻ.എസ്.എസ്.കോളേജ്,
ധനുവച്ചപുരം

# സമരപഥങ്ങളിലെ അടയാളപ്പെടുത്തലുകൾ

ചരിത്രമെന്നത് നിശ്ചലമല്ലാത്ത ഒന്നാണെന്നും കാലക്രമത്തിന്റെ ചരിത്രത്തിനും ചരിത്രവീക്ഷണത്തിനും മാറ്റം വരിക സ്വാഭാവികമാണെന്ന തിരിച്ചറിവ് നമ്മൾ ആർജിച്ചുകഴിഞ്ഞു. എങ്കിലും ഒരു സമൂഹത്തിന്റെ ചരിത്രമെന്നത് അവിടെ ജീവിച്ചുപോരുന്ന എല്ലാ മനുഷ്യരുടെയും ജീവിതത്തിന്റെ ചരിത്രം തന്നെയാണെന്ന ബോധം ഇനിയും നമ്മൾ പൂർണ്ണമായി ഉൾക്കൊണ്ടിട്ടുണ്ടോ എന്നു സംശയമാണ്. നമ്മുടെ ചരിത്രപഥങ്ങളിലവിടവിടെ കാണുന്ന അപൂർണ്ണ ചിത്രങ്ങൾ ഈയൊരു സത്യത്തിലേക്കാണ് വിരൽചൂണ്ടുന്നത്. ഈയൊരു സാഹചര്യത്തിലാണ് ചരിത്രരചനയെന്ന വ്യവഹാരത്തിനകത്തും പുറത്തും സ്ത്രീകളുടെ സാന്നിധ്യമന്വേഷിക്കേണ്ടിവരുന്നത്. പാർശ്വവല്ക്കരിക്കപ്പെടുകയും തമസ്കരിക്കപ്പെടുകയും ചെയ്ത ഒട്ടനവധി ന്യൂനപക്ഷങ്ങളുടെ ചരിത്രം ഇന്ന് പുനർവായിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.







സമൂഹത്തിന്റെ മുഖ്യധാരയിലേക്കുള്ള സ്ത്രീയുടെ സമരാവേശത്തിന്റെ അർത്ഥപൂർണ്ണമായ രണ്ടു ആവിഷ്കാരങ്ങളാണ് ഈ ലക്കം പുസ്തകലോകം അവതരിപ്പിക്കുന്നത്. ശ്രീമതി. ലീലാഗുലാട്ടി, യശോദര ബഗ്ചി എന്നിവർ എഡിററു ചെയ്ത പന്ത്രണ്ട് ഓർമക്കുറിപ്പുകളുടെയും വിശകലനങ്ങളുടെയും സമാഹാരമാണ് 'A space of her own Personal narratives of twelve women' എന്ന പുസ്തകം. ലീലാഗുലാട്ടിയുടെയും ഫുൾബ്രൈറ്റ് ഫെലോ ആയ ആർലി ഹോഷ്ചൈൽസിന്റെയും നേതൃത്വത്തിൽ 1998-ൽ തിരുവനന്തപുരത്ത് സി. ഡി. എസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വർക്ക്ഷോപ്പിൽ അവതരിപ്പിച്ച എട്ടു പഠനങ്ങളും മററു നാലു ലേഖനങ്ങളുടെയും ഉള്ളടക്കമാണ് ഈ പുസ്തകം. കുടുംബം, വിവാഹം എന്നീ സ്ഥാപനങ്ങൾക്കുള്ളിൽ നിർവ്വചിക്കപ്പെടുന്ന സ്ത്രീയുടെ സ്വത്വത്തിന്റെ, ഒരു നൂററാണ്ടിനു മുമ്പുള്ള ഭിന്നതലങ്ങളെ ഒരു ഇന്ത്യൻ പരിപ്രേക്ഷ്യത്തിൽ വിലയിരുത്തപ്പെടുകയാണ് വിവാഹശേഷം മറെറാരു കുടുംബത്തിലേക്ക് പറിച്ചുനടപ്പെടുകയും (കാളിദാസന്റെ ശകുന്തളയ്ക്കു പോലെ... കടപ്പാട്) അവിടെ പുതിയ സാഹചര്യത്തിൽ വളരാൻ വിധിക്കപ്പെടുകയും അങ്ങനെ പുതിയൊരാളായി മാറേണ്ടിവരികയും ചെയ്യുന്ന ശരാശരി ഇന്ത്യൻ സ്ത്രീയുടെ വ്യക്തിഗതാഖ്യാനങ്ങൾ ഈ പുസ്തകത്തെ വേറിട്ടൊരു വായനാനുഭവമാക്കി മാറ്റുന്നു. സ്വന്തം മുത്തശ്ശിയുടെ പേരുപോലും ഓർത്തെടുക്കാൻ കഴിയാത്ത നവനീതസെന്നിന്റെ ഓർമ്മകൾ, കെട്ടറിഞ്ഞ ഭൂതകാലത്തിലേക്കു മടങ്ങുന്ന ചിത്രം അതീവ ഹൃദ്യമായിട്ടാണ് അനുഭവപ്പെടുന്നത്. അമ്മൂമ്മയിലൂടെ, അമ്മയിലൂടെ പകർന്നുകിട്ടിയ അറിവുകൾ മനസിലേക്ക് സംക്രമണം ചെയ്യുന്ന ഒരു ക്രമമാണ് പന്ത്രണ്ടു ആഖ്യാനങ്ങളിലും സ്വീകരിച്ചിട്ടുള്ളത്. വീട്ടിനുള്ളിലെ ബന്ധങ്ങളിലും ബന്ധങ്ങളുടെ വൈകാരിക ലോകത്തും മാത്രം തളച്ചിടപ്പെട്ട സ്ത്രീകൾ അവരുടെ പേരുപോലെ വരും തലമുറയിലേക്ക് പകരാൻ കഴിയാത്തവിധം 'നിർവ്യക്തിത്വ'ങ്ങളായി മാറുന്ന കാഴ്ച മിക്ക ലേഖനങ്ങളും കാഴ്ചവയ്ക്കുന്നുണ്ട്. വ്യക്തിത്വ പ്രതിഷ്ഠാപനത്തിന്റെ ഭൂപടത്തിൽ എവിടെയാണ് സ്ത്രീകളുടെ ഓർമ്മകൾക്കു സ്ഥാനമെന്ന, ആത്യന്തികമായ ചോദ്യം ഓരോ ആഖ്യാനവും ഉന്നയിക്കുന്നു. 'എന്റെ ചിറകടികൾക്കിടയിലെ കാററ്' എന്ന് വിശേഷിപ്പിച്ചുകൊണ്ടാണ് നവനീത ദേവസെൻ വ്യക്തിയായി താൻ രൂപപ്പെട്ട ആശയസാഹചര്യത്തെ വിലയിരുത്തുന്നത്. തകർന്ന വൈവാഹികബന്ധത്തിന്റെ മാലിന്യങ്ങളിൽനിന്ന് ഉയർന്നെണീററ സുശീല നായരും വീണ മസുംദാരും അവരവരുടെ നിലനില്പിനായുള്ള പിടച്ചിൽ ആർദ്രമായൊരു ആവിഷ്കാരമായിട്ടാണ് അവതരിപ്പിച്ചിട്ടുള്ളത്. 'മൂന്നു തലമുറകളിലെ സ്ത്രീകൾ' എന്ന ശീർഷകത്തിലൂടെ ശ്രീമതി. മേരിഗായി മലയാളത്തിന് പരിചിതരായ ഒരു അമ്മയെയും മകളെയും പൂർണ്ണവ്യക്തിത്വത്തിനുടമകളായി നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്നു. നിലനില്പിനായി, പരമ്പരാഗതമല്ലാത്ത

തൊഴിൽതേടേണ്ടി വന്ന നിരവധി പേരെ നമ്മൾ ഈ ആഖ്യാനങ്ങളിൽ കണ്ടുമുട്ടും. 30-കളിൽ മറാത്തി തിയറ്റർ രംഗത്ത് ചേക്കേറിയ വിജയമെത്തയുടെ ആവിഷ്കാരത്തിന്റെ ലോകം മറ്റൊരു സ്ത്രീക്കും പ്രചോദനമാവുക തന്നെ ചെയ്യും. ഇത്തരത്തിൽ വീട്ടിലും പുറത്തും ഇരുപതാം നൂറ്റാണ്ടിലെ സ്ത്രീകൾ നടത്തിയ വ്യക്തിത്വ പ്രതിഷ്ഠാപന സമരങ്ങളുടെ ചിത്രങ്ങളാണ് 'അവളുടെ സ്വന്തം ഇടം' എന്ന പുസ്തകം മുന്നോട്ടുവയ്ക്കുന്നത്.

ഫ്യൂഡൽ ജീർണ്ണതകളുടെ മതിൽക്കെട്ടുകൾ തകർത്തുകൊണ്ട് പുത്തൻകാലത്തെ വരവേൽക്കാനായി പൊരുതിക്കയറിയ പന്ത്രണ്ടു സ്ത്രീകളുടെ വ്യത്യസ്ത സമര സാഹചര്യങ്ങളാണ്, ചിന്ത പബ്ലിഷേഴ്സ് പ്രസിദ്ധീകരിച്ച 'പോരാട്ടങ്ങളിലെ പെൺപെരുമകൾ' എന്ന പുസ്തകം ആവിഷ്കരിച്ചിട്ടുള്ളത്. ഇതര ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളീയ സ്ത്രീ അനുഭവിക്കുന്ന സാമൂഹ്യസാഹചര്യങ്ങൾ ഒരു സുപ്രഭാതത്തിൽ ദാനം കിട്ടിയതല്ലെന്നും നമുക്കു മുൻപേ ഈ മണ്ണിലൂടെ ഉറച്ച കാൽവെപ്പുകളായുമായി നടന്നുനീങ്ങിയ ഒട്ടനവധി സ്ത്രീകൾ നടത്തിയ പോരാട്ടങ്ങളുടെ ഫലമാണെന്നും ശ്രീമതി. എം. സി. ജോസഫൈൻ രചിച്ച ഈ പുസ്തകം നമ്മളോടു പറയുന്നു. കേരളത്തിന്റെ സമരചരിത്രത്തിൽ നിർണ്ണായകസ്ഥാനം വഹിച്ച പന്ത്രണ്ടുസ്ത്രീകളെയാണ് പുസ്തകം പരിചയപ്പെടുത്തുന്നത്. ജനാധിപത്യമഹിളാ അസോസിയേഷൻ മുൻ സംസ്ഥാന പ്രസിഡന്റായിരുന്ന ശ്രീമതി. ജോസഫൈൻ ഇവരോരോരുത്തരെയും നേരിൽ കണ്ടു തയ്യാറാക്കിയ അഭിമുഖങ്ങൾ സമരമുഖത്തിന്റെ സജീവത അനുവാചകനിലേക്കു പകരുന്നു. ചൂഷണത്തിനും ഫ്യൂഡൽക്കൊടുമകൾക്കുമെതിരെ പടപൊരുതിയ കൂത്താട്ടുകുളം മേരിയെപ്പോലെയുള്ളവർ നേരിട്ട കൊടിയ മർദ്ദനത്തിന്റെ നേർക്കാഴ്ചകൾ ഇന്നത്തെ തലമുറ തീർച്ചയായും വായിച്ചിരിക്കേണ്ടതാണ്.

കുടുംബത്തിന്റെ ഉത്തരവാദിത്തങ്ങൾപോലും ഉപേക്ഷിക്കാൻ തയ്യാറായി സഹജീവികൾക്കുവേണ്ടി വീറോടെ പോരാടിയ ഉമാദേവി അന്തർജനവും കാർത്ത്യായനിക്കുട്ടി അമ്മയും അവരുടെ ജീവിതകഥകൾ നമ്മളുമായി പങ്കുവയ്ക്കുമ്പോൾ, വീണ്ടും വീണ്ടും 'വീട്ടമ്മവല്ക്കരിക്ക'പ്പെട്ടുകൊണ്ടിരിക്കുന്ന സമകാല സ്ത്രീ സമൂഹത്തിൽ തന്റെ സ്ഥാനമെന്താണെന്നു ഉറക്കെ ചിന്തിക്കുക തന്നെ ചെയ്യും. നിസ്വവർഗത്തിന്റെ പാട്ടുകാരിയായ മേരിയും പുന്നപ്രവയലാറിന്റെ കഥ പറയുന്ന കമലാക്ഷിയും ധീരതയുടെ പര്യായമായ കാർത്ത്യായനിക്കുട്ടി അമ്മയും നമ്മൾ ഇന്നനുഭവിക്കുന്ന അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും എത്രമാത്രം വിലപ്പെട്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു. ഈ സമരനായികമാർക്കിടയിൽ കേട്ട വേറിട്ടൊരു ശബ്ദമാണ് അന്താരാഷ്ട്ര ഫുട്ബോൾ റഫറിയായ മുളവുകാട്ടുകാരി ബന്റില ഡിക്കോത്ത. കേരളത്തിൽ നിന്നും ഇത്തരമൊരു പദവിയിലെത്തുന്ന ആദ്യത്തെ കായികതാരം കൂടിയാണവർ. താൻ പ്രവർത്തിക്കുന്ന രംഗത്തോട് നൂറു ശതമാനം കൂറു പുലർത്താൻ കഴിഞ്ഞില്ലെങ്കിലോ എന്ന ആശങ്ക, ബന്റിലയുടെ വിവാഹ സങ്കല്പത്തെപോലും സ്വാധീനിച്ച കഥ തന്റെ ഒളിമ്പിക്സ് അനുഭവങ്ങളുടെ വിവരണം പോലെ തന്നെയാണ് വിവരിച്ചിട്ടുള്ളത്. ലോകകായിക ഭൂപടത്തിൽ ഇന്ത്യയുടെ മങ്ങിയ ചിത്രത്തെക്കുറിച്ച് ഗൗരവതരമായി ചിന്തിക്കുന്ന 'ബിന്റില' എക്കാലത്തെയും സ്ത്രീയുടെ കരുത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും പ്രതീകമായി നിലകൊള്ളുന്നു.

നിലനില്പിനായുള്ള സമരപഥങ്ങളിൽ നമ്മളാരും ഒറ്റയ്ക്കല്ലെന്നും ഈ വഴികളിലൂടെ സമരോത്സുകരായ നിരവധി പോരാളികൾ നമുക്കു മുൻപേ നടന്നുപോയിട്ടുണ്ടെന്നും അവരുടെ ജീവിതം യഥാർത്ഥ സ്ത്രീസാന്നിദ്ധ്യത്തിന്റെ അടയാളപ്പെടുത്തലുകളാണെന്നും ഈ രണ്ടു പുസ്തകങ്ങളും നമ്മളെ ഓർമ്മപ്പെടുത്തുന്നു. ■


# കരിവെള്ളൂർ സർവ്വീസ് സഹകരണ ബേങ്ക്

**LTD No. F1496**

കരിവെളുർ പി.ഒ., കണ്ണൂർജില്ല

Phone: H.O: 04985-263528

- ബാങ്കിംഗ് പ്രവർത്തനത്തോടൊപ്പം മെച്ചപ്പെട്ട ബാങ്കിംഗ് ഇതര പ്രവർത്തനവും.
- ഇലക്ട്രിക്കൽ ഷോപ്പ്, പെയിന്റ് ഷോപ്പ് നീതി മെഡിക്കൽസ്റ്റോർ, ഇഷ്ടിക ഡിപ്പോ, സിമന്റ് ഡിപ്പോ, കൺസ്യൂമർ സ്റ്റോർ, നീതി സ്റ്റോർ വളംഡിപ്പോ.

സേവനത്തിലൂടെ പുരോഗതിയിലേക്ക്

ഡോ. എസ്. സതീശ്ചന്ദ്രൻ
എസ്. എൻ. കോളേജ്, ചെമ്പഴന്തി

# കേരളീയ സമൂഹം ചാനൽ സംസ്കാരത്തിന്റെ ഇരകളോ?

കേരളത്തിലെ സാമാന്യജനങ്ങളുടെ ജീവിതനിലവാരത്തിലുണ്ടായ പുരോഗതിയും ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ വളർച്ചയും ഏറെക്കുറെ സമാന്തരമായിരുന്നുവെന്നത് സമ്പദ്‌വ്യവസ്ഥയുടെ പ്രവൃദ്ധിയിൽ ഇടതുചിന്താഗതിയിലേക്കുള്ള മാററത്തിന്റെ പ്രസ്പഷ്ട സൂചകമാണ്. തികച്ചും ശുഭോദർക്കമായ ഈ വളർച്ചക്ക് ആക്കം കൂട്ടുന്നതിൽ കേരളത്തിലെയെന്നല്ല ലോകത്തിലെ തന്നെ ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട കമ്യൂണിസ്ററ് ഭരണകൂടമായ ഇ. എം. എസ്. മന്ത്രിസഭ നിസ്തുലമായ പങ്കുവഹിച്ചത് ചരിത്രസത്യമായി വർത്തിക്കുന്നു. എന്നാൽ കേവലം അരനൂററാണ്ടിനുള്ളിൽ തന്നെ ഈ ജീവിതക്രമത്തിലും ബൗദ്ധിക വിചിന്തനത്തിലും സാമൂഹികചര്യകളിലും ഭീതിദമായ പിന്നാക്കം മറിച്ചിൽ പരക്കെ കാണപ്പെടുന്നുവെന്നത് ഇന്നിന്റെ പ്രശ്നമായി മാറിക്കൊണ്ടിരിക്കുന്നു. സാമൂഹിക ബന്ധങ്ങളിലും ജനതയുടെ അന്യോന്യപ്രക്രിയകളിലും ആശങ്കാവഹമായ തോതിൽ അപചയങ്ങൾ ഏർപ്പെടുത്തുവാൻ പോന്ന ദുഷ്ട ശക്തികൾ വേതാളങ്ങളെപ്പോലെ അഴിഞ്ഞാടുന്നു. ഏതാനും ദശാബ്ദങ്ങൾ മുൻപുവരെ അനുഭവസിദ്ധമല്ലാതിരുന്ന സഞ്ചാരസംവേദന സൗകര്യങ്ങളും സുഖാനുഭൂതികളും വിജ്ഞാന സമ്പാദനമാർഗങ്ങൾ പോലും സുഗമമായി ഒരുക്കി, ഇലക്ട്രോണിക് മാധ്യമങ്ങൾ വ്യാപിപ്പിച്ചിട്ടുള്ള വിസ്മയ വലയങ്ങളിൽ കേരളത്തിലെ ആബാലവൃദ്ധം ജനങ്ങളും എത്തിപ്പെട്ടിരിക്കുന്നു. തീക്ഷ്ണ സമരങ്ങളുടെയും ജീവത്യാഗങ്ങളിലൂടെയും ഇടതുപക്ഷ പ്രസ്ഥാനങ്ങൾ നേടിയെടുത്തു നല്കിയ ഉയർന്ന ജീവിതനിലവാരം സുഖലോലുപതയുടെ മാസ്മരികതയിലേക്കു കയറിപ്പററാനുള്ള ചവിട്ടുപടികളായി കേരളത്തിലെ അന്യഥാ പ്രബുദ്ധരായ അധ്വാനവർഗം പോലും സ്വീകരിച്ചുകാണുന്നു. ഈ ദുരവസ്ഥയിൽ നിന്നു മോചിപ്പിച്ച് കൈമോശപ്പെടുത്തിയ ജീവിതമൂല്യങ്ങളും സാമൂഹികാവബോധവും വീണ്ടും നല്കി, ഒത്തൊരുമയും വികസനോന്മുഖതയുമുള്ള ഒരു ജനതയെ വാർത്തെടുക്കുവാനുള്ള ഭാരിച്ച ഉത്തരവാദിത്തം ഇന്നാട്ടിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഏറെറടുക്കേണ്ടിയിരിക്കുന്നു.

മനുഷ്യ മനസ്സുകളെ വഴിപിഴപ്പിച്ച്, സാംസ്കാരികാധപതനത്തിനും ധർമച്യുതിക്കു തന്നെയും കളമൊരുക്കുന്നതിൽ കാര്യമായ സംഭാവന നല്കുന്നവയാണ് ടെലിവിഷൻ ചാനലുകൾ. 'ഇടുങ്ങിയ നീർച്ചാല്' എന്ന് അർത്ഥം വഹിക്കുന്ന കനാൽ എന്ന ഫ്രഞ്ചുപദത്തിൽ നിന്നാണ് ചാനൽ എന്ന ഇംഗ്ലീഷ് പദത്തിന്റെ നിഷ്പത്തി. ചാനൽ സംസ്കാരത്തിന്റെ ഇരയായി മാറുന്ന മലയാളികൾ ഇടുങ്ങിയ ചിന്താഗതിയിലേക്ക് അറിയാതെ വഴുതി വീഴുകയാണെന്നു ചുരുക്കം. ഇന്ത്യയിലെ മൊത്തത്തിലുള്ള അവസ്ഥയും വിഭിന്നമല്ല. ലോകരാഷ്ട്രങ്ങൾക്കിടയിൽ ടെലിവിഷൻ ചാനലുകളുടെ എണ്ണത്തിൽ ഇന്ത്യ മുൻപന്തിയിലാണ്. ചാനലുകളുടെ എണ്ണം അനുദിനമെന്നോണം വർദ്ധിച്ചുവരുന്നു. മലയാളത്തിലും ഈ പെരുപ്പം ദൃശ്യമാണ്. കേരളത്തിലെ ജനങ്ങളിൽ, വിനോദോപാധിയെന്ന നിലയിൽ ടെലിവിഷൻ ചാനലുകളെ ആശ്രയിക്കാത്തവരുടെ സംഖ്യ തന്നെ കുറഞ്ഞിരിക്കുന്നു.



നമ്മുടെ സംസ്ഥാനത്ത് ടെലിവിഷൻ സംപ്രേഷണം ആരംഭിച്ചത് 1982ലാണ്. അതായത് കേവലം 25 വർഷങ്ങൾക്ക് മുൻപ്. ദില്ലിയിൽ സംഘടിപ്പിക്കപ്പെട്ട ഏഷ്യൻ ഗെയിംസിന്റെ ദൃശ്യങ്ങൾ സ്വന്തം വീടുകളിലിരുന്ന് ആസ്വദിക്കാനുള്ള സൗകര്യം മുൻനിർത്തി മലയാളികൾ ടെലിവിഷൻ സെററുകൾ സ്വന്തമാക്കാൻ മുന്നിട്ടിറങ്ങി. ദൂരദർശൻ ദേശീയസംപ്രേഷണം വ്യാപിപ്പിക്കുന്നതിനു മുൻപുതന്നെ കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ കേരളത്തിലെ പ്രധാനപട്ടണങ്ങളിൽ ടി.വി. പരിപാടികൾ എത്തിക്കഴിഞ്ഞിരുന്നു. കേരളത്തിൽ ഏററവും കൂടുതൽ പ്രേക്ഷകരുള്ളത് ഇപ്പോഴും ദൂരദർശനു തന്നെ. എന്നാൽ മുഖ്യനഗരങ്ങളിൽ സ്വകാര്യ സംരംഭകർ വഴി നൂറു മുതൽ ഇരുനൂറു വരെ ചാനലുകൾ പ്രതിഫലം നല്കി ആസ്വദിക്കാവുന്ന സ്ഥിതി നിലവിൽ വന്നിരിക്കുന്നു.

കാൽ നൂററാണ്ട് പിന്നിടുന്ന ചാനൽ സംസ്കാരം മ

ലയാളിയുടെ ജീവിതചര്യകളിലും സാമൂഹിക ബന്ധങ്ങളിലും കാതലായ സ്വാധീനം നേടിയിരിക്കുന്നു. ഇതിന്റെ നല്പുതില്പ് അവശ്യം വിശകലനം ചെയ്യേണ്ടതുണ്ട്. അഭ്യസ്തവിദ്യരായ തൊഴിൽരഹിതരെ ജീവിതമാർഗം കണ്ടെത്തുവാൻ സഹായിക്കുക, ശുചിത്വ ആരോഗ്യപരിപാലനരംഗങ്ങളിൽ പൗരസഞ്ചയം അവശ്യം നേടിയിരിക്കേണ്ട അവബോധം പകർന്നു നല്കുക, വിദ്യാർത്ഥിലക്ഷങ്ങളെ വിജ്ഞാന സമ്പാദനത്തിന് പ്രേരിപ്പിക്കുക തുടങ്ങി അന്യഥാ വെളിച്ചം കാണാനിടയില്ലാത്ത കലാപ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും അവസരങ്ങൾ സൃഷ്ടിച്ചുനല്കുകയും ചെയ്യുക വരെയുള്ള വിലപ്പെട്ട സംഭാവനകൾ നല്കുന്നതിന്, മലയാളത്തിലെ വിവിധ ചാനലുകൾ ആരോഗ്യപരമായ മത്സരത്തിലേർപ്പെട്ടിരിക്കുന്നത് തികച്ചും ശ്ലാഘനീയമാണ്. ലോകത്തിന്റെ മുക്കിലും മൂലയിലും അനുനിമിഷമെന്നോണമുണ്ടാവുന്ന സംഭവങ്ങൾ തത്സമയ സംപ്രേഷണത്തിലൂടെ കേരളീയ ഭവനങ്ങളിൽ എത്തിക്കുന്നതിൽ വാർത്താചാനലുകൾ സ്തുത്യർഹമായ സേവനം കാഴ്ചവയ്ക്കുന്നു. അതിവിദൂരങ്ങളായ മേഖലകളെയും അവയിലെ ജനസമൂഹങ്ങളേയും സാംസ്കാരിക സവിശേഷതകളെയും ഏകോപിച്ചുള്ള ദൃശ്യവിരുന്ന് ഒരുക്കുന്നതിന് ചാനലുകൾ നല്കുന്ന സംഭാവന വിലപ്പെട്ടതാണ്.

ആഗോളവൽകരണത്തിന്റെ ദുഷ്ഫലമായി ടെലിവിഷൻ വ്യവസായത്തിൽ 49 ശതമാനം വിദേശ നിക്ഷേപം ഉണ്ടെന്നത് ശ്രദ്ധിക്കേണ്ടതുണ്ട്. വിനോദ ചാനലുകളെ സംബന്ധിച്ചിടത്തോളം ഇത് 75 ശതമാനം ആണ്. പുതുതായി പൊട്ടിമുളയ്ക്കുന്ന ചാനലുകളുടെ പ്രധാന ലക്ഷ്യം കൊള്ളലാഭം മാത്രമാണ്. ചാനലുകളുടെ വരുമാനം മുഖ്യമായും പരസ്യങ്ങളിൽ നിന്നാണ്. ലാഭം ഇരട്ടിപ്പിക്കുന്നതിന് സുഗമമായ മാർഗം പരസ്യങ്ങളുടെ എണ്ണവും ദൈർഘ്യവും വർദ്ധിപ്പിക്കയാവും. ഇതുമൂലം സമൂഹനന്മയ്ക്കുതകുന്ന പരിപാടികൾക്കായി നീക്കിവയ്ക്കാവുന്ന സമയത്തിൽ കാര്യമായ കുറവുണ്ടാകുന്നു. പരസ്യദാതാക്കളുടെ താത്പര്യം സംരക്ഷിക്കുന്നതിന് ഉത്പന്നങ്ങളുടെ ഗുണമേന്മ പെരുപ്പിച്ചു കാണിക്കുവാൻ ചാനലുകൾ ബാദ്ധ്യസ്ഥരാവുന്നു. പലപ്പോഴും ഉപഭോക്താവിനെ ആകർഷിക്കുവാൻ പ്രസക്ത വസ്തുക്കളെ സംബന്ധിച്ച് വ്യാജ പ്രസ്താവനകൾ നടത്തുവാനും ആകർഷണീയത ഇരട്ടിപ്പിക്കുവാൻ ദർശകരെ ഇക്കിളിപ്പെടുത്തുവാൻ പോന്ന പൈങ്കിളിപ്പരസ്യങ്ങൾ ഉൾപ്പെടുത്തുവാനും ചാനലുകൾ നിർബന്ധിതരാവുന്നു. ഉപയോഗപ്രദമായ സംപ്രേഷണങ്ങളുടെ സമയം ഈ രീതിയിൽ അപഹരിക്കപ്പെടുന്നു. അതോടൊപ്പം തന്നെ വൃത്തികെട്ടവയെന്നു തന്നെ വിശേഷിപ്പിക്കാവുന്ന പരസ്യങ്ങൾ കൂടുതലായി കടന്നു കൂടുകയും ചെയ്യുന്നു. ക്രമേണ സാംസ്കാരികോന്നമനത്തിനുപകരം ചാനലുകൾ സാംസ്കാരികാധപതനത്തിന്റെ കാരകങ്ങളായി വർത്തിക്കാൻ തുടങ്ങുന്നു. ലാഭക്കൊതി മിക്ക സ്വകാര്യ ചാനലുകളേയും ഈ രീതിയിലുള്ള ദുരവസ്ഥയിൽ എത്തിച്ചുകഴിഞ്ഞിരിക്കുന്നു. മാത്രമല്ല, പരസ്പരം ഉണ്ടായേക്കാവുന്ന മാത്സര്യങ്ങൾ ഒഴിവാക്കുവാൻ തങ്ങളുടേതായ കൂട്ടായ്മകൾ സൃഷ്ടിക്കുന്നതിന് ചാനൽ മേലാളന്മാർ ബോധപൂർവം ശ്രമിച്ചതിന്റെ പശ്ചാത്തലത്തിൽ ഒരു ശക്തമായ ചാനൽ സിന്റിക്കേററ് രൂപപ്പെട്ടിട്ടുമുണ്ട്.

കേരളത്തിലെ ജനമനസ്സുകളിൽ ഊന്നൽ നേടിയിട്ടുള്ള സാംസ്കാരിക പൈതൃകങ്ങളും തത്വസംഹിതകളും തങ്ങളുടെ ഗൂഢലക്ഷ്യങ്ങൾക്കു വിലങ്ങുതടിയായേക്കുമെന്ന തിരിച്ചറിവിന്റെ വെളിച്ചത്തിൽ പ്രത്യേക ദിശയിലുള്ള ആശയസംഹിതകളെ തമസ്കരിക്കുവാൻ ചാനൽ സിന്റിക്കേററ് ബോധപൂർവം വ്യവസ്ഥ ചെയ്തുവരുന്നു. ഇതിന്റെ ആദ്യപടിയായി, രാഷ്ട്രീയ വാർത്തകൾ വളച്ചൊടിച്ചും ഉദ്ദേശിക്കാത്ത അർത്ഥങ്ങൾ ആരോപിച്ചും സംപ്രേഷണം ചെയ്യുന്നത് സാധാരണമായി. ഇന്ത്യയൊട്ടാകെ, വിശേഷിച്ച് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഈ പ്രവണത ആപത്കരമാംവിധം തഴച്ചിരിക്കുന്നു. സ്വന്തം ചാനലുകൾ തുടങ്ങിയാണ് ജനപിന്തുണയുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഈ ദുഷ്പ്രവണതയ്ക്കു തടയിട്ടത്. ഇത്തരം ജനകീയ ചാനലുകൾ സിന്റിക്കേററിന്റെ കണ്ണിലെ കരടായി മാറിയെങ്കിലും ജനങ്ങളുടെ നിരപേക്ഷമായ അംഗീകാരവും ആദരവും നേടുന്നതിൽ വിജയിക്കുകയുണ്ടായി. ടെലിവിഷൻ പരിപാടികളുടെ നിലവാരം ഔന്നത്യത്തിലെത്തിച്ച് ജനനന്മയ്ക്കുതകുന്ന പ്രവർത്തനം അക്ഷീണം തുടരാൻ അവയ്ക്കു കഴിയുന്നത് കേരളത്തിലെ പ്രബുദ്ധരായ പൗരസഞ്ചയത്തിന്റെ പ്രത്യേകിച്ച് അദ്ധ്വാനവർഗത്തിന്റെ ശക്തമായ പിന്തുണയിലൂടെയാണ്.

മതപ്രചാരണത്തിനും മതമേലധ്യക്ഷന്മാരുടെ അപ്രമാദിത്തവും ആജ്ഞാബലവും നിലനിർത്തുവാൻ പോന്ന തെററായ അവബോധവും ലക്ഷ്യമാക്കി ആരംഭിച്ചിട്ടുള്ള ഏതാനും ചാനലുകൾ മതസൗഹാർദം പുലർത്തി ദൈവത്തിന്റെ സ്വന്തം നാടായി മാറിയിട്ടുള്ള കേരള മണ്ണിൽ പ്രവർത്തിച്ചുവരുന്നു. മതസ്ഥാപനങ്ങളുടെ പരോക്ഷവും എന്നാൽ അതിശക്തവുമായ പിന്തുണയിലൂടെ നിലവിൽ വന്ന ഈയിനം ചാനലുകൾ സ്വാഭാവികമായും സിന്റിക്കേററുമായി ഒത്തുപോകുന്ന പ്രവർത്തനശൈലി സ്വീകരിച്ചിരിക്കുന്നു. മാർക്സിസം, ലെനിനിസം, കമ്യൂണിസം തുടങ്ങിയ വിലക്കപ്പെട്ട പദങ്ങളും ആശയങ്ങളും ഒഴിവാക്കുന്നതിൽ ഈ ചാനലുകൾ പ്രത്യക്ഷമായ നിഷ്കർഷ പുലർത്തിക്കാണുന്നു. മതേതര രാഷ്ട്രമായ ഇന്ത്യ, ഭരണഘടനാനുസൃതമായ പുരോഗതി പൂർണമായും കൈവരിക്കുന്നതിന് ഈയിനം ചാനലുകൾ തടസ്സം നില്ക്കുന്നുവെന്നത് ശ്രദ്ധേയമായ വസ്തുതയാണ്.

മലയാളിയുടെ സാമൂഹിക കാഴ്ചപ്പാടിൽ ചാനൽ പരിപാടികൾ ചെലുത്തുന്ന സ്വാധീനത വിശകലന വിധേയമാക്കേണ്ടതുണ്ട്. ടി. വി. യിലെ സ്ഥിരം പരിപാടികളായ മെഗാസീരിയലുകൾക്കും സിനിമകൾക്കും ജനമനസ്സുകളിൽ നിർണായകമായ സ്വാധീനമുണ്ട്. കുടുംബാംഗങ്ങളുടെ ഒത്തൊരുമിക്കലിനും ആശയക്കൈമാററത്തിനുമുള്ള അവസരങ്ങൾ ഇഷ്ടപരിപാടികൾ നിമിത്തം നഷ്ടപ്പെടുന്നത് സാധാരണമായിരിക്കുന്നു. ഒരുമിച്ച് ഭക്ഷണം കഴിക്കുന്ന കേരളീയ രീതി ഏതാണ്ട് ഉപേക്ഷിക്കപ്പെട്ട മട്ടാണ്. ടി. വി. പരിപാടികളുടെ ആധിക്യവും അവയോട് വ്യക്തികൾക്കുള്ള വ്യതിരിക്തമായ ആഭിമുഖ്യവും മൂലം പലപ്പോഴും കുടുംബാംഗങ്ങൾ തമ്മിൽ സംസാരിക്കുന്നതിനുള്ള അവസരം പോലും നഷ്ടപ്പെടുന്നു. കുട്ടികളുടെ ഭക്ഷണരീതി, വ്യായാമം, പഠനം, വായനാശീലം, അന്യദമായുള്ള ഇടപഴകൽ തുടങ്ങി ആരോഗ്യകരമായ തടസ്സങ്ങൾ സൃഷ്ടിക്കുന്നു. ദേഹബലവും ആരോഗ്യവും കുറഞ്ഞ തടിയന്മാർ കൗമാരക്കാർക്കിടയിലെ മൃഗീയ ഭൂരിപക്ഷമായിത്തീർന്നിരിക്കുന്നു. മെഗാസീരിയലുകളെ മറികടന്ന് ജനസമ്മതി പിടിച്ചു പററിയിരിക്കുന്നു റിയാലിററി ഷോകൾ. മത്സരങ്ങളിലൂടെ പ്രതിഭകളെ വെളിച്ചത്തെത്തിക്കുന്ന സംരംഭങ്ങളെന്ന നിലയിൽ, സ്വാഗതാർഹങ്ങളാണ്. എന്നാൽ നാൾ ചെല്ലുന്തോറും ഇവയുടെ നിലവാരം തകരുന്നതായാണ് അനുഭവപ്പെടുന്നത്. തങ്ങളുടെ പരിപാടികളിൽ ഏതെങ്കിലും റിയാലി

റി ഷോ കൂടി ഉൾപ്പെടുന്നുവെന്നുള്ള തരത്തിൽ എല്ലാ ചാനലുകളുടെയും ഭാഗത്തു നിന്ന് ഉണ്ടായതോടെ ഏറെ ജനപ്രീതിയാർജിച്ച 'റിയാലിറ്റി ഷോ' പ്രോഗ്രാമുകൾ തന്നെ തരംതാണവയായി മാറി. ഒപ്പം ജനത്തിന്റെ അംഗീകാരത്തിന് കുറവാർപ്പെട്ടു കാണുന്നു. ടി.വി ഷോകളോട് ജനങ്ങൾക്കിടയിൽ ഒരു തരം വിദ്വേഷമാണ് ദൃശ്യമാകുന്നത്. സമയം കൊല്ലാൻ വേണ്ടി എന്നും ഏതും വിദ്വേഷത്തോടെ കണ്ടിരിക്കാവുന്ന മാനസികാവസ്ഥയിലേക്ക് മലയാളി പ്രേക്ഷകർ മാറിയിരിക്കുന്നു. വിഷ്വൽമീഡിയയുടെ പാരുഷ്യം, എടപ്പാളിൽ ഗർഭിണിയായ സ്ത്രീയുടെ മേൽ ജനക്കൂട്ടത്തിന്റെ രോഷപ്രകടനം, ബീഹാറിൽ മോഷ്ടാവെന്നാരോപിച്ച് പോലീസുകാർ യുവാവിനെ ഓടുന്ന ബൈക്കിൽ കെട്ടിവലിച്ചിഴച്ചത് ബേനസീറിന്റെ പൈശാചികമായ കൊലപാതകം തുടങ്ങിയ ഉദ്വേഗജനകമായ ദൃശ്യങ്ങൾ നമ്മുടെ ചാനലുകൾ മത്സരിച്ച് സംപ്രേഷണം ചെയ്തപ്പോഴൊക്കെ മലയാളി പ്രേക്ഷകരുടെ മുഖമുദ്ര നേരത്തേ സൂചിപ്പിച്ച നിസ്സംഗത തന്നെയായിരുന്നു. അതിപ്രാധാന്യമുള്ള വാർത്താപ്രക്ഷേപണങ്ങൾക്കിടയിൽ പോലും ബഹുരാഷ്ട്രക്കമ്പനികളുടെ പരസ്യങ്ങൾ, അനുപാത മര്യാദപോലും പാലിക്കാതെ കുത്തിത്തിരുകുവാൻ ചാനലുകൾ, നിർബന്ധിതരായിരിക്കുന്നത് ബോധപൂർവ്വമാണ്. ചാനൽ സംസ്കാരത്തിലൂടെ ആദ്യം ചാനലിന്റെ അടിമകളും പിന്നീട് പിന്നീട് ബഹുരാഷ്ട്ര ഭീമന്മാരുടെ അടിമകളുമായി കേരളീയ സമൂഹം മാറുകയാണ്. ചെറുപ്പക്കാരെ ദുഷ്ചെയ്തികളിലേക്കും വഴിതെറ്റിയ ജീവിതചര്യയിലേക്കും നയിക്കുന്നതിൽ ടെലിവിഷൻ വഹിക്കുന്ന പങ്ക് നന്നെ കൂടുതലാണ്. കേരളത്തിൽ വർദ്ധിച്ചുവരുന്ന ആത്മഹത്യ, കൊലപാതകം, പിടിച്ചുപറി, സ്ത്രീപീഡനം, ഒളിച്ചോട്ടം തുടങ്ങിയവയ്ക്കെല്ലാം പ്രചോദനം നല്കുന്നതിൽ ചാനൽ പരിപാടികൾക്കുള്ള പങ്ക് വളരെ വലുതാണെന്ന് ഇതേ സംബന്ധിച്ച പല പഠനങ്ങളും സൂചിപ്പിക്കുന്നു.

രാമായണം, മഹാഭാരതം തുടങ്ങിയ മഹദ്ഗ്രന്ഥങ്ങളുടെ ദൃശ്യാവിഷ്കരണം ഭാരതീയ പൈതൃകത്തേയും സാമൂഹികധർമങ്ങളേയും സംബന്ധിച്ച അമൂല്യമായ അവബോധം സൃഷ്ടിച്ചു. എന്നാൽ ഈ പരിപാടികളോടുള്ള ആഭിമുഖ്യംകൊണ്ട് വിവാഹം തുടങ്ങി മരണാനന്തര ചടങ്ങുകൾ വരെയുള്ള സാമൂഹിക ബാധ്യതകളിൽ നിന്ന് ജനം ഒഴിഞ്ഞുനിന്നിരുന്നുവെന്നത് ദൗർഭാഗ്യകരവുമാണ്. വിജ്ഞാനാബോധനം മനുഷ്യനെ സാമൂഹികമായ ചുമതലകളിൽ നിന്നുള്ള ഒളിച്ചോട്ടത്തിനു പ്രേരണ നല്കുന്നത് തികച്ചും അപലപനീയമാണ്. മാസ്മരിക ദൃശ്യങ്ങളിലൂടെ മനുഷ്യ മനസ്സുകളെ മദിക്കുകയും മരവിപ്പിക്കുകയും ചെയ്യുന്ന ഏതു മാധ്യമവും പുറന്തള്ളപ്പെടേണ്ടതാണ്. ചാനൽ ആസ്വാദനം ശാരീരികമോ മാനസികമോ ആയ വളർച്ചയ്ക്ക് വിഘാതമായിത്തീർന്നാൽ അതിനോടുള്ള ആസക്തിയിൽ നിന്നു മോചനം നേടുകയോ അത് പാടെ ഒഴിവാക്കുകയോ വേണം. ബോധപൂർവ്വമായ ശ്രമത്തിലൂടെ ചാനലുകളോടുള്ള ആഭിമുഖ്യത്തെ സ്വയം നിയന്ത്രിച്ച് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പഴയ മൂല്യങ്ങളും പൈതൃകങ്ങളും തിരികെക്കൊണ്ടുവരുവാൻ മലയാളികൾക്ക് കഴിയട്ടെ.

# കമ്മ്യൂട്ടഡ് ലീവ് എടുക്കുന്നതിനുള്ള നിബന്ധന

■ രണ്ട് വർഷം സർവ്വീസ് പൂർത്തിയാക്കിയ കോളേജ് അധ്യാപകനാണ് ഞാൻ. എനിക്ക് കമ്മ്യൂട്ടഡ് ലീവ് എടുക്കണമെന്നുണ്ട്. ഇതു വരെയുള്ള സർവ്വീസ് പരിഗണിച്ച് എത്ര ദിവസത്തെ കമ്മ്യൂട്ടഡ് ലീവ് എടുക്കാം.

□ ഓരോ വർഷം സർവ്വീസ് പൂർത്തിയാക്കുമ്പോഴും 20 ദിവസത്തെ അർദ്ധ വേതന അവധി (Half pay leave) ലീവിന്റെ കണക്കിൽ വരവ് വയ്ക്കുന്നതാണ്. ഒരു വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയാൽ 20 ദിവസത്തെ അർദ്ധ വേതന അവധി എടുക്കാവുന്നതും ആണ്. എന്നാൽ, അർദ്ധവേതന അവധി എടുക്കണമെങ്കിൽ കെ.എസ്.ആർ. പാർട്ട്. റൂൾ 86 അ പ്രകാരം മൂന്ന് വർഷത്തെ സർവ്വീസ് പൂർത്തിയായിരിക്കണം. അതുകൊണ്ട്, താങ്കൾക്ക് മൂന്ന് വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയതിനു ശേഷമേ ലീവ് കമ്മ്യൂട്ട് ചെയ്ത് എടുക്കാനുള്ള അനുവാദം ലഭിക്കുകയുള്ളൂ. അതുവരെ ആവശ്യത്തിന് അർദ്ധ വേതന അവധി എടുക്കാവുന്നതാണ്.

■ സാധാരണ ഗതിയിൽ എത്ര ദിവസം വരെ ശൂന്യ വേതന അവധി (Leave Without Allowance) എടുക്കാം. ഗവൺമെൻറിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടത് എപ്പോഴാണ്?

□ താഴെപ്പറയുന്ന പരിതസ്ഥിതിയിൽ ഒരു ഉദ്യോഗസ്ഥന് ശൂന്യ വേതന അവധി അനുവദിക്കാം. (KSR പാർട്ട് I, റൂൾ88)

എ. മററ് തരത്തിലുള്ള അവധികൾ ഒന്നും കണക്കിൽ ഇല്ലെങ്കിൽ

ബി. മററ് തരത്തിലുള്ള അവധികൾ അനുവദിക്കാമെങ്കിലും ഉദ്യോഗസ്ഥൻ ശൂന്യ വേതന അവധിക്ക് അപേക്ഷിക്കുകയാണെങ്കിൽ

സ്ഥിരമായ ജോലിയുള്ള ഉദ്യോഗസ്ഥൻ ഒഴി[illegible]ള്ളവർ ഒരേ സമയം മൂന്ന് മാസത്തിൽ കൂടുതൽ കാലം ശൂന്യ വേതന അവധി എടുക്കാൻ പാടില്ല. എന്നാൽ സ്ഥി ജോലിയുള്ള ഉദ്യോഗസ്ഥർക്കും മൂന്നു വർഷത്തിന ള്ളിൽ കൂടുതൽ തുടർച്ചയായി സർവ്വീസ് ഉള്ളവർക്കു ഒരേ സമയം പരമാവധി 4 മാസത്തെ കാലയളവിലേ ക്ക് ശൂന്യ വേതന അവധി എടുക്കാവുന്നതാണ്. മേ പറഞ്ഞ സമയത്തിൽ കൂടുതലുള്ള കാലയളവിലേക ശൂന്യ വേതന അവധി എടുക്കണമെങ്കിൽ ഗവൺമെ റിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ഇന്ത്യ ലോ വിദേശത്തോ ജോലിക്ക് പോകുന്നതിനും ഭർത്താ വ്/ ഭാര്യയോടൊപ്പം താമസിക്കാൻ പോകുന്നതിന ഉന്നത വിദ്യാഭ്യാസത്തിന് പോകുന്നതിനും മററ് ചി നിബന്ധനകൾക്ക് വിധേയമായി ദീർഘ കാലത്തേ ശൂന്യ വേതന അവധി അനുവദിക്കുന്നതാണ്. ( എസ്. ആർ പാർട്ട് I, അനുബന്ധം X11A, X11B, X11

വായനക്കാരുടെ സർവ്വീസ് സംബന്ധമായ സംശയങ്ങൾക്ക് എഴുതുക.

**പ്രൊഫ. കെ. എസ്. ജയചന്ദ്രൻ**
മേഘന, മണ്ണുത്തി പി.ഒ.,
തൃശ്ശൂർ- 680 651, ഫോൺ: 0487-2371971

## 'എ കെ പി സി ടി എ ക്വാർട്ടർലി'

എ കെ പി സി ടി എ യുടെ പിറവി 1958 ലായിരുന്നെങ്കിലും പത്ത് വർഷത്തിനുശേഷമാണ് 'കോളജ് ടീച്ചറി'ന്റെ ആദ്യ രൂപമായ 'എ കെ പി സി ടി എ ക്വാർട്ടർലി' ആരംഭിക്കുന്നത്. സ്വന്തമായ മുഖപത്രം വേണമെന്നുള്ള എ കെ പി സി ടി എ യുടെ ഏറെ നാളത്തെ അഭിലാഷം അങ്ങനെ യാഥാർത്ഥ്യമായി. ഈ സംരംഭത്തിന്റെ ഉപജ്ഞാതാവും പ്രയോക്താവും പ്രൊഫ. വി. ആർ. സുബ്രഹ്മണ്യമായിരുന്നു. ഉന്നത വിദ്യാഭ്യാസ മണ്ഡലത്തിലെ വൈജ്ഞാനികരംഗത്തിന്റെ ഒരു അനൗദ്യോഗികവക്താവായി 'എ കെ പി സി ടി എ ക്വാർട്ടർലി' പരിണമിക്കണമെന്ന ആദ്യകാല പ്രവർത്തകരുടെ അഭിലാഷം ഏറെക്കുറെ യാഥാർത്ഥ്യമാക്കുവാൻ ഈ പ്രസിദ്ധീകരണത്തിനായതിൽ നമുക്ക് അഭിമാനിക്കാം.

പനമ്പിള്ളി ഗോവിന്ദമേനോൻ, പി. ടി. ഭാസ്കരപ്പണിക്കർ, എൻ. വി. കൃഷ്ണവാര്യർ, കെ. എം. ചെറിയാൻ, ജോസഫ് മുണ്ടശ്ശേരി എന്നിവരടങ്ങിയ 'എഡിറേറാറിയൽ അഡ്വൈസറി കമ്മിററി' 'ക്വാർട്ടർലി'യുടെ നേതൃത്വം ഏറെറടുത്തു. പ്രൊഫ. വി. ആർ. സുബ്രഹ്മണ്യമായിരുന്നു മാനേജിംഗ് കമ്മിററി ചെയർമാൻ. സി. ഇസഡ്. സ്കറിയ, സി. എ. ഷെപ്പേർഡ്, ആർ. രാമചന്ദ്രൻ നായർ (ആർ. ആർ. സി.), സി. കെ. ശിവരാമപിള്ള, ഐ. ജി. ഭാസ്കരപ്പണിക്കർ, കെ. പി. സെബാസ്ററ്യൻ, സി. പി. നാരായണൻ, എൻ. രാജശേഖരൻ നായർ എന്നിവരായിരുന്നു എഡിറേറാറിയൽ കമ്മിററി അംഗങ്ങൾ. തൃശൂരിൽ നിന്നായിരുന്നു 'ക്വാർട്ടർലി' പ്രസിദ്ധീകരിച്ചിരുന്നത്. രാഷ്ട്രപതി, ഉപരാഷ്ട്രപതി, മുഖ്യമന്ത്രി, വിദ്യാഭ്യാസവകുപ്പ് മന്ത്രി എന്നിവരുടെ ആശംസകൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ആദ്യ ലക്കം അംഗങ്ങൾക്ക് ലഭ്യമാക്കിയത്. അമ്പതു പൈസയായിരുന്നു ഒരു കോപ്പിയുടെ വില. കേരള സർവ്വകലാശാലാ നിയമത്തിന്റെ ചർച്ച നടക്കുന്ന അവസരത്തിൽ പ്രൈവററ് കോളജ് അധ്യാപകർക്കുവേണ്ടി സമൂഹത്തിൽ ഇടപെടുകയായിരുന്നു ' ക്വാർട്ടർലി' ആദ്യം ചെയ്തത്. ഒന്നാം ലക്കം അവസാനിപ്പിച്ചത് താഴെപ്പറയുന്ന വാചകങ്ങളോടുകൂടിയാണ്:

"We Demand : Fair, Equitable and Justiciable Service Conditions

We Demand : Government should Acquire Effective Powers to Enforce them."

1969 മാർച്ചിലാണ് അടുത്ത 'ക്വാർട്ടർലി' പുറത്തിറങ്ങിയത്. പുതുതായി ചേർത്ത 'എഡിറേറാറിയൽ' പേജ് 'ക്വാർട്ടർലി'ക്ക് സജീവസ്വഭാവം നൽകി. അരാഷ്ട്രീയതയെ തോൽപ്പിക്കുക എന്ന ആശയത്തോടെ പി. ടി. ഭാസ്കരപ്പണിക്കർ എഴുതിയ 'കുഴപ്പത്തിനു കാരണം രാഷ്ട്രീയമോ, അരാഷ്ട്രീയമോ' എന്ന ലേഖനം ഈ ലക്കത്തിന്റെ മാററ് വർദ്ധിപ്പിച്ചു. ശരിയായ രാഷ്ട്രീയ ബോധത്തിലൂടെ കോളജ് മാനേജർമാരെയും വർഗീയ ശക്തികളെയും നിയന്ത്രിക്കുന്നതിന് കോളജ് അധ്യാപകർ ശ്രമിക്കണമെന്ന് ഈ ലേഖനം ആവശ്യപ്പെട്ടു. "ഉജ്ജ്വലമായ മനുഷ്യത്വത്തിനും സോഷ്യലിസ്ററ് മൂല്യങ്ങൾക്കുംവേണ്ടി നിലകൊള്ളുന്ന കോളജ് അധ്യാപകരുടെ എണ്ണക്കുറവും അവരുടെ തന്നെ അരാഷ്ട്രീയ ചിന്താഗതിയുമാണ് ഇന്നത്തെ ഉപരിവിദ്യാഭ്യാസ ഘടനയിലെ പ്രധാന ദൗർബല്യങ്ങൾ" എന്നതായിരുന്നു ഈ ലേഖനത്തിന്റെ അഭിപ്രായം. ജോസഫ് മുണ്ടശ്ശേരിയുടെ 'സ്മരണകൾ' എന്ന ലേഖനം കേരളത്തിലെ പ്രൈവററ് കോളജ് അധ്യാപകരുടെ പൂർവ്വകാല ദയനീയ സ്ഥിതി വിളിച്ചോതുന്ന ഒന്നായിരുന്നു. ഉന്നത വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ലേഖനങ്ങളും, സംഘടനാ പ്രവർത്തന റിപ്പോർട്ടും, മെമ്മോറാണ്ടങ്ങളും, സർക്കാർ ഉത്തരവുകളും ഉൾപ്പെടുത്തിക്കൊണ്ടാണ് തുടർന്നുള്ള ലക്കങ്ങൾ പുറത്തിറക്കിയിരുന്നത്. 1967–68 ൽ സംഘടനയിൽ 24 ആജീവനാന്ത അംഗങ്ങളും 2160 സാധാരണ മെമ്പർമാരുമാണ് ഉണ്ടായിരുന്നതെന്ന് സംഘടനാ റിപ്പോർട്ടിൽ നിന്നും മനസ്സിലാക്കാം. 'ക്വാർട്ടർലി' രണ്ടാം ലക്കത്തിൽ സമരമുഖത്തു നിന്നുള്ള ഫോട്ടോകൾ കൂടി ഉൾപ്പെടുത്തിയതോടെ പ്രസിദ്ധീകരണത്തിന്റെ മുഖച്ഛായയിൽ പുരോഗതിയുണ്ടായി. സി. എച്ച്. കുഞ്ഞപ്പ, വി. ആർ. കൃഷ്ണയ്യർ തുടങ്ങിയവർ രണ്ടാം ലക്കം 'ക്വാർട്ടർലി'യിൽ ലേഖനങ്ങൾ എഴുതിയിരുന്നു. 1968 ലെ R. N. 17055/68 എന്ന രജിസ്ട്രേഷൻ നമ്പരോടെയാണ് 'ക്വാർട്ടർലി' പ്രസിദ്ധീകരണമാരംഭിച്ചത്.

'ക്വാർട്ടർലി' രണ്ടാം ലക്കം മുതൽ പ്രൊഫ. ജി. ശങ്കരപ്പിള്ളയായിരുന്നു പ്രസിദ്ധീകരണത്തിന്റെ നേതൃത്വം വഹിച്ചിരുന്നത്. കൊല്ലം ശാസ്താംകോട്ടയിൽ നിന്ന് പുറത്തിറങ്ങിയ 'ക്വാർട്ടർലി' രണ്ടാം ലക്കത്തിൽ 'സംഘടനയുടെ ശരശയ്യയിൽക്കിടന്ന് പിടഞ്ഞുമരിച്ച വകുപ്പുകളിലൂടെ അദ്ധ്യാപകന് എന്തെല്ലാം നഷ്ടപ്പെട്ടു' എന്ന പ്രൊഫ. സി. കെ. ശിവരാമപ്പിള്ളയുടെ ലേഖനം ഏറെ ശ്രദ്ധേയമാണ്. "സർക്കാർ നേരിട്ടു ശമ്പളം നൽകുന്ന നയം സ്കൂൾ അധ്യാപകരുടെ കാര്യത്തിലെന്നപോലെ കോളജധ്യാപകരുടെ കാര്യത്തിലും നടപ്പാക്കാൻ ഇനി വൈകിച്ചു കൂടാ" എന്ന ആഹ്വാനത്തോടെയാണ് ഈ ലേഖനം അവസാനിക്കുന്നത്. 'ക്വാർട്ടർലി' യിൽ ഇടം കണ്ടെത്തിയ പല വിഷയങ്ങളും സമൂഹവുമായി ബന്ധപ്പെട്ടവയായിരുന്നു. 'വയോജന വിദ്യാഭ്യാസം', 'ഗാന്ധിജി', 'അറുപതിനുശേഷം ജീവിതം' തുടങ്ങിയവയായിരുന്നു അവയിൽ ചിലത്. ഏററുമാനൂർ സോമദാസൻ, പി. ടി. ഭാസ്കരപ്പണിക്കർ, മൂർക്കോത്ത് കുഞ്ഞപ്പ എന്നിവരായിരുന്നു ലേഖനങ്ങൾ എഴുതിയിരുന്നത്. ബഹുജനങ്ങളെ നവീന വിജ്ഞാനവുമായി അടുപ്പിച്ച്, അവരിൽ പുതിയ ബോധം ഉളവാക്കുക എന്നതാണ് കോളജ് അധ്യാപകരുടെ കർത്തവ്യമെന്ന് 'ക്വാർട്ടർലി' ഓർമ്മപ്പെടുത്തി. 'വിപുലവും പരിവർത്തനത്തിനു പ്രേരകവുമായ സമരവും സംഘടനയും ഉണ്ടാകണമെങ്കിൽ പുതിയബോധം ജനങ്ങൾക്കുണ്ടാകണം' എന്നും 'ക്വാർട്ടർലി' വ്യക്തമാക്കി. 'എ കെ പി സി ടി എ ക്വാർട്ടർലി' രണ്ടാം ലക്കത്തിലാണ് സംഘടനയുടെ ഭരണഘടന അഥവാ ' മെമ്മോറാണ്ടം ഓഫ് അസ്സോസിയേഷൻ' പ്രസിദ്ധീകരിക്കുന്നത്. പ്രഗത്ഭരായ അധ്യാപക ശ്രേഷ്ഠർ നേതൃത്വം നൽകിയിരുന്നതുകൊണ്ട് 'എ കെ പി സി ടി എ ക്വാർട്ടർലി' ലക്കങ്ങൾ തോറും വളർന്നുകൊണ്ടിരുന്നു. അംഗങ്ങളുടെ വരിസംഖ്യ കൊണ്ടു മാത്രം നിലനിൽക്കാൻ കഴിയാതിരുന്നതുകൊണ്ട് പരസ്യങ്ങൾ ശേഖരിച്ചാണ് സാമ്പത്തിക പരാധീനത തരണം ചെയ്തിരുന്നത്.

## എ കെ പി സി ടി എ ബുള്ളററിൻ

1974 ജനുവരി മുതൽ 'ക്വാർട്ടർലി', 'എ കെ പി സി ടി എ ബുള്ളററിൻ' എന്ന പേരിലാണ് പുറത്തിറങ്ങിയത്. സംഘടനയിലൂടെ ജേർണലും, ജേർ




ണലിലൂടെ സംഘടനയും വളർന്നുവന്ന് കരുത്താർജ്ജിച്ചതിന്റെ ചിത്രമാണ് 'ബുള്ളററിനു'കളിലൂടെ നമുക്ക് കാണാൻ കഴിയുക. 'എ കെ പി സി ടി എ ബുള്ളററിൻ' അതിന്റെ ലക്ഷ്യങ്ങൾ ഇപ്രകാരം വ്യക്തമാക്കി

"The function of this Bulletin is three fold

1.To voice the grievances and demands of the teaching community of the higher levels of our educational set up;

2. To give a time picture of the struggles waged by that community; and

3.To stimulate purposeful thinking and meaningful discussion on problems of educational reconstruction and cultural revolution."




മേൽക്കാണിച്ച പ്രവർത്തനങ്ങൾക്ക് എതിരായ സാഹചര്യങ്ങളെയാണ് 'ബുള്ളററിൻ' നേരിട്ടുകൊണ്ടിരുന്നത്. ബുള്ളററിൻ ഒന്നാം ലക്കത്തിൽ ഇങ്ങനെ പറഞ്ഞു, "This Bullettin will try its best to clarify the issues before us, to highlight our demands and to give a fillip to the militant activities of the teachers of this state as well as to reflect the inspiring struggles outside."

1974 ൽ തിരുവനന്തപുരത്തു ചേർന്ന എ കെ പി സി ടി എ എട്ടാം കൺവൻഷൻ പാസ്സാക്കിയ 'അവകാശപത്രിക', 'എ കെ പി സി ടി എ ബുള്ളററിനി'ൽ ചേർത്തിരുന്നു. അധ്യാപകവർഗം പൊതുവായി നേരിട്ടുകൊണ്ടിരുന്ന വെല്ലുവിളികളെ ചർച്ചക്കു വിധേയമക്കുന്നതിനും 'ബുള്ളററിൻ ശ്രമിച്ചു. 'ബുള്ളററിൻ' ഇങ്ങനെ എഴുതി, "Teachers all over the country are dissatisfied. They are dissatisfied with the educational organisation which is out of turne with the democratic impulses of this age. They are dissatisfied with the present educational system which is but a continuation of the colonial system imposed upon us by our British "Masters". They are also dissatisfied with the meagre rewards they get for their onerous work." ആഗോളവ്യാപകമായി അധ്യാപകരുടെ കൂട്ടായ്മ ആവശ്യപ്പെട്ടുകൊണ്ട് റിച്ചാർഡ് ഗ്രീനോ (Richard Greenough) എഴുതിയ 'Some Aspects of Education in the Second Development Decade' എന്ന ലേഖനം 'ബുള്ളററിൻ' പ്രസിദ്ധീകരിച്ചിരുന്നു. എസ്. ശുക്ല എഴുതിയ 'Educational Elements in a Socialist Cultural Policy' എന്ന ലേഖനവും ഏറെ പ്രാധാന്യമർഹിക്കുന്നതായിരുന്നു. ഈ പശ്ചാത്തലത്തിലാണ് കോളജ് അധ്യാപകരുടെ അഖിലേന്ത്യാ സംഘടനയായ ഐഫക്ടോയുമായി എ കെ പി സി ടി എ ചേർന്നു പ്രവർത്തിക്കാൻ തുടങ്ങുന്നത്.

യൂണിവേഴ്സിററി ഉത്തരവുകൾ ചേർത്തുകൊണ്ട് 'എ കെ പി സി ടി എ ബുള്ളററിൻ' പ്രവർത്തനം വിപുലപ്പെടുത്തിയത് സംഘടനയുടെ മികച്ച ലെയ്സൺ പ്രവർത്തനം വഴിയായിരുന്നു. അക്കാദമിക് മേഖലയുമായി ബന്ധപ്പെട്ട ഏവർക്കും ഉപയോഗ്യമായ ഉത്തരവുകളാണ് 'ബുള്ളററിൻ' പ്രസിദ്ധീകരിച്ചിരുന്നത്. അധ്യാപകരുടെ അവസ്ഥയെ കുറിച്ച് ബുള്ളററിൻ എഡിറേറാറിയൽ എഴുതിയത് ഇങ്ങനെയാണ്, "We are all caught in a vortex of fears and anxieties. There lay scattered about us hopes thwarted, expectations belied and promises unfulfilled. The teachers of the country, along with other sections of

the toiling millions, find both their economic security and democratic rights hourly threatened. The situation presages a long period of agitation and struggles."

യു. ജി. സി. സ്കെയിൽ വേതനം കേരളത്തിൽ നടപ്പിലാക്കി കിട്ടുന്നതിനുവേണ്ട സമരം 1974 ലാണ് നമ്മുടെ സംഘടന ആരംഭിക്കുന്നത്. ഈ സമരത്തെ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയായിരുന്നു എ കെ പി സി ടി എ യുടെ പ്രസിദ്ധീകരണങ്ങൾ പ്രവർത്തനം ഊർജ്ജിതമാക്കിയത്. പ്രൊഫ. പി. നരേന്ദ്രൻ, പ്രൊഫ. ആർ. ആർ. സി., പ്രൊഫ. രവീന്ദ്രനാഥ്, പ്രൊഫ. ജോർജ് ഓണക്കൂർ, പ്രൊഫ. ടി. പി. മുഹമ്മദ് കുഞ്ഞി, പ്രൊഫ. ടി. എം. ജോസഫ്, പ്രൊഫ. ടി. ഗോപാലകൃഷ്ണൻ തുടങ്ങിയവരുടെ ചിട്ടയായ പ്രവർത്തനം നമ്മുടെ പ്രസിദ്ധീകരണങ്ങളെ മികവുററതാക്കി. പ്രൊഫ. ടി. ഗോപാലകൃഷ്ണനായിരുന്നു അന്നത്തെ ജനറൽ സെക്രട്ടറി. ജനറൽ സെക്രട്ടറിയുടെ പേരിൽ ഇങ്ങനെ എഴുതിയിരിക്കുന്നു, "അധ്യാപക സമൂഹം ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും, അവക്ക് പരിഹാരം തേടുന്നതിനും, വിദ്യാഭ്യാസ രംഗത്തുണ്ടാകേണ്ട അവശ്യം ആവശ്യമായ പരിഷ്ക്കാരങ്ങൾക്കും, സർവ്വോപരി ഭാവിഭാരതത്തിന്റെ ആശയാഭിലാഷങ്ങൾക്കുതകുന്ന തരത്തിലുള്ള ഒരു നൂതന വിദ്യാഭ്യാസ സംവിധാനം ആവിഷ്കരിക്കുന്നതിനും വേണ്ടിയുള്ള നമ്മുടെ പരിശ്രമങ്ങളുടെ ഭാഗമാണ് ഈ ബുള്ളററിൻ. ഈ സംരംഭം വിജയിക്കേണ്ടതും നിലനിന്നു പോകേണ്ടതും നമ്മുടെ ഒരാവശ്യമാണ്." അന്നത്തെ സംഘടനാ പ്രസിഡന്റായിരുന്നു പ്രൊഫ. ആർ. ആർ. സിയുടെ നേതൃത്വത്തിലാണ് ബുള്ളററിന്റെ സ്വഭാവത്തിൽ ഗുണപരമായ മാററം സംഭവിച്ചിരുന്നത്.

1977 നവംബർ ലക്കം 'ബുള്ളററിൻ' എ കെ പി സി ടി എ ഏറെറടുത്തിരുന്ന സമരമുഖത്തെ ദൃശ്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് പുറത്തിറങ്ങിയത്. കേരളത്തിലെ എയ്ഡഡ് കോളജ് അധ്യാപകരെ സമരശക്തിയാക്കുന്നതിൽ ഈ പ്രവണത ഏറെ സഹായിച്ചു. എൻ. എസ്. എസ് മാനേജ്മെന്റ് നടത്തുന്ന അധ്യാപക ദ്രോഹനടപടികൾ അവസാനിപ്പിക്കുന്നതിന് വേണ്ടി പൊരിവെയിലേററുകൊണ്ട് അധ്യാപകർ ധർണ്ണ നടത്തുന്നതും, പ്രകടനം നടത്തുന്നതുമായ ഫോട്ടോകൾ സംഘടനാംഗങ്ങളെ ആവേശം കൊള്ളിക്കുന്നവയായിരുന്നു. എ കെ പി സി ടി എ നടത്തുന്ന 'ധർമ്മസമരത്തെ' കൈകാര്യം ചെയ്യുന്നതിനുവേണ്ടി എൻ. എസ്. എസ് മാനേജ്മെന്റ് രംഗത്തിറക്കിയ 'കൂലിപ്പട' എന്തിനും തയ്യാറായി ഒരുങ്ങി നിൽക്കുന്ന ദൃശ്യവും 'ബുള്ളററിൻ' പ്രസിദ്ധീകരിച്ചിരുന്നു. എ കെ പി സി ടി എ വളർന്നുവന്നത് ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങളിലൂടെയാണെന്ന് 'ബുള്ളററിൻ' താളുകൾ വിശദമാക്കുന്നു.

'എ. കെ. പി. സി. ടി. എ. ക്വാർട്ടർലി' യെപ്പോലെയല്ലാതെ വലിയ ഇടവേളകളില്ലാതെയാണ് 'ബുള്ളററിൻ' പ്രസിദ്ധീകരിക്കപ്പെട്ടിരുന്നത്. അക്കാദമിക് മേഖലയുടെ പൊളിച്ചെഴുത്തും കോളജ് അധ്യാപകരുടെ അവകാശ സംരക്ഷണവും 'ബുള്ളററിൻ' ലക്ഷ്യമാക്കി പ്രവർത്തിച്ചു. അസോസിയേഷന്റെ യോഗതീരുമാനങ്ങൾ അറിയിക്കുക കൂടി ചെയ്തിരുന്ന 'എ കെ പി സി ടി എ ബുള്ളററിൻ' 'എക്കാലവും ഉപയോഗിക്കാവുന്ന ഒരു റഫറൻസ് രേഖ' എന്ന നിലക്കു തന്നെ വളർന്നുവന്നു.

## 'എ കെ പി സി ടി എ ബുള്ളററിൻ' ജേർണലാവുന്നു

1979 മുതൽ ബുള്ളററിൻ 'എ കെ പി സി ടി എ ജേർണൽ' എന്ന പേരിലാണ് പ്രസിദ്ധീകരിച്ചത്. 'എ കെ പി സി ടി എ ബുള്ളററിന്റെ' പത്താം ലക്കത്തിലാണ് ഈ മാററം വരുത്തിയത്. പ്രൊഫ. വി. എൻ. മുരളിയുടെ നേതൃത്വത്തിലാണ് 'എ കെ പി സി ടി എ ജേർണൽ' പ്രസിദ്ധീകരിച്ചു തുടങ്ങിയത്. പ്രൊഫ. ആർ. ആർ. സി., പ്രൊഫ. വി. നാരായണൻകുട്ടി, പ്രൊഫ. ടി. ഗോപാലകൃഷ്ണൻ, പ്രൊഫ. ജി. മാധവൻനായർ, പ്രൊഫ. ജോർജ് ഓണക്കൂർ തുടങ്ങിയ പത്രാധിപ സമിതിയാണ് ഇതിനായി പ്രവർത്തിച്ചത്. സംഘടനയുടെ സമരശക്തി വർദ്ധിച്ചതനുസരിച്ച് നമ്മുടെ മുഖപത്രത്തിനു വരുത്തേണ്ട ആവശ്യമായ മാററമായിരുന്നു ഇത്. ഒരു വിദ്യാഭ്യാസ മാധ്യമം എന്ന നിലക്ക് എ കെ പി സി ടി എ ജേർണലിലേക്കുള്ള മാററം എ കെ പി സി ടി എ യുടെ വളർച്ചയിലെ ഒരു നാഴികക്കല്ലായിരുന്നു. പ്രൊഫ. ആർ. ആർ. സി. പ്രസിഡന്റും, പ്രൊഫ. വി. നാരായണൻ കുട്ടി ജനറൽ സെക്രട്ടറിയുമായിരുന്ന കാലത്തായിരുന്നു ഈ പുരോഗതി കൈവരിച്ചത്.

## കേരള പ്രൈവററ് കോളജ് ടീച്ചർ

1979 ആഗസ്ററ് മാസം മുതൽ നമ്മുടെ മുഖപത്രം 'കേരള പ്രൈവററ് കോളജ് ടീച്ചർ' എന്ന പേരിലാണ് പുറത്തിറങ്ങിയത്. കോളജധ്യാപക പ്രസ്ഥാനത്തിനനുയോജ്യമായ രീതിയിൽ പ്രസിദ്ധം ചെയ്തിരുന്ന 'കോളജ് ടീച്ചർ' സംഘടനാ പ്രവർത്തനത്തിന്റെ നേർക്കു പിടിച്ച കണ്ണാടിയായിരുന്നു. ഉന്നത വിദ്യാഭ്യാസരംഗത്തെ നേരിയ ചലനംപോലും അധ്യാപകർക്കിടയിൽ എത്തിക്കുവാൻ നമ്മുടെ പ്രസിദ്ധീകരണത്തിനായി. പ്രൊഫ. കെ. സുകുമാരൻ നായർ ചീഫ് എഡിററും, പ്രൊഫ. കെ. പി. ദിവാകരൻ നായർ മാനേജിംഗ് എഡിററുമായി പ്രവർത്തിച്ചിരുന്ന കാലഘട്ടത്തിലാണ് ജേർണലിന്റെ ശൈലിയിലും ഘടനയിലും മാററങ്ങളുണ്ടായത്. വളർച്ചയുടെ ഏറെ വഴികൾ താണ്ടി സമകാലീന കേരളത്തിലെ അക്കാദമിക് മേഖലയിൽ ചർച്ചചെയ്യപ്പെടുന്ന ഒരു പ്രസിദ്ധീകരണമായി 'കോളജ് ടീച്ചർ' ഇന്ന് മാറിയിരിക്കുന്നു. കെട്ടിലും മട്ടിലും ഏറെ വികാസം പ്രാപിച്ച നമ്മുടെ പടവാളിന് ഇതര സംഘടനാ പ്രസിദ്ധീകരണങ്ങളെക്കാൾ ഏറെ മുന്നേറാൻ സാധിച്ചിട്ടുണ്ട്. 210-ാംലക്കം പുറത്തിറങ്ങുമ്പോൾ ജേർണൽ പ്രസിദ്ധീകരണത്തിന് നേതൃത്വം കൊടുക്കുന്നത് ചീഫ് എഡിററർ ഡോ. എസ്. ജയരാജ് കുമാറും, മാനേജിംഗ് എഡിററർ ഡോ. വി. ജയകുമാറുമാണ്. ശാസ്ത്രജാലകം, പുസ്തകലോകം, സർവ്വീസ്പംക്തി, വനിതാവേദി, ജില്ലാവാർത്തകൾ, ചരിത്രപഥങ്ങളിലൂടെ തുടങ്ങി ഏറെ സവിശേഷതകളോടെയാണ് ഇന്ന് 'കോളജ് ടീച്ചർ' അംഗങ്ങൾക്ക് ലഭ്യമാകുന്നത്. പ്രൈവററ് കോളജ് അധ്യാപകരെ കൂട്ടിയോജിപ്പിക്കുന്ന ഒരു കണ്ണി മാത്രമല്ല 'കോളജ് ടീച്ചർ'. ഉന്നത വിദ്യാഭ്യാസരംഗത്തെ മാററങ്ങൾക്ക് വഴിതെളിയിക്കാൻ നമ്മുടെ മുഖപത്രത്തിനു കഴിയേണ്ടതുണ്ട്. കേരളത്തിലെ കോളജുകൾ ഘടനാപരമായ മാററത്തിനു വിധേയമാകുന്ന ഈ സന്ദർഭത്തിൽ 'കോളജ് ടീച്ചറിന്റെ' ഉത്തരവാദിത്തം ഏറുകയാണ്. അധ്യാപകർക്കിടയിൽ ആശയപ്രചരണം നടത്തി കാമ്പസ്സുകളെ നവീകരിക്കുകയും സാമൂഹ്യതിന്മകൾക്കെതിരെ പോരാട്ടം സജീവമാക്കുന്നതിനും 'കോളജ് ടീച്ചർ' ശ്രമിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ പടവാളായ 'കോളജ് ടീച്ചർ' സംഘാടകനും, പ്രചാരകനും, സുഹൃത്തും മാത്രമല്ല, സ്വകാര്യ എയ്ഡഡ് കോളജ് അധ്യാപകരുടെ സംരക്ഷകൻ കൂടിയാണ്. ∎



Dr. P. S. Mohanakumar
*SS College, Kalady*

# One farmer's suicide every 30 minutes

On average, one Indian farmer committed suicide every 32 minutes between 1997 and 2005. Since 2002, that has become one suicide every 30 minutes. However, the frequency at which farmers take their lives in any region smaller than the country — say a single State or group of States — has to be lower. Because the number of suicides in any such region would be less than the total for the country as a whole in any year. Yet, the frequency at which farmers are killing themselves in many regions is appalling.

On average, one farmer took his or her life every 53 minutes between 1997 and 2005 in just the States of Maharashtra, Andhra Pradesh, Karnataka and Madhya Pradesh (including Chhattisgarh). In Maharashtra alone, that was one suicide every three hours. It got even worse after 2001. It rose to one farm suicide every 48 minutes in these Big Four States, and one every two and a quarter hours in Maharashtra alone. The Big Four have together seen 89,362 farmers' suicides between 1997 and 2005, or 44,102 between 2002 and 2005.

## Micro-insurance for BPL people in India

In a recently concluded international micro insurance conference in Mumbai, Finance Minister P. Chidambaram had asked the insurance companies to use India's strong and widespread post office network and around 60,000 bank branches to distribute micro-insurance to the poor. An important layer untouched by any insurance company is BPL households, whose income is below Rs. 15,000 annually or $1 a day. One half of rural India (50 to 60 per cent) have no bank account

These households in rural areas are either have a land of an acre or two or small shop owners, and live 'in perpetual debt.' Most micro insurance products available in India are concentrated on this lot, through NGOs and MFIs, to fulfil their targets accorded by the IRDA.

The households below the Rs. 15,000-mark are estimated to be around 20 to 30 crore households. They too live in perpetual debt with no bank account or insurance policies. In rural areas, this section never heard about road infrastructure, communication infrastructure or bank infrastructure. Government has to have a revolutionary approach to reach out micro finance and insurance to the poor and the poorest of the poor of the country like introducing finance and policies for tribal people and street children and also with the help of the corporate sector. Micro-insurance to the poor will be a right step to make growth inclusive.

ഡോ. എം.ആർ.സുദർശനകുമാർ
എം.ജി.കോളജ്, തിരുവനന്തപുരം

# 2007 ലെ പ്രധാന ശാസ്ത്രവാർത്തകൾ

**ജനുവരി ലക്കം ഡിസ്കവർ മാഗസിനിൽ 2007 ലെ നൂറ് പ്രധാന ശാസ്ത്രവാർത്തകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആദ്യ സ്ഥാനത്ത് വന്ന പത്ത് വാർത്താ ശകലങ്ങൾ ഈ പംക്തിയിൽ പ്രതിപാദിച്ചിരിക്കുന്നു.**

കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി വില കുറഞ്ഞ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന പ്രധാന രാജ്യമാണ് ചൈന. എന്നാൽ 2007 ൽ അവിടെ നിന്നും കയറ്റുമതി ചെയ്ത മലിനമായ ഭക്ഷ്യ ഉല്പന്നങ്ങൾ ചൈനയുടെ പ്രതിച്ഛായക്ക് മങ്ങലേല്പിച്ചു. ചൈനയിൽ നിന്നും ഇറക്കുമതി ചെയ്ത മെലാമിൻ (Melamine) കലർന്ന ഭക്ഷ്യ ഉല്പന്നം കഴിച്ച് അമേരിക്കയിലെ അനേകം വളർത്തുപൂച്ചകളും നായകളും ചാകാനിടയായത് വൻ വാർത്തയായി!

ആറ് വർഷം കോമയിലായിരുന്ന 31 വയസ്സുള്ള വ്യക്തി deep brain stimulator ഉപയോഗിച്ച് തലച്ചോറിൽ വൈദ്യുതി കടത്തിവിട്ടപ്പോൾ ജീവനിലേക്ക് തിരിച്ചു... ബോധം ക്ഷയിച്ച് വർഷങ്ങളായി കഴിയുന്ന ആയിരക്കണക്കിന് രോഗികളെ തിരിച്ച് ജീവിതത്തിലേക്ക് ...

## ECA International worldwide Cost of Living ranking 2007

ECA's Cost of Living Survey is carried out twice a year comparing a basket of 128 consumer goods and services commonly purchased by expatriates in over 300 locations worldwide. Multinational companies use the results to help compensate their internationally mobile staff. Living costs for expatriates are affected by inflation, availability of goods and exchange rates, all of which can have a significant impact on expatriate remuneration packages. The most costlier city in the world is Luanda in Angola and Mumbai in India, followed by New Delhi and Chennai. The price of a four bed-room residential flat( 3475 square foot ) in Mumbai at Nariman point is Rs. 34 crores at a per square foot rate of nearly Rs. 1 lakh.

### Most expensive cities worldwide

| Rank Sept 2007 | Location | Country |
|---|---|---|
| 1 | Luanda | ANGOLA |
| 2 | Oslo | NORWAY |
| 3 | Moscow | RUSSIA |
| 4 | Stavanger | NORWAY |
| 5 | Copenhagen | DENMARK |
| 6 | Kinshasa | CONGO DEMOCRATIC REP. |
| 7 | Seoul | KOREA REPUBLIC |
| 8 | Libreville | GABON |
| 9 | Geneva | SWITZERLAND |
| 10 | Central London | UNITED KINGDOM |
| 24 | Mumbai | INDIA |
| 25 | New Delhi | INDIA |
| 27 | Chennai | INDIA |
| 28 | Hyderabad | INDIA |
| 30 | Kolkata | INDIA |
| 31 | Pune | INDIA |
| 37 | Bangalore | INDIA |

## Monthly Tips

### Nominal Interest Rates vs. Real Interest Rates

Generally a real variable, such as the real interest rate, is one where the effects of inflation have been factored in. A nominal variable is one where the effects of inflation have not been accounted for. The relationship between the nominal interest rate, inflation, and the real interest rate is described by the Fisher Equation: **Real Interest Rate = Nominal Interest Rate - Inflation**

Suppose we buy a 1 year bond for face value that pays 6% at the end of the year. We pay Rs100 at the beginning of the year and get Rs106 at the end of the year. Thus the bond pays an interest rate of 6%. This 6% is the nominal interest rate, as we have not accounted for inflation.

Now suppose the inflation rate is 3% for that year. We can buy a basket of goods today and it will cost Rs100, or we can buy that basket next year and it will cost Rs103. If we buy the bond with a 6% nominal interest rate for Rs100, sell it after a year and get Rs106, buy a basket of goods for Rs103, we will have Rs3 left over. So after factoring in inflation, our Rs100 bond will earn us Rs3 in income; a real interest rate of 3%.



Deep brain stimulator

കൊണ്ടുവരാനാകുമെന്ന് ഈ കണ്ടെത്തൽ പ്രത്യാശ നൽകുന്നു.

സൗരയൂഥത്തിന് വെളിയിൽ കണ്ടെത്തിയ ഒരു ഗ്രഹമാണ് 189733 ബി. ഒരു മഞ്ഞ നക്ഷത്രത്തെ വലയം ചെയ്യുന്ന ഒരു വാതകഭീമനാണ് ഈ ഗ്രഹം. 63 പ്രകാശവർഷം അകലെയാണ് ഈ ഗ്രഹം. സൗരയൂഥത്തിനു വെളിയിലുള്ള ഗ്രഹങ്ങളിൽ ആദ്യമായി കാലാവസ്ഥാ ചിത്രം തയ്യാറാക്കിയത് ഈ ഗ്രഹത്തിന്റെയാണ്. ഹാർവാർഡ് സർവകലാശാലയിലെ Heather Knutson നും സംഘവുമാണ് ഈ ചിത്രം തയ്യാറാക്കിയത്.

ഉത്തരധ്രുവത്തിലെ കടലിന്റെ അടിത്തട്ടിൽ റഷ്യയുടെ അന്തർവാഹിനി ജോഡികളായ 18 ടൺ ഭാരമുള്ള മിർ - 1 ഉം മിർ - 2 ഉം മുങ്ങിച്ചെന്ന് റഷ്യയുടെ പതാകയടങ്ങിയ ടൈറ്റാനിയം കാപ്സ്യൂൾ സ്ഥാപിച്ചു. റഷ്യൻ പാർലമെന്റംഗവും പര്യവേക്ഷകനുമായ Artur Chiligarov ആണ് ആദ്യത്തെ അന്തർവാഹിനി ഓടിച്ചത്. "ആർട്ടിക്കിലെ ഒരു ശാസ്ത്ര ശക്തിയാണ് റഷ്യ' എന്ന് സ്ഥാപിക്കാനാണ്' ഈ പര്യടനം നടത്തിയതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. രാഷ്ട്രങ്ങൾ തമ്മിൽ ഒരു പുതിയ മത്സരത്തിന് ഇത് വഴിതെളിച്ചേക്കാം.

Food and Drug Aministration (FDA) അംഗീകരിച്ച മരുന്നുകളുടെ പാർശ്വഫലങ്ങൾ വൻവാർത്ത സൃഷ്ടിച്ചു. 1998 നും 2005 നുമിടയിൽ മരുന്നുകളുടെ ഗുരുതരമായ പാർശ്വഫലവും മരണവും മൂന്നിരട്ടിയായി വർദ്ധിച്ച് ഏകദേശം 90,000 ആയി. പ്രമേഹ ചികിത്സയ്ക്ക് 1999 ൽ FDA അംഗീകരിച്ച 'Avandia' എന്ന ഔഷധം ഹൃദയാഘാതത്തിന്റെ സാധ്യത മുപ്പതു മുതൽ നാല്പതു ശതമാനം വരെ വർദ്ധിപ്പിക്കുമെന്ന് Cleveland Clinic ലെ ഹൃദ്രോഗ വിദഗ്ദ്ധൻ Steven Nissen അറിയിച്ചതും കഴിഞ്ഞ വർഷമാണ്. 'Ketek' എന്ന ആന്റിബയോട്ടിക്കിന്റെയും അനീമിയക്ക് വ്യാപകമായി ഉപയോഗിക്കുന്ന ഒരു ഔഷധത്തിന്റെയും സുരക്ഷിതത്വം കോൺഗ്രസിൽ സാക്ഷ്യപ്പെടുത്തുവാൻ ആവശ്യപ്പെട്ടതും FDA യുടെ പ്രതിഛായയ്ക്ക് മങ്ങലേൽപ്പിച്ചു.

ചെറിയ ഒരു കാര്യത്തിനുപോലും വലിയ മാറ്റം സൃഷ്ടിക്കാനാവും. 'Alliance to Save Energy' എന്ന സംഘടനയുടെ അഭിപ്രായപ്രകാരം കാര്യക്ഷമമായ പ്രകാശ സംവിധാനമുപയോഗിച്ചാൽ വർഷംതോറും 158 ദശലക്ഷം ടൺ കാർബൺ പുറന്തള്ളുന്നത് കുറയ്ക്കാനാവും. 80 കൽക്കരി താപനിലയങ്ങൾ പുറന്തള്ളുന്ന കാർബണ് സമാനമാണിത്. ഉദാഹരണത്തിന്, സാധാരണ ബൾബുകളേക്കാൾ 75 ശതമാനം കുറച്ച് ഊർജ്ജമാണ് Compact fluorescent Lamps (CFL) ഉപയോഗിക്കുന്നത്. കൂടാതെ അവ പത്തിരട്ടി സമയം നിലനിൽക്കുകയും ചെയ്യും. ലോകമാകമാനം ഇത് സ്വീകരിക്കുകയാണെങ്കിൽ ക്യോട്ടോ ഉടമ്പടിയിൽ നിശ്ചയിച്ച കാർബൺ പുറന്തള്ളുന്നത് കുറയ്ക്കുന്നതിന്റെ എഴുപതു ശതമാനവും ഈ ഒരൊററ നടപടികൊണ്ട് സാധ്യമാകുമെന്ന് കണക്കാക്കപ്പെടുന്നു!

ജ്യോതി ശാസ്ത്രജ്ഞരുടെ അഭിപ്രായത്തിൽ പ്രപഞ്ചത്തിന്റെ 90% ഉം നിർമ്മിച്ചിരിക്കുന്നത് തമോദ്രവ്യം കൊണ്ടാണ്. നമുക്ക് കാണാവുന്ന സ്പർശിക്കാവുന്ന ദ്രവ്യം ഭൂമിയിലും ഭൂമിക്കപ്പുറവും വളരെ അപൂർവമാണ്! സാധാരണ ദ്രവ്യവുമായി പ്രതിപ്രവർത്തിക്കാത്ത ഈ 'തമോദ്രവ്യം' പ്രകാശം പുറപ്പെടുവിക്കുകയോ, പ്രതിഫലിപ്പിക്കുകയോ ചെയ്യുകയില്ല. ഗുരുത്വാകർഷണം ഒന്നു മാത്രം കൊണ്ട് വെളിവാകുന്ന ഈ തമോദ്രവ്യം ആദ്യഘട്ടത്തിലെ പ്രപഞ്ചത്തിന്റെ പരിണാമത്തിനു കാരണമായി. ഇപ്പോഴും ഗാലക്സികളുടെ സഞ്ചാരത്തിനു കാരണമായ തമോദ്രവ്യ കണങ്ങളെ കണ്ടെത്തുവാനുള്ള ഭൂമിയിൽ നടത്തിയ പരീക്ഷണങ്ങൾ ഫലവത്തായിട്ടില്ല.

കണരോഗത്തിനെ പ്രതിരോധിക്കുന്ന വിററാമിനാണ് 'വിററാമിൻ ഡി'. വിററാമിൻ ഡിയുടെ പുതിയ ഗുണങ്ങൾ Boston University Medical Centre ലെ Michel F. Holick വിററാമിൻ ഡി യുടെ ഗുണങ്ങൾ പ്രതിപാദി



189733 B

ച്ചു. കഴിഞ്ഞ വർഷം സെപ്ററംബർ 4 ന് Craig Venter എന്ന ശാസ്ത്രസംഘാടകനും വ്യവസായസംരംഭകനും തന്റെ ഡി. എൻ. എ യുടെ ക്രമം പൂർണമായി പ്രസിദ്ധീകരിച്ചു. ആദ്യമായിട്ടാണ് ഒരു വ്യക്തിയിതു ചെയ്യുന്നത്. ഇത് അനുകരിക്കുവാനൊരാൾക്ക് ഏഴു കോടി ഡോളർ (ഇരുനൂററി എഴുപത്തിയാറ് കോടി രൂപ) ചെലവാകും!

68 ദശലക്ഷം വർഷം പഴക്കമുള്ള Tyranno scurus rex ന്റെ അസ്ഥിമജ്ജയിലെ പ്രോട്ടീന്റെ ക്രമം North Carolina State University യിലെ Mary Schweitzer പ്രസിദ്ധീകരിച്ചു.

ഡോ. പി.ശിവദാസൻ
എസ്.എൻ.കോളജ്, കൊല്ലം




# 'കോളജ് ടീച്ചർ' ഒരു ചരിത്രാന്വേഷണം

എ കെ പി സി ടി എ യുടെ വളർച്ചയിൽ നിസ്തുല പങ്ക്‌വഹിച്ചത് 'കോളജ് ടീച്ചർ' ആയിരുന്നു. സംഘടനയുടെ ആശയങ്ങൾ പ്രചരിപ്പിക്കുക മാത്രമല്ല, അംഗങ്ങളുടെ സുരക്ഷക്കുവേണ്ടി പോരാട്ടം നടത്തിയതും നമ്മുടെ പ്രസിദ്ധീകരണമായ 'കോളജ് ടീച്ചർ' ആയിരുന്നു. സർവ്വീസ് സംഘടന എന്ന നിലക്ക് പ്രതിസന്ധികൾ ഉണ്ടായപ്പോളെല്ലാം തന്നെ നമ്മുടെ വാളും പരിചയുമായി വർത്തിച്ചത് ഈ മാസികയാണ്. ഇതര സർവ്വീസ് സംഘടനകളുടെ മുഖപത്രങ്ങൾക്ക് നേടാൻ കഴിയാത്ത വിജയമാണ് നാം 'കോളജ് ടീച്ചർ' വഴി നേടിയെടുത്തത്.

എ കെ പി സി ടി എ യുടെ മുഖപത്രമായ 'കോളജ് ടീച്ചർ' കെട്ടിലും മട്ടിലും അസൂയാവഹമായ പുരോഗതി കൈവരിച്ചു കഴിഞ്ഞിരിക്കുന്നു. സംഘടനാംഗങ്ങൾക്കു മാത്രമല്ല പൊതുവായനക്കാർക്കിടയിലും ഏറെ പ്രിയപ്പെട്ട മാസികയായി 'കോളജ് ടീച്ചർ' ഇന്ന് സ്ഥാനം പിടിച്ചിരിക്കുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്ത് വന്നുകൊണ്ടിരിക്കുന്ന അല്ലെങ്കിൽ വരുത്തേണ്ടതായിട്ടുള്ള മാററങ്ങൾക്ക് ചർച്ചാവേദിയായി നമ്മുടെ പ്രസിദ്ധീകരണം കേരളത്തിലെ പൊതുമണ്ഡലത്തിൽ നിലയുറപ്പിച്ചതായി കാണാം. നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന പത്രാധിപസമിതിയും മാനേജ്മെന്റ് സംവിധാനവും ഈ വളർച്ചക്കു ഹേതുവായി. ദീർഘനാളത്തെ വളർച്ചയിലൂടെയാണ് നാം ഈ അവസ്ഥയിൽ എത്തിച്ചേർന്നത്. പ്രൈവററ് കോളജ് അധ്യാപകരുടെ ഏററവും വലിയ സംഘടിത പ്രസ്ഥാനമായ എ കെ പി സി ടി എ യുടെ കരുത്തുകൊണ്ടാണ് ഈ നേട്ടമുണ്ടായത്. നമ്മുടെ സംഘടന അൻപതുവർഷം പൂർത്തിയാക്കുമ്പോൾ 'കോളജ് ടീച്ചർ' പിന്നിട്ട കാൽപ്പാടുകൾ അന്വേഷിച്ചറിയുന്നതിന്റെ പ്രാധാന്യം വിലപ്പെട്ടതാണ്.

### ജേർണൽ ഓഫ് ട്രാവൻകൂർ ടീച്ചേഴ്സ് യൂണിയൻ

കേരളത്തിലെ കോളജ് അദ്ധ്യാപകരെ പ്രതിനിധാനം ചെയ്ത ആദ്യ സംഘടനാമാസിക 'ജേർണൽ ഓഫ് ദ ട്രാവൻകൂർ ടീച്ചേഴ്സ് യൂണിയൻ' ആയിരുന്നു. സാമൂഹ്യമാററത്തിന്റെ മുൻനിരപ്പോരാളികളായി അധ്യാപകവർഗം മാറിയതോടെ വർഗബോധത്തിന്റെ കെട്ടുറപ്പിൽ സംഘടനകളും വളർന്നുവന്നു. 'ടീച്ചേഴ്സ് ഗിൽഡ്', 'ഉപാദ്ധ്യായൻ' (The Teacher) തുടങ്ങിയ മാസികകൾ അധ്യാപകവർഗത്തെ ഉത്ബോധിപ്പിച്ചിരുന്നു. കാലികമായ പ്രാധാന്യത്തോടെ പാഠ്യപദ്ധതി പരിഷ്കരിച്ചു കൊണ്ട് സാമൂഹ്യമാററം സാധ്യമാക്കുകയായിരുന്നു ഈ പ്രസിദ്ധീകരണങ്ങളുടെ ലക്ഷ്യം. 1920 ൽ ആരംഭിച്ച 'ട്രാവൻകൂർ ടീച്ചേഴ്സ് യൂണിയ'ന്റെ മാസികയാണ് വർഗബോധത്തിന്റെ തണലിൽ ഒരു പ്രസിദ്ധീകരണം ആരംഭിക്കുന്നത്. 1922 ലാണ് 'ജേർണൽ ഓഫ് ദ ട്രാവൻകൂർ ടീച്ചേഴ്സ് യൂണിയൻ' നിലവിൽ വന്നത്. വിദ്യാഭ്യാസ ചർച്ചകൾക്കും അവകാശസംരക്ഷണത്തിനും ഏറെ സംഭാവനകൾ നൽകുവാൻ ഈ ജേർണലിനായി. അധ്യാപക പ്രസ്ഥാനങ്ങളുടെ പിന്നീടുള്ള വളർച്ചയിൽ മാതൃകയാകുവാൻ ഈ പ്രസിദ്ധീകരണത്തിനു കഴിഞ്ഞു. കോളജ് അധ്യാപകനും സമൂഹവും കൂട്ടായി പ്രവർത്തിക്കുവാനുള്ള അവസരം ഈ മാസിക ഒരുക്കി. സർവ്വീസ് പ്രശ്നങ്ങളെപ്പോലെ തന്നെ കോളനി - സാമ്രാജ്യത്വ ശക്തികൾക്കെതിരെ പോരാടുന്നതിനും അധ്യാപകർ പ്രവർത്തനം നടത്തി. ജാതീയതക്കും ജന്മിത്വത്തിനുമെതിരെയുള്ള പോരാട്ടം ബലപ്പെടുത്തുന്നതിൽ നമ്മുടെ പൂർവ്വികർ വഹിച്ച പങ്ക് താരതമ്യങ്ങളില്ലാത്തതാണ്.

Prof. Sukhadeo Thorat
Chairman, University Grants Commission,

# Quality, Access and Social Justice in Higher Education

Full text of the speech at the The National Seminar Organized by The Kerala State Higher Education on 1 st and 2nd February 2008

His Excellency Shri R.L. Bhatia, Governor of Kerala; Shri M.A. Baby, Hon'ble Minister for Education and Culture, Govt. of Kerala; Prof. K.N. Panikkar, Vice Chairman, Kerala State Higher Education Council; Prof. Thomas Joseph, Member Secretary, Kerala State Higher Education Council, and ladies and gentlemen.

I am indeed glad that the Kerala State Higher Education Council is organizing a National Seminar on Quality, Access & Social Justice in Higher Education amongst administrators and academics of the Universities and Colleges in Kerala. This is an appropriate platform to discuss and debate on emerging trends in higher education in the country, and in particular to examine critically the state of higher education in Kerala I hope this mutually beneficial dialogue will enable us to explore the ways for enhancing the quality of higher education in the state by taking into account the ideas debated at the national level.

## Introduction

Let me begin by sharing with you the progress of higher education in India and the emerging issues. Higher education in India has expanded many folds since independence. The number of universities has increased from 20 in 1947 to 414, colleges from 500 to 19000, teaching staff from a meager 15, 000 to nearly 4.80 Lakhs and student population in higher education from 1 Lakh in 1950 to over 112 Lakh in 2007. Many fold expansion in institutional capacity of higher education has enhanced enrolment ratio from less than 1 % in 1950 to about 10 % in 2007.

These developments notwithstanding, it is strongly felt that there are a number of challenges that need to be addressed urgently. The foremost priority, at this juncture appears to be enhancing access to higher education. At the same time the enhancement in enrolment ratio has to come with equal opportunity and inclusiveness and quality education. Therefore access, inclusiveness and quality are the key issues confronting higher education. The higher education system also requires academic and administrative reforms to offers quality education and promotes excellence.

The strategy proposed by the MHRD /UGC - The main focus in 11th Plan is to expand higher education so as to enhance access with quality, inclusion, and relevance and also introduce academic and administrative reforms of universities and college system.

**Expansion in the enrolment from 10% to 15%** : Access to higher education in India at the present level of 10% compares poorly with the world average of 23% and 40% to 60% in developed and many developing countries. Given the international experience that a enrolment of 20-25 percent is a necessity for sustainable economic development, the foremost priority is placed in enhancing enrolment rate such that the GER is raised to this threshold level. The 11th Plan has, therefore, set the target GER of 15 percent to be achieved by 2012.

**Inclusion, that is to increase enrolment of regions and groups with lower enrolment ratio:**

The 11th Plan strategy for inclusion recognised three imbalances namely inter-

regional, inter-social group and gender. Plan proposed some measures to reduce these imbalances.

